ILAYUM VEDOM EZHUTHACHAN

32J81

957
32J81

32 J81
CHAN
erum
195563
9Z7
32J81
MUL
195563
NO. 3. BOMMULU IYER ST.

**Madras Univer**

Call Numbe

Accession N

Available for

This book sh
the date la

5 NOV 1978

61

225

# ഇലയും വേരും

NATIONAL B... STALL
SPCS LTD
BR. KOTTAYAM

# ILAYUM VERUM

(ESSAYS)

K. N. EZHUTHACHAN

1_50

PUBLISHERS

CURRENT BOOKS, TRICHUR.

# ഇലയും വേരും

[ലേഖനങ്ങൾ]

കെ. എൻ. എഴുത്തച്ഛൻ

1_50

പ്രസാധകർ

കറൻറ് ബുക്സ്, തൃശ്ശൂർ.

First Impression

Copies 1000, January 1958.

Cover: SANKAR BLOCKS Co.

Cover Ptg: VIJAYAKERALA PRESS.

195563

9r87

32J81

(Rights Reserved)

Printed at KERALA PRINTERS, TRICHUR.

## ഉള്ളടക്കം


.... ആര്യന്മാർക്കും ദ്രാവിഡർക്കും മുമ്പ്

.... ബുദ്ധമതവും കേരളവും

.... 'അഞ്ചുവണ്ണവും മണിക്കിരാമവും'

.... ബ്രാഹ്മി

.... തുളുകേരളബന്ധങ്ങൾ

.... പാലിസാഹിത്യം

# ആൎയ്യക്കും ദ്രാവിഡക്കും മുമ്പ്

സംസ്കൃതത്തിൽനിന്നും പ്രാകൃതങ്ങളിൽനിന്നും അനവധി പദങ്ങൾ ദ്രാവിഡഭാഷകളിൽ സംക്രമിച്ചിട്ടുണ്ടെന്നു് എല്ലാവൎക്കും അറിയാം. എല്ലാ പദങ്ങൾക്കും എന്തെങ്കിലും ഒരു വ്യുല്പത്തി കണ്ടുപിടിക്കുന്ന പതിവ് സകല ഭാഷക്കാരിലും ഉണ്ടു്. സംസ്കൃതവൈയാകരണന്മാരിൽ ശാകടായനപ്രഭൃതികൾ വ്യുല്പത്തിവാദികളത്രെ. എല്ലാ പദങ്ങളും സാൎത്ഥകമായ ചില ധാതുക്കളിൽനിന്നുണ്ടാകുന്നുവെന്നാണു് ഇവരുടെ വാദം. ഇതു് അതിർകവിഞ്ഞ ഒന്നാണെന്നും, ഭാഷയിൽ അനിരുക്തസ്വരൂപങ്ങളായ പദങ്ങൾ ധാരാളമാണെന്നും മറേറ കക്ഷിക്കാർ വാദിക്കുന്നു. "തദശിഷ്യം സംജ്ഞാപ്രമാണത്വാൽ", "ഉണാദയോ ബഹുലം" തുടങ്ങിയ സൂത്രങ്ങൾ പാണിനി ഈ രണ്ടാംചേരിയിൽപെട്ട ആളാണെന്നു സൂചിപ്പിക്കുന്നുണ്ടു്. "നാമ ച ധാതുജമാഹ നിരുക്തേ വ്യാകരണേ ശകടസ്യ ചതോകം" എന്നകാരികയിൽ പതഞ്ജലിയും സൂചിപ്പിക്കുന്നതു് ഇതുതന്നെ.

ഏതായാലും എല്ലാ സംസ്കൃതപദങ്ങൾക്കും എന്തെങ്കിലും തരത്തിലുള്ള വ്യുൽപത്തി കണ്ടുപിടിച്ചു കൃതാൎത്ഥതനേടുന്ന പതിവ് ഇന്നും നമുക്കുണ്ട്. പലപ്പോഴും ഇതു വളരെ കൃത്രിമമായിപ്പോയിട്ടുള്ളതും കാണാം. സാധാരണ വീട്ടുപേരുകളും ദേശനാമങ്ങളും കൂടി പണ്ടു സംസ്കൃതത്തിലാക്കിയിരുന്നു. സാധാരണ പദങ്ങളെയെല്ലാം ആഗമികമായി സംസ്കൃതത്തോട്ട് ബന്ധിപ്പാനായിരുന്നു മുമ്പത്തെ ശ്രമം. എന്നാൽ സംസ്കൃതത്തിൽനിന്നു ദ്രാവിഡഭാഷകൾ ധാരാളം പദങ്ങൾ എടുത്തിട്ടുള്ളപോലെ ദ്രാവിഡത്തിൽനിന്നു സംസ്കൃതവും എത്രയോ പദങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് ക്രമത്തിൽ തെളിഞ്ഞുവന്നു. നീരം, കേയൂരം, പുത്രൻ, മക്ടം, വിരളം തുടങ്ങിയ അനവധി പദങ്ങൾ ഇങ്ങനെ ദ്രാവിഡത്തിൽനിന്നു ആൎയ്യന്മാർ സ്വീകരിച്ചവയാണത്രെ. പദങ്ങൾ മാത്രമല്ല, വ്യാകരണകാൎയ്യങ്ങൾകൂടി ഇങ്ങനെ പകൎന്നിട്ടുണ്ടെന്നു ഊഹിക്കപ്പെട്ടിരിക്കുന്നു. ആൎയ്യഭാഷകളുടെ ഈ കടപ്പാടിനുള്ള കാരണം അറിവാൻ പ്രയാസമില്ല. ഇന്ത്യയിൽ വിദേശത്തുനിന്നെത്തിയ ആൎയ്യവൎഗ്ഗം സാധാരണ വ്യവഹാരത്തിൽ ആവശ്യമായ എത്രയോ പദങ്ങൾ തങ്ങൾ കീഴടക്കിയ വൎഗ്ഗക്കാരിൽനിന്നു സ്വീകരിച്ചിരിക്കാം. ആയിരമായിരം കൊല്ലങ്ങളായി നിലനിന്നുവരുന്ന സാഹചൎയ്യം ഭാഷയിലും, മററു സംഗതികളിലെന്നപോലെ, ധാരാളം കൊള്ളക്കൊടുക്കകൾക്ക് ഇടവരുത്തിയെന്നതിൽ ആശ്ചൎയ്യത്തിന്നവകാശമില്ല.

## മുണ്ഡഭാഷകൾ

അടുത്തകാലത്തായി പണ്ഡിതന്മാരുടെ ശ്രദ്ധ ആൎയ്യദ്രാവിഡഭാഷകളുടെ വലയത്തിനുള്ളിൽനിന്നു പുറത്തു കടന്നിരിക്കുകയാണ്. ആ രണ്ടു പരിഷ്കൃതഭാഷകളും, അതിന്നുമുമ്പ് ഇന്ത്യയിൽ നിലവിലിരുന്ന ഭാഷകളോടെങ്ങനെ കടപ്പെട്ടിരിക്കുന്നു എന്നാണിപ്പോഴത്തെ അന്വേഷണം. ആൎയ്യദ്രാവിഡഭാഷകൾക്കു

പുറമെ ആസ്ത്രോ-ഏഷ്യാററിക് എന്ന് ഫാദർ ഷ്മിഡ്ററ് വിളിക്കുന്ന ഗോത്രത്തിൽപ്പെട്ട ഭാഷകളും ഇന്ത്യയിലുണ്ട്. ആസ്ത്രിക്, ആസ്ത്രോ-നേഷ്യൻ എന്നെല്ലാം പറയുന്നതു് ഈ ഗോത്രത്തെയാണു്. മദ്ധ്യേന്ത്യയിൽ ഛോട്ടാ നാഗപ്പൂരിലും മററും താമസിക്കുന്ന മുണ്ഡർ അഥവാ കോളുകരം ഈ ഭാഷകരം സംസാരിക്കുന്നു. ഈ വർഗ്ഗക്കാർ ഇന്ത്യയിൽ വളരെയധികം സ്ഥലങ്ങളിലൊരു കാലത്തു് പരന്നുകിടന്നിരുന്നുവെന്നും, അവരുടെ ശാഖകരം ആസാം, മലയ, സുമാത്ര, ജാവ തുടങ്ങിയ പൂർവ്വേഷ്യൻ പ്രദേശങ്ങളിലെല്ലാം താമസിച്ചിരുന്നുവെന്നും ആണു് പറയപ്പെടുന്നതു്. ആര്യന്മാർ ഈ ദ്രാവിഡേതരവർഗ്ഗത്തെ നിഷാദർ എന്നു വിളിച്ചുവന്നു. വർഗ്ഗപരമായി ഇപ്പോരം ദ്രാവിഡരും മുണ്ഡരും തമ്മിൽ തിരിച്ചറിവാൻവയ്യാത്തവിധം ഒന്നായിച്ചേർന്നിട്ടുണ്ടെങ്കിലും, രണ്ടു കൂട്ടരുടേയും ഭാഷകരം ഇപ്പോഴും വേറിട്ടുനില്ക്കുന്നു. ആര്യദ്രാവിഡന്മാരുടെ ആക്രമണംകൊണ്ടു് ആകൃതിയിലും പ്രകൃതിയിലും ധാരാളം മാററം വന്നിട്ടുണ്ടെങ്കിലും പന്ത്രണ്ടോളം ഉപഭാഷകരം ഇപ്പോഴും ഉള്ളൊരു വിസ്തൃതഭാഷാഗോത്രമാണു് മുണ്ഡം. ഖാസി, (മോൺഖ്മേർയിലെ ചില ഭാഷകരം) അന്നാമെററ് തുടങ്ങിയ പൂർവ്വേഷ്യൻ ഭാഷകളോടു് ഇതിന്നുള്ള ബന്ധം ഇന്നു സുസമ്മതമാണു്. ഇന്ത്യൻ അതിർത്തികളിൽ സംസാരിക്കുന്ന ടിബററോ-ബർമ്മീസ് ഭാഷകരം ചൈനീസ്ഗ്രൂപ്പിലാണു് പെടുന്നതു്. മുണ്ഡയ്ക്കു് അവയോടു് ബന്ധമില്ല. ആധുനികപണ്ഡിതന്മാരുടെ ശ്രദ്ധ മുമ്പു പറഞ്ഞ പോലെ ആര്യദ്രാവിഡങ്ങരം മുണ്ഡഭാഷാഗോത്രത്തോടു് എത്രമാത്രം കടപ്പെട്ടിട്ടുണ്ടു് എന്നു കണ്ടുപിടിക്കുന്നതിൽ മുഴുകിയിരിക്കുകയാണിപ്പോരം. സഹസ്രാബ്ദങ്ങരംക്കുമുമ്പു് കിഴക്കൻ പ്രദേശങ്ങളിൽനിന്നു പല പ്രാവശ്യമായി എത്രയോ ജനവർഗ്ഗങ്ങരം ഇന്ത്യയിൽ കുടിയേറിപ്പാർത്തിട്ടുണ്ടെന്നും വാണിജ്യാദികരംവഴിക്കു് ഈ പരസ്പരബന്ധം എത്രയോ നൂററാണ്ടുകളോളം തുടർന്നുവന്നിട്ടുണ്ടെന്നും ഉള്ള സംഗതികരം ഇന്നു സുസമ്മതമാണു്.

ജീൻ പ്രിസിലുസ്കി (Jean Przyluski) താഴെ ചേർത്ത സംസ്കൃതപദങ്ങൾ യഥാർത്ഥത്തിൽ ആസ്ട്രോ-ഏഷ്യാററിക്ക് ഗോത്രത്തിൽ പെട്ടവയാണെന്നു പറയുന്നു. *

1. കദലി—മലയൻഭാഷകളിൽ വാഴക്ക് കെലൂയ് (ഗ്ലൂയ്) കെലുവി, തെലൂയ്, തെലെയ്, ക്ലെ, ത്ലെയ് ഇങ്ങനെ പേരുകളുണ്ട്. ഖ്മേർഭാഷയിൽ തലോയ് എന്നാണ് രൂപം. ക-ലി എന്നും ത-ലി എന്നും രണ്ട് പ്രകൃതികൾ ഉണ്ടായിരിക്കണമെന്നാണൂഹം. ന, ദ എന്നീ അക്ഷരങ്ങൾ പദങ്ങളുടെ നടുവിൽ ചേർക്കുന്ന ഒരേർപ്പാട് ആസ്ട്രോ-ഏഷ്യാററിക്ക്ഭാഷകളിൽ സാധാരണയാണ്. 'ക-ലി'യെ ആസ്പദമാക്കി കദലി, കന്ദലി എന്നിവപോലെ 'ത-ലി'യെ ആശ്രയിച്ച് തന്ദലി എന്നൊരു രൂപവും പണ്ടുണ്ടായിരുന്നു. (കദലിയാണ് സംസ്കൃതത്തിൽ. കദളി ഉച്ചാരണവിശേഷമാണെന്നു സ്പഷ്ടം.)

2. ബാലം, കംബലം, സാംബലം—മലയൻഭാഷകളിൽ ബുലു, ബലൗ, പൊലോക്, കോവൽ തുടങ്ങിയ വളരെ പദങ്ങൾ കാണുന്നുണ്ട്. ബല, ബുലു ഇങ്ങനെ രോമം എന്ന അർത്ഥത്തിൽ ഒരു ആസ്ട്രോ-ഏഷ്യാററികപദമുണ്ടായിരുന്നുവെന്നാണ് ഊഹം. സംസ്കൃതത്തിലെ 'ബാല'വും 'വാല'വും പ്രസിദ്ധമാണല്ലൊ. ഋഗ്വേദത്തിൽ 'വാര'വും കാണും. അനുനാസികസംസർഗ്ഗത്തോടുകൂടിയ 'ബല'ത്തിന്റെ മുമ്പിൽ 'കം' ചേർത്തതാണ് കംബലം. പരുത്തിയുടെ പര്യായമായി ശിംബലം വേദത്തിലുണ്ട്. ഇതു പാലിയിലും കാണുന്നു. രോമസാദൃശ്യമുള്ളതാകാം ഇതിനു കാരണം. സംസ്കൃതത്തിലെ ശാൽമലിയും ഈ കൂട്ടത്തിൽ പെടുമെന്നു തോന്നുന്നു. ഏതായാലും ഒരു 'ബല'യാണ് ഇതിനെല്ലാം അടിയിൽ കിടക്കുന്നതെന്നൂഹിക്കുന്നതിൽ തെററില്ല.

---

* Pre-Aryan & Pre-Dravidian India.

3. ലാംഗലം, ലാംഗൂലം, ലിംഗം—രസാവഹമായ ഒരു ചരിത്രമാണിവയ്ക്കുള്ളതു്. മോൺഖ്മേറിലും ഇൻഡോനേഷ്യൻ ഭാഷകളിലും അംകാൽ, ലനൻ, ലനൽ, ലനർ ഇങ്ങനെ നാനാവിധത്തിലുള്ള പദങ്ങളുണ്ടു്. ഖാസിയിലെ കാ—ലൈംകോർ, തെംബിയൻ, തെൻഗാല, മലായ്ഭാഷയിൽ തെംഗല, തെംഗാല, ബടകഭാഷയിൽ തിംഗല, മകസ്സാർഭാഷയിൽ നൻകല ഇങ്ങനെ എത്രയോ രൂപങ്ങൾ കാണുന്നു. അന്നാമൈററിൽ കായ് എന്നൊരു ധാതു ഉഴുക എന്ന അൎത്ഥത്തിലുണ്ടു്. കാൽ എന്നു് അതിന്നൊരു ആദിമരൂപമുണ്ടായിരിക്കണം. ഋഗ്വേദത്തിൽ 'ലാംഗല'മുണ്ടെങ്കിലും അതൊരാൎയ്യപദമല്ല.

ലാംഗലത്തിന്നു കരി എന്നതിന്നുപുറമെ ലിംഗം എന്ന അൎത്ഥമുള്ളതും പ്രാചീനസൂത്രഗ്രന്ഥങ്ങളിൽ ലിംഗത്തിന്നു് ലാംഗൂലം എന്നു പൎയ്യായമുള്ളതും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. അങ്ങനെ ലിംഗ, ലാംഗല, ലാംഗൂലാദികളെല്ലാം ഒരേ വൎഗ്ഗത്തിൽപ്പെട്ട പദങ്ങളത്രേ. ആസ്ത്രോ—ഏഷ്യാററിക്‌ഭാഷകളിൽ പുരുഷലിംഗത്തിൻ ലക്, ല, ലെ, ക്ലാൻ, തലോ ഇങ്ങനെ ലകാരപ്രധാനമായ പദങ്ങൾ ധാരാളമുണ്ടു്. ഇന്ത്യയിലെ മുണ്ഡാരിയിൽതന്നെ ലോച്, സന്താളിയിൽ ലോക് ഇങ്ങനെ രൂപങ്ങളുണ്ടു്. ആസ്ത്രോ—ഏഷ്യാററിക്കിൽ ഒരു 'ലാക്'ധാതു ഉണ്ടായിരിക്കണം എന്നു തെളിയിക്കുന്നതാണിതെല്ലാം. സംസ്കൃതത്തിലെ ലഗുഡാദികൾക്കും ലാംഗലത്തോടു് ബന്ധമുണ്ടെന്നു തോന്നുന്നു. ആസ്ത്രോ—ഏഷ്യാററിക്കിൽ 'എൻ' എന്ന അക്ഷരം പദമദ്ധ്യത്തിൽ ചേൎക്കുന്നതു് ഉപകരണം എന്നൎത്ഥം കുറിക്കുന്നതിന്നാണു്. ലാംഗലാദികളിലെ അനുനാസികസംസൎഗ്ഗത്തിന്നു ഇതു് ഉപപത്തി നല്കുന്നു. ലാംഗല, ലാഗൂലങ്ങളിലെ 'ല—ഊല' പ്രത്യയങ്ങൾ ആദിമരൂപമായ 'ലക്' എന്നതിൽനിന്നുണ്ടായതാകാം. മുണ്ഡാപഭാഷയായ സന്താളിയിൽ 'ല' ധാതു കുഴിക്കുക എന്നൎത്ഥത്തിൽതന്നെ ഉണ്ടു്. മലായ്

ഭാഷയിൽ ഉഴുക എന്നത്ഥമുള്ള 'തെംഗല'യും, ഖാസ്സിയിലെ 'ക-ലൈംകോ'വും ലാംഗലത്തോട്ട് സാദൃശ്യമുള്ളതാണെന്നു വ്യക്തം. ലിംഗലാംഗലബന്ധം ആദിമജനവഗ്ഗങ്ങളിൽ നിലവിലിരുന്ന ഉല്പാദനദേവതയെസ്സംബന്ധിച്ച വിശ്വാസങ്ങളുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. സീതയ്ക്കു് ഉഴവുചാലെന്നത്ഥമുള്ളതു് ഇത്തരം ചിന്താഗതികളെ പ്രകാശിപ്പിക്കുന്നുണ്ടല്ലൊ. ഏതായാലും ലാംഗലാദികളുടെ ചരിത്രത്തിന്നു ആയ്യഭാഷ നോക്കിയാൽ പോരെന്നു വ്യക്തമാണു്.

4. താംബൂലം—ആഗ്നേയ-ഏഷ്യാററിക്‌ഭാഷകളിൽ ബല്യ, മ്ല , മലൗ, മ്ലം, പ്ലം ഇങ്ങനെ 'മല്യ'വിനോട്ടു് ബന്ധമുള്ള എത്രയോ പദങ്ങളുണ്ടു്. സംസ്കൃതത്തിലെ താംബൂലം, താംബൂല മുതലായ രൂപങ്ങൾക്കു് ഒരു 'ബൂലാ'—'ബോലാ' ധാതുവോട്ടു് ബന്ധമുണ്ടെന്നു തോന്നുന്നു. 'തം', 'താം' എന്നൊരുപസഗ്ഗം ചേൎന്നിട്ടുണ്ടെന്നേ ഉള്ളു. വെററിലക്കൊടിപോലെ, താംബൂലവും യഥാത്ഥത്തിൽ ആര്യനല്ല. 'ഗുല്യ—മുല്യ' എന്നു സന്താളിയിൽ ചുരുട്ടുക എന്നത്ഥത്തിലുണ്ടു്. 'ബല്യ' ബങ്കാളിയിൽ ബാർ, ബർ ഇങ്ങനെ കാണുന്നു. ബാര, ബല്യ, ബ്'ള എന്നിവ മുർ—മുൽ എന്ന ഒരാദിമരൂപത്തിൽനിന്നുണ്ടായതാകാം. മരങ്ങളുടെ പേരിന്നാദ്യം മോൺഖ്മേർഭാഷകളിൽ തോം, ഡോം എന്നീ അക്ഷരങ്ങൾ ചേക്കുക പതിവുണ്ടു്. ഒരു മരത്തിൽ കയറുന്ന ചെടിയുടെ ചുരുട്ടുന്ന ഇല എന്നത്ഥമാണു് താംബൂലത്തിന്നടിയിലുള്ളതെന്ന പക്ഷത്തിനു ധാരാളം സാംഗത്യം തോന്നുന്നു.

5. ബാണം—ധാരാളം അഭിപ്രായവ്യത്യാസമുണ്ടാക്കിയിട്ടുള്ള പദമാണിതു്. മോൺഖ്മേർഭാഷകളിൽ പോ, പാ, ബോ, ഫ്നോ ഇങ്ങനെ പല രൂപങ്ങളും എറിയുക, എയ്യുക എന്നീ അത്ഥത്തിലുണ്ടു്. 'പഞ്ഞി അടിക്കുക' എന്നത്ഥവും കാണുന്നു. പരുത്തി ശുദ്ധിചെയ്യാൻ നാം ഒരുതരം വില്ലുപയോഗിക്കുന്നതു്

ഇവിടെ ഓർമ്മിക്കേണ്ടതാണ്. സെലിബിസ്സ്‌രാജ്യക്കാർ 'പാന' എന്ന പദം അമ്പിനും പരുത്തിഅടിക്കാനുള്ള വില്ലിനും ഉപയോഗിക്കുന്നു. എയ്യൽ, അമ്പ്, വില്ല്, പരുത്തി ഈ അർത്ഥങ്ങളിലെല്ലാം ഈ പദം കാണും. മുണ്ഡഭാഷകളിൽ 'ബനം' വില്ലാണ്. ഫിലിപ്പൈൻദ്വീപിലും, മലയ, ജാവ, ബോർണിയോ ഇവിടങ്ങളിലും 'പനം' പ്രത്യക്ഷപ്പെടുന്നുണ്ട്. ഫനം എന്നാണ് മഡഗാസ്കർ രൂപം. ആസ്ത്രോ-ഏഷ്യാററിക്കിൽ കുലയ്ക്കുക എന്നർത്ഥം വരുന്ന പാ-പോ ധാതുവിൽ അനുനാസികം ചേർന്നാണ് 'പാന'വും, ആയ്യനിലെ 'ബാണ'വും ഉണ്ടാകുന്നതെന്നൂഹിക്കാം. അസ്ത്രവിദ്യ ആയ്യന്മാർ ആദ്യമേ അറിഞ്ഞിരുന്നുവെങ്കിലും, മുളകൊണ്ടുള്ള അമ്പിന്റെ ഉപയോഗം ആദിമനിവാസികളിൽനിന്ന് അവർ സ്വീകരിച്ചതാകണം.

6. കാപ്പാ സം-ആസ്ത്രോ-ഏഷ്യാററിക്കിലെ 'അംബസ്', 'കോപായ്', കോപെ, കബസ്, കോപസ്, കപാസ്, കപ, തുടങ്ങിയവക്ക് കാപ്പാസവുമായുള്ള ബന്ധം വ്യക്തം. പാ, പോ എന്നീ ധാതുക്കളെപ്പററി മുകളിൽ ബാണത്തിന്റെ വിവരണത്തിൽ പറഞ്ഞതു് നോക്കുക. വില്ലിൽ അടിച്ച ശുദ്ധീകരിക്കുക എന്നർത്ഥത്തെയാണ് 'പാ' ചൂണ്ടിക്കാണിക്കുന്നതു്. കാപ്പാസം ആദിമദശയിൽ ശുദ്ധിചെയ്ത പഞ്ഞിയെ സൂചിപ്പിക്കുന്നതായിരിക്കാം എന്നാണൂഹം.

7. പടം, കപ്പടം—ഹിന്ദിയിലെ കപ്പഡാ-വസ്ത്രാർത്ഥകമായ ഈ പദങ്ങൾ 'കർ' ആദ്യം ചേർത്തും ചേക്കാതേയും രണ്ടു് രൂപമുണ്ടെന്നു തെളിയിക്കുന്നുണ്ടല്ലോ. കാപ്പാസവും കപ്പടവും ഒന്നാണെന്നു സകാരടകാരങ്ങളുടെ വിനിമയം നോക്കുമ്പോൾ വ്യക്തമാകും. ആസ്ത്രോ – ഏഷ്യൻഭാഷകളുടെ സ്വഭാവമാണ് സകാരം ടകാരമാകുന്നതു്.

8. മാതംഗം—സംസ്കൃതത്തിൽ ഹസ്തി, കരി ഈ പേരുകൾ ആനയ്ക്കുള്ളതു് തുമ്പിക്കയ്യിനെ ആസ്പദിച്ചാണല്ലോ. ആസ്ത്രോ-ഏഷ്യാററിക്ഭാഷകളിൽ തോങ്ങ്, തുങ്ങ് എന്ന മട്ടിൽ അനുനാസികത്തോടുകൂടിയും തായ്, തെഡായ് എന്ന മട്ടിൽ നിരനുനാസികമായും കയ്യിനു പര്യായങ്ങളുണ്ടു്. ആനയ്ക്കു് മലയൻഭാഷകളിലുള്ള പദങ്ങളിൽ, തങ്ങ്, തോങ്ങ് എന്നീ അംശങ്ങൾ സ്ഥിരമായി കാണുന്നു. 'തങ്കാം,' 'മെയിൻതോങ്ങ്' ഇങ്ങിനെ.

സംസ്കൃതത്തിലെ 'മാതംഗ'ത്തിലെ 'തംഗ' മുകളിൽചേർത്ത 'തങ്ങ്' ആണെന്നൂഹിപ്പാനാണു് വഴി. 'മ' വലിപ്പംകാണിക്കുന്ന അംശമാണു് ആസ്ത്രോ-ഏഷ്യാററിക്ക് ഭാഷകളിൽ. സന്തളിയിലെ മരങ്ങ് എന്ന പദത്തിലെ 'മ' ഇത്തരത്തിലുള്ളതാണു്. ഖാസിയിലും ഈ മട്ടിൽ പ്രയോഗമുണ്ടു്. 'വലിയ കയ്യുള്ളതു്' എന്നർത്ഥമുള്ള പഴയ മാതങ്ങ് ആണു് സംസ്കൃതത്തിലെ മാതംഗത്തിന്റെ പൂർവ്വികൻ. (രങ്ങ്, ലങ്ങ് തുടങ്ങിയവയുടെ മുമ്പിൽ 'മ' ചേർത്താണു് സന്തളിയിലെ മരങ്ങ്. വലിയതു്, നീണ്ടതു് എന്നർത്ഥമുള്ള ഈ മകാരമാണോ ദ്രാവിഡത്തിലെ 'മര'ത്തിലുള്ളതു് എന്നു സംശയിക്കാം. മാമരം, മാമല മുതലായവയിൽ 'മാ' സംസ്കൃതത്തിലെ മഹത്തിന്റെ രൂപാന്തരമാണെന്നു് പറയാമെങ്കിലും മാടില്ല (മ + ആട്)മ ഇത്തരത്തിലുള്ളതാണെന്നു തോന്നുന്നില്ല. മകുടം, മുകുടം, മുരള തുടങ്ങിയതിലെല്ലാമുള്ള ആദ്യമകാരവും സംസ്കൃതത്തിന്റേതാണെന്നു തോന്നുന്നില്ല.)

9. മയൂരം (മയൂകം, മത്രുകം)—കേയൂരംപോലെ മയൂരവും ദ്രാവിഡത്തിൽനിന്നു സംസ്കൃതത്തിലേയ്ക്കെടുത്തതാണെന്നായിരുന്നു മുമ്പത്തെ വിശ്വാസം. എന്നാൽ ആസ്ത്രോ-ഏഷ്യാററിക്ക് ഭാഷകളിൽ മയൂരം പലതരത്തിലും പ്രത്യക്ഷപ്പെടുന്നുണ്ടു്. സന്തളിയിൽ 'മരക്', സവരയിൽ 'മര', മലായിൽ 'മെര', മോണിൽ മ്രാ—ഇങ്ങിനെ. സന്തളിയിൽ രാക് ധാതുവിനു കരയുക എന്നു

ണർത്ഥം. മ മുമ്പുപറഞ്ഞതുപോലെ രക് എന്നതിന്റെ മുമ്പിൽ ചേർത്ത ഒരു ഉപസർഗ്ഗമാണ്. മലായ്ഭാഷയിൽ സോരക്, ഖ്മേറിൽ ഡ്രെക ഇങ്ങിനെ കരയുക എന്നതിന്നു പര്യായങ്ങളുണ്ട്. ഹേമചന്ദ്രൻ സംസ്കൃതത്തിലെ മയൂരത്തിന്നു മയൂകം എന്ന രൂപം കൂടി സ്വീകരിച്ചിരിക്കുന്നു. മാതംഗത്തിലെ 'മ' തന്നെയാണ് ഇവിടേയും പ്രത്യക്ഷപ്പെടുന്നതെന്നുവരാം. ഇൻഡോചൈനീസ്, ഇൻഡോനേഷ്യൻ എന്നീ ഭാഷകളിൽ 'മസ്' ആണ് സ്വർണ്ണത്തിനുള്ള പേർ. ഏററവും മഹത്തായ വസ്തു എന്നു താല്പര്യം. 'മ'യ്ക്ക് ഇതിനോട്ട് ബന്ധമുണ്ടായിക്കൂടെന്നില്ല. ഉറക്കെ ശബ്ദിക്കുന്നത് എന്നർത്ഥത്തിലുള്ള സംസ്കൃതത്തിലെ മരുത്തിന്നും, ആസ്ത്രോ-ഏഷ്യനിലെ മരക്കിന്നും ഇങ്ങിനെ താല്പര്യത്തിൽ യോജിപ്പുണ്ട്.

## സ്ഥലനാമങ്ങൾ

പ്രസിദ്ധ പണ്ഡിതനായ സിൽവെൻ ലെവി ഇന്ത്യയിലെ പല പഴയ ദേശീയനാമങ്ങളിൽക്കൂടി ആസ്ത്രോ-ഏഷ്യാററിക ഭാഷാബന്ധം കാണുന്നു. രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ പ്രാധാന്യം ലഭിക്കുന്ന ഇത്തരം പദങ്ങൾക്കു ചരിത്രപരമായ വിലയുണ്ട്. കോസല—തോസലം, അംഗ-വംഗം, കലിംഗ-ത്രിലിംഗം, ഉൽകല-മേകലം, പുളിന്ദ-കുളിന്ദം, ഉദ്ര-പുണ്ഡ്ര-മുണ്ഡം, അച്ഛ-വച്ഛം, തക്കോല-കക്കോലം ഇങ്ങിനെ ഇരട്ടരൂപത്തിലും മററുംവരുന്ന എത്രയോ പദങ്ങൾ ആസ്ത്രോ-ഏഷ്യാററിക ഭാഷയിൽനിന്നുണ്ടായതാകാമെന്നദ്ദേഹം സമർത്ഥിക്കുന്നുണ്ട്. രൂപനിഷ്പാദനത്തിൽ ഈ ഭാഷകളുടെ സമ്പ്രദായമാണ് ആ പദങ്ങളിൽ സ്വീകരിക്കപ്പെട്ടുകാണുന്നതു്. തെക്കേ ഇന്ത്യയിലെ ജനസംഖ്യയിൽ ദ്രാവിഡക്കും മുമ്പുള്ള പോലിനേഷ്യക്കാരുടെ കലർപ്പു ധാരാളമുണ്ടെന്നും, ദ്രാവിഡരുടെ ആഗമനത്തിന്നുശേഷവും മലയയിൽനിന്നു ഇവിടെ കുടിയേറിപ്പാർപ്പുണ്ടായിട്ടുണ്ടെന്നും, ഇവരാണ് മലയാ അർദ്ധദ്വീപിൽനിന്നു തെങ്ങ് ഇന്ത്യയിൽ കൊണ്ടുവന്നതെ

ന്നും ജെയിംസ്ഹേർനൽ പറയുന്നതിനെ ലെവി ചൂണ്ടിക്കാണിക്കുന്നു. (സംസ്കൃതത്തിലെ നാരികേലം ഒരു 'വായ്പവാക്കാ'ണ്. പ്ലെ, ഫ്ലെയ്, കോലായ് എന്നീ പദങ്ങൾ ഫലാത്ഥകമാണ് മലായ്ഭാഷകളിൽ. നിയോർ എന്നാണ് തെങ്ങിനുള്ള പേർ. നിയോർ + കൊലായ് (തെങ്ങിൻകായ, തേങ്ങ) ആയിരിക്കണം നാരികേലത്തിൻെറ പൂൎവ്വപിതാക്കാം. നിയോർ നാരിയും കൊലായ്, കോലം അല്ലെങ്കിൽ കേലവും ആകാൻ വിഷമമില്ല. മരകതം മരതകമായപോലെ നാരികേലം നാളികേരവുമാകും.)

പുരം, ഗ്രാമം എന്നിവയ്ക്കു് പുറമെ ഇന്ത്യയിൽ ക്കുര, ഗ്ഗുര, ഊര, ഊർ ഇങ്ങനെ അവസാനിക്കുന്ന ദേശനാമങ്ങളും ധാരാളമുണ്ടല്ലോ. ആദ്യത്തെ വകുപ്പിൽ പെടുന്നതു് ആൎയ്യൻപദങ്ങളും രണ്ടാമത്തേതിലുള്ളതു് ദ്രാവിഡപദങ്ങളുമാണധികവും. പഴയ പദങ്ങൾ പലതും സംസ്കൃതീകരിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. ആനക്കൊമ്പ് എന്നത്ഥത്തിലുള്ള പല്ല് ഓസ്ട്രോ ഏഷ്യാററിക്ക് ഭാഷകളിൽ ബാലാ, ഫ്ളുക, ബ്ളുക, ബ്ളോക, ബല, പലോ, ബൽ ഈ രൂപത്തിലെല്ലാം കാണുന്നു. ഒരുപക്ഷേ പല്ല്—ദ്രാവിഡത്തിലേക്കുതന്നെ കടമെടുത്തതാകാം. ഏതായാലും പല്ലൂർ സംസ്കൃതീകരിച്ചതാണ് 'ദന്തപുരം.' കണ്ണൂർ മുതലായവയിലെ ദേശവാചിയായ ഊർതന്നെ സാധാരണ കരുതുമ്പോലെ ദ്രാവിഡമാണോ എന്നു സംശയമുണ്ട്. കർ, കുർ, ഉരു, ഉർ ഈ മട്ടിൽ സുമേറിയൻഭാഷയിൽ ദേശാത്ഥമായ പ്രത്യയങ്ങൾ കാണുന്നു. ഓസ്ട്രോ ഏഷ്യനിലും ഇതു കാണുന്നുണ്ട്. പുറമെ മുണ്ഡഭാഷകളിലെ ആതോ, അതോ, ഹതോ ഇങ്ങനെയുള്ള ഗ്രാമാത്ഥകപദങ്ങൾക്ക് 'കാതു' എന്നൊരാദിമരൂപം ഊഹിക്കപ്പെട്ടിട്ടുണ്ട്. 'കുട' എന്നവസാനിക്കുന്ന ദേശനാമങ്ങൾ ഇൻഡോനേഷ്യനിൽ സുലഭമാണ്. നഗരം, കോട്ട എന്നീ അത്ഥങ്ങൾ ഇവയ്ക്കുണ്ട്. ഓസ്ട്രോ ഏഷ്യാററിക്കിൽ കരോക, കരോ, ക്രോയ്, ക്രി, കുരുങ്ങ്

തുടങ്ങിയ പദങ്ങാംക്ക വലയംചെയ്യുകയെന്നാണൎത്ഥം. കെതോ, ഗെതോ ഇങ്ങനെ തോൽ, ആവരണം എന്നൎത്ഥത്തിലുള്ള പദ പ്രയോഗവും കാണും. ചുമരുകളാൽ സംരക്ഷിക്കപ്പെട്ട സ്ഥല മെന്നായിരിക്കാം ആദിമാൎത്ഥം. ദേശനാമത്തെ സംബന്ധിച്ച കർ, കുർ, കുട എന്ന ഓസ്ട്രോ ഏഷ്യാററിക്ക് ഗ്രൂപ്പിൽനിന്നായി രിക്കാം ടോളമി ചൂണ്ടിക്കാണിക്കുന്ന കുർ–ഗുര–ഊര–ഊർ ഗ്രൂപ്പും, സംസ്കൃതത്തിലെ 'കുഡ്യ'(ചുമർ)—'കോട്ട' ഗ്രൂപ്പും, മുണ്ഡ, ഇൻഡോ നേഷ്യൻഭാഷയിലെ 'ഊർ' ഗ്രൂപ്പും ഉണ്ടായതെന്നു സിൽപൻ ലെവി അഭിപ്രായപ്പെടുന്നു. ഏതായാലും കുഡ്യവും, കുടവും, കോട്ടും എല്ലാം പരസ്പരം ബന്ധപ്പെട്ടതാണെന്നു തോന്നാം.

പ്രസിദ്ധ ഭാഷാശാസ്ത്രജ്ഞനായ എസ്. കെ. ചാററർജി ഇൻഡോ ആൎയ്യനിൽ പകൎന്ന മററു പല പദങ്ങളേയും ചൂണ്ടിക്കാ ണിച്ചിരിക്കുന്നു. സംസ്കൃതത്തിലെ ചുചുകം (മുലക്കണ്ണ്, ല്യ. മലാ യ്, സുസു=പാൽ) അംഗാരം (കണൻ) കപോലം, നാരികേലം, കമാം, കൎക്കടം, ഭേകം, ജംഘ്യ, ജലൂകം, തുണ്ഡം, മാരകം, സഷ പം, തണ്ഡുലം, പ്ലീഹാ, ഘണ്ട, ഗജം, കപോതം, കടകം, ഹലാ ഹലം, ദാഡിമം, കദംബം, ശിംബം, നിംബം, രംഭ, ലാണ, അലാബു, നിംബു, ജംബു, ജംബുരം, സിംഭൻ, സ്തംഭം, ബതുംം, തുംബുരു, ഉദുംബരം, ഗൃധം, ശലാക, ഉദകം മുതലായ പല പദ ങ്ങളും അദ്ദേഹം വിചാരണയ്ക്കെടുത്തിട്ടുണ്ട്. വാതിംഗണം (വഴ തിന) സെമാങ്ങ്ഭാഷകളിലെ തിയോങ്ങ്, ത്തുയങ്ങ്, തിങ്ങ് മുതലാ യവയോട്ട് ബന്ധപ്പെട്ടിരിക്കുന്നു. ആ ഭാഷകളിൽ ബാ, ബാ ഹോ, ബോ എന്നിവ ഫലം എന്നൎത്ഥത്തിലുള്ളതാണ്. ബാ വാ ആയി വാ + തിംഗണം എന്നു വരും. മലയാളത്തിലെ വഴുതിന അങ്ങനെ ഇവിടുത്തുകാരനല്ല; ദ്രാവിഡത്തിലും കടമെടുത്ത ഒരു പദമായിരിക്കണം. മുകളിൽചേൎത്ത ശിംബനിംബാദികാം നോ ക്കുക. ഫലാൎത്ഥകമായ ഓസ്ട്രോ ഏഷ്യനിലെ ബാബുവിൻെറ

ആദ്യം ക, ത, ര, ല, ശ, ജ തുടങ്ങിയ അക്ഷരങ്ങളും ഇടയിൽ അനുനാസികവും ചേർത്താണ്‌ ആ പദങ്ങളുടെ നിർമ്മതി. ആദ്യത്തിലും നടുവിലും അക്ഷരങ്ങളിങ്ങനെ ചേക്കുന്ന ഏർപ്പാട്‌ ഓസ്ത്രോഏഷ്യനിൽ സാധാരണമാണെന്നു ലാംഗലാദികളെപ്പററി വിവരിച്ചപ്പോഠം പറഞ്ഞു. ദക്, ഡക്, ഡിക്, ഡോക് ഇങ്ങനെ ആ ഭാഷകളിൽ പ്രത്യക്ഷപ്പെട്ടതാണ്‌ സംസ്കൃതത്തിലെ ഉദകമെന്നുള്ളതു് ശ്രദ്ധേയമത്രെ. നമ്മുടെ മീശയും (പ്രാകൃതത്തിലെ മ്ലശ്ച്ച, മഹംസു; സംസ്കൃതത്തിലെ ശ്മശ്രു) ഇവിടത്തുകാരനല്ലെന്നാണ്‌ തോന്നുന്നതു്. എത്രയോ ബങ്കാളിപദങ്ങഠംക്ക്‌ ഓസ്ത്രോ ഏഷ്യാററിക്കിനോടുള്ള ബന്ധം ഡോ: ചാററർജി ചൂണ്ടിക്കാണിക്കുന്നുണ്ടു്. ബങ്കാളിയിലെ ഇരുപതു് എന്നർത്ഥമായ കുഡി, സന്തളിയിലെ ഗണ്ഡഉടി, സംസ്കൃതത്തിലെ ഗണ്ഡകം (നാലിൻെറ പെരുക്കമായ എണ്ണക്കം; ഒരുതരം നാണ്യം) എന്നിതെല്ലാം ഓസ്ത്രോഏഷ്യാററിക്ക്‌വർഗ്ഗക്കാരുടേതാണെന്നു തെളിഞ്ഞിട്ടുണ്ടു്.

പ്രസിദ്ധ ഭാഷാശാസ്ത്രജ്ഞനായ പ്രൊ: ഊലൻബക്കിൻെറ ശിഷ്യൻ എഫ്‌. ആർ. ഡെ. കൂപ്പർ അടുത്തകാലത്തു് (1945) സംസ്കൃതത്തിലെ പ്രാചീനമുണ്ഡപദങ്ങളെന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ പല പദങ്ങളും കൂലങ്കഷമായ ആലോചനക്കെടുത്തിട്ടുണ്ടു്. വൈദികകാലത്തുതന്നെ ഇന്നത്തെ മുണ്ഡഭാഷയുടെ പൂർവ്വരൂപത്തിൽനിന്നു പല പദങ്ങളും സംസ്കൃതത്തിൽ പകന്നിട്ടുണ്ടെന്നും, മുണ്ഡയും ദ്രാവിഡവുമായി നാലായിരം കൊല്ലത്തോളമുള്ള അടുത്ത ബന്ധമുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. താഴെ ചേർത്ത പ്രധാനതത്വങ്ങളാണദ്ദേഹം തെളിയിക്കുന്നതു്:—

1. നൂതനാര്യൻഭാഷകളിലെ നാല്പതു ശതമാനമെങ്കിലും പദങ്ങഠം മുണ്ഡയിൽനിന്നു സംസ്കൃതംവഴിയ്ക്കോ പ്രാകൃതംവഴിക്കോ നേരിട്ടോ ലഭിച്ചിട്ടുള്ളതാണു്.

2. തെക്കൻദ്രാവിഡത്തിലെ സ്വതന്ത്രമെന്നു വെച്ചിട്ടുള്ള പദകുഡുംബംതന്നെ പ്രാചീനമുണ്ഡയോടു് കടപ്പെട്ടിരിക്കുന്നു. വടക്കൻദ്രാവിഡമായ തെലുങ്കിനുള്ള ഈ കടപ്പാടു് മുമ്പേ തെളിഞ്ഞിട്ടുള്ളതാണു്.

3. വൈദികസംസ്കൃതത്തിലും ലൌകികസംസ്കൃതത്തിലും എത്രയോ മുണ്ഡപദങ്ങൾ രൂപംമാറി വന്നിട്ടുണ്ടു്.

പ്രൊ: ക്യൂപ്പർ നൂറോളം പ്രധാനപദങ്ങൾ നിരൂപണത്തിനെടുത്തിരിക്കുന്നു. ചിലതു് താഴെ ചേൎക്കുന്നു:

1. അരാളം—അരാദം എന്ന ആദിരൂപം. അലാദത്തിനു പ്രാചീനമുണ്ഡയിൽ വളഞ്ഞ എന്നൎത്ഥം. (അരാതകി നോക്കുക)

2. അൎഗ്ഗഡം (ളം)—ഗഡ് എന്ന ധാതു (നിഗഡാദികളിലുള്ളതുതന്നെ) തടസ്സം എന്നർത്ഥത്തിൽ മുണ്ഡയിലുള്ളതാണു്. ഗർ, ഗരേ എന്നെല്ലാം ഇതു മാറും. ശൃംഖലയിലെ ഒടുവിലത്തെ 'അലയ്യം' അൎഗ്ഗളാദികളിലെ 'അര', 'അഡ' എന്നിവയോടു് ബന്ധമുണ്ടു്.

3. ആകുലം—(പരിഭ്രമം, കുഴപ്പം) ഗഡ്, ഗൽ, കൽ, ഹൽ, അൽ ഇങ്ങിനെ ക്രമരാഹിത്യം ദ്യോതിപ്പിക്കുന്ന പല പദങ്ങളും പ്രാചീനമുണ്ഡയിൽ കാണുന്നു. അർത്ഥത്തെ ശബ്ദംകൊണ്ടു് ദ്യോതിപ്പിയ്ക്കുന്നതിനുള്ള ശ്രമമാണിതിലെല്ലാം. ഹിന്ദിയിലെ ഘൽമാൽ, ഗഡ്ബഡ്, ഘൽഘൽ എന്നിവ നോക്കുക. സംസ്കൃതത്തിലെ കലഹത്തിനും, നമ്മുടെ കലക്കലിനും തമ്മിൽ സാദൃശ്യമുണ്ടു്. ആ കുലത്തിലെ കുൽ_കൽ തന്നെയാണു് കലകലം കോലാഹലം തുടങ്ങിയതിലെല്ലാം രൂപം മാറിവരുന്നതു്.

4. ആടോപം (ആഡംബരം)—മുണ്ഡയിലെ വീൎക്കുക, തടിയ്ക്കുക എന്നൎത്ഥത്തിലുള്ള ഡ_ബ ധാതുവാണു് ഇതിന്നവലംബം.

ദ്രംട്ടം, ട്ടമ്പ് എന്ന മട്ടിൽ മുണ്ഡയിൽ കാണുന്ന പദങ്ങൾതന്നെ യാണ് ഡമരം, ആഡംബരം എന്നിവയിലെല്ലാം ഉള്ളതു്.

5. ആപീഡം—അമർത്തുക എന്നർത്ഥത്തിലുള്ള ധാതു പ്രാചീനമുണ്ഡയാണ്.

6. ഉദുംബരം, ഉഡുംബരം—ഇതു പ്രോട്ടോമുണ്ഡയിലെ ഡ_ബ (ആഡംബരത്തിൽ കാണുന്നതു്) ധാതുവിൽനിന്നുണ്ടാകുന്നു. ഡുംക=വട്ടത്തിലുള്ള, വീർത്ത. തുന്ദിലം, തുന്ദിഭം, ദുന്ദുഭി തുടങ്ങിയതിലെല്ലാം കേൾക്കുന്നതു് ഈ 'വീക്ക്'ലാണ്. വീർത്ത കായുള്ളതു് എന്നായിരിക്കാം ഉദുംബരത്തിന്റെ ആദ്യാർത്ഥം.

7. കജ്ജലം, കജ്ജലി—'കം_യ' എന്നാണ് ആദിമുണ്ഡ ധാതു. 'കാല' 'കൊയ്‌ല' ഇങ്ങനെ മററു രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതും ഇതുതന്നെ. കറുത്തതു് എന്നർത്ഥം.

കണ്ഡം, കനകം, കബരി (ചുററുക എന്നർത്ഥത്തിൽ ഉള്ള 'ബർ' എന്ന മുണ്ഡ ധാതു), വേണി, കമഠം, കവലം (കബളം—പിടിയ്ക്കുക എന്നർത്ഥത്തിലുള്ള 'ക_വ' ധാതുമുണ്ഡയിൽ), കശ്മലം, ശമലം, മലീമസം, മലം, മലിനം (മൈ_തമിഴ്), കുണ്ഡം (കുണ്ഡ=മൂർച്ചയില്ലാത്ത, മുനപൊട്ടിയ),കുബ്ജം, കൂബരം, കൂർപ്പരം, കുവിന്ദൻ (നെയ്ത്തുകാരൻ. മുണ്ഡയിൽ എട്ടുകാലിയുമായിട്ടാണ് ഇതിലെ ധാതുവിന്നു ബന്ധം), ഖഡ്ഗം (ഗ_ഡ ആണു് മുണ്ഡയിലെ ആദി ധാതു. ക്ഷണിയ്ക്കുക എന്നർത്ഥം. സന്തളിയിലെ ഗണ്ഡ, ഗുഡി; സംസ്കൃതത്തിലെ 'ഖണ്ഡം'എന്നിവ നോക്കുക) കാണ്ഡം, ഖലതി (കഷണ്ടി) ഗണം, ഘടം, ചിപിടം, ജംബാളം, ഡിംഭൻ, ഡുണ്ഡുഭം, താംബൂലം, സ്തിമിതം, തുമുലം, ദണ്ഡം (ഡ_ഡ ആദിധാതു), ദാഡിമം, ദുന്ദുഭി, പംഗു, പടഹം, പതംഗം, പുംഖം, പുണ്ഡരീകം, പേലവം, ഫൽഗു, ബളിശം,ബുൽബുദം, മുകുരം, മേണ്ഡം,(ആണാട്—മേഷം; മേടം) ലഗുഡം, ലമ്പടൻ, ലോലം, ലലന (ലാളന നോക്കുക.), ശകുന്തം, ശക്കര (കരകം_'കര' അന്ത്യാവയവം

നോക്കുക.), ശൃംഗാരം, ഹലം, ഹംഭ, ബ്രംഹ, ഭണനം, ഘട്ടം തുടങ്ങിയ അനവധി പദങ്ങൾ മുൻപറഞ്ഞവയ്ക്കുപുറമെ പ്രൊ. കൂപ്പർ ആലോചനയ്ക്കെടുത്തിരിയ്ക്കുന്നു.

ഈ വിവരണത്തിൽനിന്നു ആര്യൻഭാഷകളിലുള്ള ഓസ്ത്രോ ഏഷ്യാററിക ഘടകങ്ങളെപ്പററി ഒരു സാമാന്യജ്ഞാനം വായനക്കാർക്കുണ്ടായിരിയ്ക്കും. മുൻപറഞ്ഞ പദംബന്ധങ്ങൾ നൂറു ശതമാനവും ശരിയായിക്കൊള്ളണമെന്നില്ല. എങ്കിലും ഉപരിഗവേഷണത്തിന്നു ഒരു ചൂണ്ടിപ്പലകയാണ് ഈ പട്ടികയെന്നതിൽ സംശയമില്ലല്ലോ. "നശ്വഃ ചിരം തിഷ്ഠതീതി അശ്വത്ഥഃ", അതായതു് ശാൽമലീവൃക്ഷാദികളെപ്പോലെ ചിരകാലം നിൽക്കാത്തതു് എന്നാണ് അശ്വത്ഥം എന്നതിന്നു സംസ്കൃതപണ്ഡിതന്മാർ കല്പിച്ചിട്ടുള്ള അർത്ഥം. പ്രഥമ ശ്രവണത്തിൽതന്നെ ഇതു കൃത്രിമമാണെന്നു തോന്നും. യഥാർത്ഥത്തിൽ ആര്യന്മാർ കുതിരകളെ കെട്ടുവാൻ ഉപയോഗിച്ചിരുന്ന മരം മാത്രമായിരുന്നു അശ്വത്ഥമെന്നു് അശ്വവും അതിനോടു ചേർന്ന 'സ്ഥാ' ധാതുവും തെളിയിയ്ക്കുന്നു. ഇതുപോലെ എത്രയോ കൃത്രിമമായ വ്യുല്പത്തികൾ ആഗമം മനസ്സിലാകാത്ത പദങ്ങൾക്കു കല്പിച്ചുകാണും. ഈ വിഷയത്തിൽ കുറെ വിശാലമായി ചിന്തിയ്ക്കേണ്ടതാവശ്യമാണെന്നു മുകളിലെ പദചരിത്രങ്ങൾ തെളിയിയ്ക്കും.

## മനുഷ്യബന്ധങ്ങൾ

ആസ്ത്രോ ഏഷ്യാററിക സംസ്കാരവുമായുള്ള ഇന്ത്യയുടെ ബന്ധത്തെപ്പററി വിവരിയ്ക്കുമ്പോൾ പ്രൊ: സിൽവെൻ ലെവി ഇപ്രകാരം എഴുതുന്നു: "ഇന്ത്യയിലെ പുരാണകഥകൾ, മതം, തത്വശാസ്ത്രം, തുടങ്ങിയവയിൽ ആര്യദ്രാവിഡസംസ്കാരത്തിന്നുമുമ്പുള്ള കാലത്തിന്നു് എത്രമാത്രം പങ്കുണ്ടെന്നറിയേണ്ടതാണ്. ഇന്ത്യയെ ഇന്നുവരേയും ഇൻഡോ—യൂറോപ്യൻ ദൃഷ്ടിവെച്ചാണ് കൂടുതൽ

പരിശോധിച്ചിട്ടുള്ളതു്. ഒരു കടൽക്കരെ രാജ്യമാണ് ഇന്ത്യ എന്നോർക്കണം. ദൂരപൌരസ്ത്യദേശങ്ങളിൽ ഇന്ത്യൻ ഉപനിവേശമുണ്ടായിട്ടുണ്ടെന്നു നമുക്കറിയാം. ഈ യാത്രകൾ കേവലം വഴി കണ്ടു പിടിയ്ക്കുന്നതിനുള്ളതായിരുന്നില്ല. സാഹസശീലരായ യാത്രക്കാർ, കച്ചവടക്കാർ, മതപ്രചാരകന്മാർ എന്നിവർ കടൽ യാത്രാസൗകര്യങ്ങളിൽവന്ന പരിഷ്കാരങ്ങൾ ആശ്രയിച്ചു കിഴക്കോട്ടു യാത്രചെയ്തിട്ടുണ്ടു്. എന്നാൽ ചരിത്രാതീതകാലത്തുതന്നെ ഇന്ത്യയുമായി ബന്ധപ്പെട്ടിരുന്ന മററു ചില പൗരസ്ത്യരാജ്യക്കാരെ ഇവർ പിന്തുടരുകയേ ചെയ്തുള്ളു. ഈ പഴയവർഗ്ഗക്കാരെ ആര്യന്മാരും ദ്രാവിഡരും ഒരുപോലെ കാടന്മാരായി ഗണിച്ചിട്ടുണ്ടാവാം.''*

ഇത്തരം ചിന്താഗതികൾ ഗവേഷണത്തിനു കുറേ വിപുലമായ ഒരു മണ്ഡലം തുറന്നിട്ടുണ്ടെന്നതിനു സംശയമില്ല. നമ്മുടെ കേരളത്തിൻെറ കഥതന്നെ എടുക്കുക. ചേരചേരള പദങ്ങളാണ് കേരളമായിത്തീർന്നതെന്നു പണ്ഡിത സമ്മതമാണ്, കകാരത്തിനു ചകാരം വരികയല്ലാതെ മറിച്ചു പതിവില്ലെന്നു ഡോ. ഗോദവർമ്മ ചൂണ്ടിക്കാണിയ്ക്കുന്നുണ്ടെങ്കിലും, ഭാഷാശാസ്ത്ര നിയമങ്ങളൊന്നും യാന്ത്രികമല്ലായ്കയാൽ കർണ്ണാടകം വഴിയ്ക്കോ മറേറാ കിട്ടിയ ചേരളപദത്തെ ആര്യന്മാർ കേരളമാക്കിയതാവണം. അശോകശാസനങ്ങളിലുള്ള 'കേരളപുത്രൻ' വളരെക്കാലം ചരിത്രകാരന്മാരെ അമ്പരപ്പിച്ചിട്ടുള്ളതാണ്. ചേരമാൻ എന്നതിലെ'മാ'ൻ, മകൻെറ രൂപാന്തരമാണെന്നും, ഒടുവിൽ പറഞ്ഞ പദത്തിനു നായകൻ, വീരൻ എന്നെല്ലാം തമിഴിൽ അർത്ഥമുണ്ടെന്നും വരുമ്പോൾ കുഴപ്പം തീരുന്നു. 'ചേരമാ'നിലെ 'മക'നെ സംസ്കൃതത്തിൽ തർജ്ജമ ചെയ്തു കേരളപുത്രനാക്കി. ചേരത്തെ 'ചേര'ലിനോടു (സമുദ്രത്തോടു ചേർന്നു കിടക്കുന്ന സ്ഥലമെന്നർത്ഥത്തിൽ) മഹാകവി ഉള്ളൂർ ബന്ധിപ്പിയ്ക്കുന്നതു ഒരു പക്ഷെ നെടുംചേരലാതൻ, ഉദയൻ

---

* Pre-Aryan and Pre-Dravidan India

ചേരലാതൻ തുടങ്ങിയ ചേരരാജാക്കന്മാരുടെ പേരിൻെറ സമ്പ്രദായം കണ്ടാണെന്നു തോന്നുന്നു. ഏതായാലും കുറേ കൃത്രിമമാണ് ആ കല്പന. കോസലർ, പാഞ്ചാലർ എന്നെല്ലാം പറയുമ്പോലെ ഓരോ ജനവൎഗ്ഗത്തിൻെറ പേരായിരിയ്ക്കണം ചേരർ, ചോഴർ, പാണ്ഡ്യർ എന്നതെല്ലാം. ആദ്യം മുണ്ഡഭാഷ ഉപയോഗിച്ചിരുന്നവരും ഇപ്പോൾ ദ്രാവിഡഗോത്രത്തിലെ ഒരു ഉപഭാഷ സംസാരിക്കുന്നവരുമായി ബീഹാർ—ഛോട്ടാനാഗപ്പൂർ ഭാഗങ്ങളിൽ ഒറയോൺ എന്നൊരു വൎഗ്ഗക്കാർ ഉണ്ട്. അവരുടെ ഇടയിൽ 'ചെരോ' (ചേര?) എന്ന ഒരു ശാഖക്കാർ ഉള്ളതായും കാണുന്നു. മുണ്ഡരും ദ്രാവിഡരും തമ്മിൽ തിരിച്ചറിയാൻവയ്യാത്തവിധം സങ്കരം വന്നിട്ടുള്ളതായി ഈ ലേഖനത്തിൽ മുമ്പു പറഞ്ഞിട്ടുണ്ട്. ചേരം ഒരു പക്ഷേ ഓസ്ത്രോ—ഏഷ്യാററിക ബന്ധമുള്ള പദമാകുമോ? ചേരപദവും ചോര-ചോഴ-ചോളപദവും തമ്മിൽ ഉള്ള സാജാത്യവും വിസ്മരിക്കത്തക്കതല്ല. അക്ഷരമാററങ്ങൾ—ര, ഴ, ള തുടങ്ങിയവയെ സംബന്ധിച്ചുള്ളതു് പ്രത്യേകിച്ചും—ദ്രാവിഡങ്ങളിൽ സുലഭമാണ്. ശത്രുക്കൾ എന്നൎത്ഥത്തിൽ തമിഴരെ 'അരവർ' എന്നു മുമ്പു തെലുങ്കർ പറഞ്ഞിരുന്നു. തമിഴ്നാടിനെ 'അരവനാടെ'ന്നും. ഇതുപോലെ കള്ളന്മാർ എന്നൎത്ഥത്തിൽ ഇതരവൎഗ്ഗക്കാർ 'ചോരർ' എന്നു വിളിച്ചുവന്നിരിയ്ക്കാം എന്നു വാദിയ്ക്കാമെങ്കിലും ചോരപദം സംസ്കൃതമാണെന്നു് ഓൎമ്മിയ്ക്കണം. മാത്രമല്ല 'ചോഴം' എന്നാണ പ്രാചീനരൂപം. ചോഴരെ സംസ്കൃതത്തിൽ ഴകാരമില്ലായ്കയാൽ 'ചോള'രാക്കിയതാണ്. ചേരരും ചോളരും ആദിമദശയിൽ ഒരു വൎഗ്ഗംതന്നെയായിരിപ്പാൻ വഴിയുണ്ട്. ചോളരിലെ പഴയ രാജാക്കന്മാരിൽ 'കിള്ളികൾ' എന്നൊരു പ്രസിദ്ധ കുടുംബമുണ്ടല്ലോ. കിള്ളിവളവൻ, പെരുനാർകിള്ളി, നെട്ടുങ്കിള്ളി തുടങ്ങിയ പേരുകൾ നോക്കുക. മുണ്ഡരിൽ കിള്ളി എന്ന പദം ജനവൎഗ്ഗം എന്നൎത്ഥത്തിൽ പ്രസിദ്ധമാണ്. ഓരോ കിള്ളിയ്ക്കും മത്സ്യം പാമ്പ് തുടങ്ങിയ ഓരോ 'ടോട്ടം' അഥവാ ആരാധനവസ്തുവും ഉണ്ട്. മലബാറിൽ താമസമാക്കിയ തമിഴ്വൎഗ്ഗക്കാരുടെ ഒരു

ടോട്ടമായിരുന്ന സപ്പമെന്ന് ഇവിടത്തെ സപ്പാരാധനാദികരം വ്യക്തമാക്കുന്നുണ്ടല്ലോ. പാണ്ഡ്യപദത്തെ പാണ്ഡവരോട് ഘടിപ്പിയ്ക്കുകയാണ് സാധാരണ പതിവ്. കാത്യായനൻ ഇതിന്നു പ്രത്യേകമൊരു വാർത്തികംതന്നെ നിർമ്മിച്ചിട്ടുണ്ട്. മെഗസ്തനീസ് ഏഴു വയസ്സിൽ പ്രസവിയ്ക്കുന്ന സ്ത്രീകളുടെ രാജ്യമാണ് പാണ്ഡ്യമെന്നു പറയുന്നു! പാണ്ടി, പാണ്ഡിയവും പാണ്ഡ്യവുമായി മാറിയിരിയ്ക്കാനാണ് വഴി. ഏതായാലും മുൻപറഞ്ഞ മധ്യേന്ത്യയിലെ മുണ്ഡുവർഗ്ഗത്തിൽ 'പാണ്ടിയ'ർ പ്രത്യക്ഷപ്പെടുന്നുണ്ടെന്നതു ശ്രദ്ധേയമായ സംഗതിയാണ്. ആദിദ്രാവിഡരോ അഥവാ അവക്കും മുമ്പുള്ള ഓസ്ത്രോ-ഏഷ്യാററിക് വർഗ്ഗങ്ങളോ ആയിരിക്കണം ചേരചോളപാണ്ഡ്യങ്ങരംക്ക് ആ ദേശനാമങ്ങരം നല്കിയിട്ടുള്ളതു്. അവയ്ക്കു നാം കൃത്രിമാത്ഥങ്ങരം കല്പിയ്ക്കുന്നതിന്നുമുമ്പ് കുറേക്കൂടി ഗവേഷണം നടത്തേണ്ടതായിട്ടുണ്ടെന്നേ ഇപ്പറഞ്ഞതിന്നത്ഥമുള്ളു. മുൻപറഞ്ഞ കവിഞ്ഞ ഊഹങ്ങളെല്ലാം ശരിയാണെന്നോ ശരിയായിക്കൊള്ളണമെന്നോ പറയുന്നില്ല.

★

# ബുദ്ധമതവും കേരളവും

കേരളത്തിന്നു് ഒരു ചരിത്രം ഇനിയും എഴുതപ്പെടേണ്ടതായി ട്ടാണല്ലോ ഇരിക്കുന്നതു്. ക്രിസ്തുവൎഷം ആദിശതകങ്ങളിലുണ്ടായ 'സംഘം' കൃതികളിൽ—ചിലപ്പതികാരം, പതിററുപ്പത്തു തുടങ്ങി യവയിൽ—ചേരനാട്ടിൻെറ പ്രശസ്തി പ്രത്യക്ഷപ്പെടുന്നുണ്ടു്. പതിററുപ്പത്തിൽ ആ നാട്ടിലെ രാജാക്കന്മാരാണു് സ്തുതിക്കപ്പെടു ന്നതു്. തമിഴകത്തിലെ ചേരചോളപാണ്ഡ്യങ്ങളിൽ ആദ്യത്തേ തിന്നായിരുന്നു ആദ്യകാലത്തു് അധികം വലിപ്പവും പ്രാമാണ്യവു മെന്നു തീൎച്ചയാണു്. സംഘകാലത്തിന്നുശേഷം, ക്രി. പി. 4—8_ാംശതകംവരെ, കേരളത്തെ സംബന്ധിച്ച വിവരങ്ങൾ ഒന്നും ലഭിക്കുന്നില്ല. കുലശേഖരബിരുദക്കാരായ രണ്ടാം ചേരവംശ ക്കാർ 9_ാംശതകത്തിലേ പ്രത്യക്ഷപ്പെടുന്നുള്ളു. ക്രി. പി. 10_11 ശതകമായപ്പോഴയ്ക്കും ചോളർ കേരളം കീഴടക്കി. ഇവിടത്തെ ചില രാജാക്കന്മാർ പഴനിയ്ക്കുട്ടത്തും മററും ചോളരുടെ സാമന്ത രായിക്കഴിഞ്ഞതിന്നു രേഖയുണ്ടു്. പിന്നെ കേരളത്തിൻെറ

ചരിത്രത്തെപ്പററി വിശ്വാസ്യമായ അറിവു പോർത്തുഗീസുകാരുടെ വരവോടുകൂടിയാണ് സിദ്ധിക്കുന്നതു്. ഇങ്ങനെ എത്രയോ നൂററാണ്ടുകളോളമായി കേരളം ജീവിച്ചുപോന്നിട്ടുണ്ടെങ്കിലും വിശ്വസിയ്ക്കാവുന്ന ചരിത്രം വളരെ കുറച്ചേ നമുക്കു കിട്ടിയിട്ടുള്ളു.

കേരളത്തിൽ ബുദ്ധമതത്തിൻെറ പ്രചാരത്തെപ്പററിയും വളരെ പരിമിതമായ അറിവേ നമുക്കുള്ളു. തമിഴകത്തിലെ മററു നാടുകളിൽ ആ മതത്തിനുണ്ടായ താഴ്ചയുയർച്ചകൾക്കു സമാന്തരമായി ഇവിടെയും ഉണ്ടായിട്ടുണ്ടെന്നു പറവാൻ മാത്രം കഴിയും. അശോകനു (ബി. സി. 3-ാംശതകം) മുമ്പു തമിഴ്നാട്ടിൽ ബുദ്ധമതത്തിനു പ്രചാരമുണ്ടായിരുന്നുവോ എന്നു തീർത്തുപറവാൻ വയ്യ. തെക്കൻ പ്രദേശങ്ങളിൽ ആനമല, അരിട്ടാപട്ടി, വരിച്ചിയൂർ, മേട്ടുപ്പട്ടി ഇങ്ങനെ മധുരജില്ലയിൽ നാലും, മരുകാൽതലൈ, വീരശിഖാമണി ഇങ്ങനെ തിരുനെൽവേലിജില്ലയിൽ രണ്ടും സ്ഥലങ്ങളിൽ പഴയ ബുദ്ധസന്യാസികളുടെ നിവാസഗുഹകൾ കണ്ടെത്തിയിട്ടുണ്ടു്. 'പഞ്ചപാണ്ഡവൻ പടുക്കൈ' എന്ന പേരിൽ ചില കൽക്കിടക്കകളും, അവയുടെ മുകളിൽ ചില രേഖകളും ഈ ശൈലഗുഹകളിൽ കാണുന്നു. അശോകൻെറ നാലു ശാസനങ്ങളിൽ കേരളത്തിൻെറ പേർ പ്രത്യക്ഷപ്പെടുന്നുണ്ടു്. (അവയിലെ കേരളപുത്രൻ 'ചേരമാ'ൻെറ തർജ്ജമയാണ്. മാൻ=മകൻ, പ്രമാണി, രാജാവു്) പ്രത്യന്തഭൂമിയെന്നു പറയുന്ന സത്യപുത്ര-കേരളപുത്രാദികളുടെ നാട്ടിൽ മനുഷ്യർക്കും മൃഗങ്ങൾക്കും ആസ്പത്രി ഏർപ്പെടുത്തിയതായും, ചക്രവർത്തി നടത്തിയ 'ധർമ്മവിജയത്തിൽ' കേരളവും ഉൾപ്പെട്ടതായും കാണുന്നുണ്ടു്. സിലോണിലെന്നപോലെ തമിഴ്നാട്ടിലും ബുദ്ധമതപ്രചാരം അശോകൻെറ കാലത്തു തുടങ്ങിയതായി അനുമാനിയ്ക്കാം. ദക്ഷിണേന്ത്യയിൽവെച്ച് ഏററവും പഴക്കമുള്ള ശാസനം—പഴന്തമിഴിലാണെന്നു പറയപ്പെടുന്നതു്—പഞ്ചപാണ്ഡവൻമലൈ എന്നും കഴുകർമലൈ എന്നും പറയുന്ന മധുരാജില്ലയിലെ മലംപ്രദേശങ്ങളിലാണ് കാണുന്നതു്. ബുദ്ധൻ

സന്യസിച്ച് ആദ്യം കിട്ടിയ ഭിക്ഷ ഭക്ഷിച്ചതു് 'പാണ്ഡവപവ്വത' ത്തിലായിരുന്നു. ഈ പദത്തിന്നും പാണ്ഡവൻമലൈയ്ക്കും തമ്മിലുള്ള നാമസാമ്യം സ്പഷ്ടമാണു്. 'ഉണ്ടെങ്കിൽ'—എന്ന സ്ഥലപ്പേരും മേൽപറഞ്ഞ ബുദ്ധൻെറ ഭക്ഷണ(ഊൺ)ത്തെ സൂചിപ്പിക്കുന്നു. പുറമേ, കഴകർമല എന്ന തമിഴ്പദം തന്നെ ബൌദ്ധസാഹിത്യപ്രസിദ്ധമായ 'ഗൃധ്രകൂടം' എന്നതിൻെറ തജ്ജമയാണെന്നു വ്യക്തം. പ്രസ്തുത ഗുഹകളുടേയും അവയിൽ കാണുന്ന രേഖകളുടേയും കാലം ബി. സി. 3_ാംശതകമാണെന്നാണു് കരുതപ്പെടുന്നതു്. രേഖകളിലെ ലിപി പഴയ അശോകബ്രാഹ്മി തന്നെ. അശോകനുശേഷം തമിഴ്നാട്ടിൽ ബുദ്ധമതം പ്രചരിച്ചിരുന്നുവെന്നു് ഇതെല്ലാം തെളിയിക്കുന്നു. ഒരുപക്ഷേ സിലോണിൽനിന്നായിരിക്കണം സന്ന്യാസിമാരുടെ വലിയ പ്രവാഹമുണ്ടായിരുന്നതെന്നൂഹിക്കാൻ വഴിയുണ്ടു്. 'മഹാവംശം' സിലോണിൽനിന്നു വളരെയധികം സന്ന്യാസിമാർ മതപ്രചരണത്തിന്നു പുറപ്പെട്ടതായിപ്പറയുന്നതിൽ അരിട്ടൻ എന്നൊരു നേതാവിനെ കാണുന്നു. കഴകർമലയിലെ അരിട്ടപ്പട്ടി ഇദ്ദേഹത്തിൻെറ പേർ സൂചിപ്പിക്കുന്നതായിക്കൂടെന്നില്ല. കേരളത്തിൽനിന്നു ബുദ്ധമതപ്രചാരം സൂചിപ്പിക്കുന്ന പ്രത്യേക തെളിവുകളൊന്നും കിട്ടിയിട്ടില്ലെങ്കിലും ആ മതം ഇവിടേയും സ്വാഭാവികമായി പരക്കാൻ തുടങ്ങിയിരിക്കണം എന്നൂഹിക്കാം. എന്നാൽ വലിയ വിഹാരങ്ങളൊന്നും ഇവിടെ ഉണ്ടായിട്ടുള്ളതായിത്തോന്നുന്നില്ല. ക്രി. മു. 2_ാംശതകത്തിൽ ദുത്തഗാമിനി അംബയ എന്ന രാജാവിൻെറ കാലത്തു സിലോണിലെ ഒരു മഹാവിഹാരത്തിൻെറ സ്ഥാപനോത്സവത്തിൽ പങ്കുകൊള്ളാൻ ആ നാട്ടിലും പുറനാട്ടിലുമുള്ള സന്ന്യാസിമാരെ ക്ഷണിച്ചതായിക്കാണുന്നുണ്ടു്. അവരുടെ പട്ടികയിൽ അലക്സാണ്ട്റിയക്കാർക്കൂടി ഉൾപ്പെടുന്നു. ബനവാസിയിലെ അഥവാ തെക്കൻ കർണ്ണാടകത്തിലെ ചന്ദ്രഗുപ്ത മഹാതേരൻ സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. എങ്കിലും കേരള

ത്തിൽനിന്നാരും ചെന്നതായിക്കാണുന്നില്ല. അതുകൊണ്ടു് അന്നു പ്രസിദ്ധവിഹാരങ്ങൾ ഏതായാലും ഇവിടെ ഉണ്ടായിരുന്നില്ലെന്നു ഊഹിയ്ക്കാം. തോൽക്കാപ്പിയം, തിരുക്കുറൾ തുടങ്ങിയ പ്രാചീനതമിഴ് കൃതികൾ ബുദ്ധമതപ്രചാരത്തെപ്പററി പറയത്തക്ക വെളിച്ചമൊന്നും പരത്തുന്നില്ല. എന്നാൽ കേരളത്തിൽവെച്ച നിർമ്മിച്ച ചിലപ്പതികാരത്തിൻെറയും അതിൻെറ തുടർച്ചയായ മണിമേഖലയുടെയും തെളിവുകൾ അനിഷേധ്യങ്ങളാണു്. അന്നേയ്ക്കു ബുദ്ധമതത്തിന്നു കേരളത്തിൽ ഗണ്യമായ സ്ഥാനം ലഭിച്ചിരുന്നു. ക്രി. പി. ഒന്നാംശതകമാണു് ചെങ്കുട്ടവൻെറ കാലമെന്നാണു് വെച്ചിട്ടുള്ളതു്. അദ്ദേഹത്തിൻെറ അനുജനായ ഇളംകോവടികൾ ചിലപ്പതികാരവും, ഇളംകോവടികളുടെ സുഹൃത്തായ മധുരയിലെ കുലവണികൻ ചീത്തലൈ ചാത്തനാർ മണിമേഖലയും എഴുതി. രണ്ടും ഒരു കൃതിയുടെ രണ്ടു ഭാഗങ്ങൾ എന്നേ പറവാൻ കഴിയൂ. ചിലപ്പതികാരം കഥയുടെ ബാക്കി ഭാഗം—മാധവിയുടേയും മകൾ മണിമേഖയുടേയും കഥ—ആണു് മണിമേഖലയിൽ വരുന്നതു്. ഇളംകോവടികൾ ബൌദ്ധനോ ജൈനനോ എന്നു തീർത്തു പറഞ്ഞുകൂടെങ്കിലും, ഹിന്ദുമതത്തിൻെറ ഒപ്പം ബുദ്ധമതത്തിന്നും അന്നു നാട്ടിൽ സ്ഥാനമുണ്ടായിരുന്നുവെന്നു വ്യക്തമാണു്. ചെങ്കുട്ടവൻ നടത്തിയ കൊടുങ്ങല്ലൂരിലെ പട്ടിനി (ഭട്ടിനി) ദേവിയുടെ പ്രതിഷ്ഠയ്ക്കു, സിലോണിലെ രാജാവും ഏററവും വലിയ ബുദ്ധമതഭക്തനുമായ ഗജബാഹു സന്നിഹിതനായിരുന്നുവെന്നു കാണുന്നുണ്ടു്. 'പട്ടിനി' ബുദ്ധമതക്കാരുടെ ദേവിയായിരുന്നുവോ എന്നു സംശയമുണ്ടു്. മണിമേഖലയുടെ കർത്താവായ ചാത്തനൂർ നൂറു ശതമാനവും ബൌദ്ധനായിരുന്നുവെന്നു വ്യക്തമാണു്. പല ദിക്കിലും നടന്നു മണിമേഖല കാഞ്ചിയിൽ ബൌദ്ധാചാര്യനായ അരവണടികളുടെ ശിഷ്യത്വം സ്വീകരിക്കുകയാണു് കഥയിൽ ചെയ്യുന്നതു്. വഞ്ചി(കൊടുങ്ങല്ലൂർ)നഗരത്തിൽ ആകാശചുംബിയായ ബുദ്ധവിഹാരവും ധാരാളം സന്യാസിമാരുമുണ്ടായിരുന്ന

തായി ചാത്തനാർ രേഖപ്പെടുത്തിയിട്ടുണ്ട്. ആ ബുദ്ധവിഹാരം കോവിലന്റെ ഒമ്പതാമത്തെ പൂർവ്വികൻ ഒരു ചേരരാജാവിന്റെ സഹായസഹകരണങ്ങളോടുകൂടി നിർമ്മിച്ചതായിരുന്നു. ചോള രാജ്യത്തുനിന്നു വന്ന ഒരു ധനികവണിക്കായിരുന്നു ആ പൂർവ്വികൻ. തന്റെ സർവ്വസ്വവും വിഹാരനിർമ്മിതിയ്ക്കു് അദ്ദേഹം ചിലവഴിച്ചു. ഈ കഥയിൽനിന്നു കേരളത്തിൽ ക്രി. പി. ആദിശതകങ്ങളിൽ ബുദ്ധമതത്തിന്നു ധാരാളം പ്രചാരം സിദ്ധിച്ചിരുന്നുവെന്നു തെളിയുന്നുണ്ടു്. എന്നാൽ തിരുവഞ്ചിക്കുളത്തും പരിസരത്തിലും യാതൊരു ബുദ്ധമതാവശിഷ്ടങ്ങളും ഇതുവരെ കണ്ടെത്തീട്ടില്ല.

പിൽക്കാലത്തെ ചരിത്രമെല്ലാം അജ്ഞാതമാണു്. കേരളത്തിലെ പെരുമാക്കന്മാരിൽ ഒരാൾ മതംമാറിയതായികഥയുണ്ടു്; ഇസ്ലാമും, ജൈനമതവും, ബുദ്ധമതവും അദ്ദേഹത്തെ അവകാശപ്പെടുകയും ചെയ്യുന്നു. കോട്ടയത്തിന്നടുത്തുള്ള കിളിരൂരിൽ ഒരു ഭഗവതീക്ഷേത്രത്തിൽ രണ്ടു ബുദ്ധവിഗ്രഹങ്ങൾ ഉള്ളതായിക്കാണുന്നുണ്ടു്. ഒന്നിന്നു പള്ളിവാണവൻ എന്ന പേരും ഉള്ളതായിപ്പറയുന്നു. പള്ളിപദം ബുദ്ധജൈനവിഹാരങ്ങളെ സൂചിപ്പിക്കുന്നുവെന്നതിന്നു സംശയമില്ല. പ്രസ്തുത പെരുമാൾ അന്ത്യകാലം കഴിച്ചതായി പറയുന്ന നിലംപേരൂരിൽ ഒരു പള്ളിഭഗവതീക്ഷേത്രമുണ്ടു്; ബുദ്ധവിഗ്രഹം അവിടെയും കാണുന്നു. സ്ഥലപ്പേർ പള്ളിപ്പടിക്കൽ എന്നാണു്. പള്ളിമേനോൻ എന്നാണത്രെ കണക്കെഴുത്തുകാരന്റെ സ്ഥാനപ്പേർ. പള്ളിബാണപ്പെരുമാൾ ബുദ്ധമതം സ്വീകരിച്ച ഒരു പെരുമാളായിരിക്കണമെന്നു്, കേരളത്തിലെ ബുദ്ധമത പ്രചാരത്തെപ്പററി ഒരു ഗ്രന്ഥം രചിച്ചിട്ടുള്ള ശ്രീ. പി. സി. അലക്സാണ്ടർ, ഇത്തരം തെളിവുകളെ ആസ്പദമാക്കി, അഭ്യൂഹിക്കുന്നതു യുക്തമായിത്തോന്നുന്നു. ബൌദ്ധപദം മുസൽമാന്മാരെക്കൂടി പിൽക്കാലത്തു സൂചിപ്പിച്ചിരുന്നു എന്നതു സ്പഷ്ടമാണു്. മുകളിൽക്കാണിച്ചവിധം ബുദ്ധവിഗ്രഹങ്ങൾ ഭഗവതി

ക്ഷേത്രങ്ങളിൽ കാണുന്നതു ബുദ്ധമതത്തെ കേരളത്തിൽ പിൽക്കാലത്തു ശൈവമതം വിഴുങ്ങിയ കഥയാണ് കാണിക്കുന്നതു്.

മധ്യതിരുവിതാംകൂറിൽനിന്നു പല ബുദ്ധപ്രതിമകളും ലഭിച്ചിട്ടുണ്ടു്. കിളിരൂരും നിലംപേരൂരുമുള്ളവയെപ്പററി മുമ്പുപറഞ്ഞുവല്ലോ. മാവേലിക്കര, അതിനു അഞ്ചുമൈൽ തെക്കുള്ള ഭരണിക്കാവു് എന്നിവടങ്ങളിൽനിന്നു് ഇതേമാതിരി പ്രതിമകൾ കിട്ടിയിട്ടുണ്ടു്. കരുനാഗപ്പള്ളിയിൽ നിരത്തുവക്കത്തു് ഒന്നു സ്ഥാപിച്ചുകാണും; ഇതു മരുതൂർകുളങ്ങര ഒരു കുളത്തിൽനിന്നു കണ്ടെടുത്തതാണ്. കുന്നത്തൂർ താലൂക്കിൽ അടൂരിൽനിന്നു് ഏഴു മൈൽ ദൂരത്തു് ഒരു 'പള്ളിക്കൽ പുത്തച്ചൻ' (ബുദ്ധരച്ചൻ) ഉണ്ടു്. അമ്പലപ്പുഴ താലൂക്കിലെ കരുമാടിക്കുട്ടൻ പ്രസിദ്ധനാണ്. ബുദ്ധന്റെ കരിങ്കൽപ്രതിമയാണിതു്. ഭരണിക്കാവു് ഭഗവതിക്ഷേത്രമായിരിക്കുന്നു. ഇതെല്ലാം അനവധി ശതാബ്ദങ്ങൾക്കു മുമ്പു് കേരളക്കരയിൽ ഉണ്ടായിരുന്ന ബുദ്ധമതപ്രചാരത്തിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. പാടത്തും, കുന്നിലും, കുളത്തിലും ആയി കാണപ്പെടാതെ ഇനിയും എത്രയോ പ്രതിമകൾ കാണും; ആരേഴെണ്ണമേ കണ്ടെത്തിയിട്ടുള്ളവെന്നുമാത്രം.

ബുദ്ധമതത്തെപ്പററി പ്രസ്താവിക്കുന്ന ഒരു ശാസനം മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. ഇതു തെക്കൻ തിരുവിതാംകൂറിൽ ക്രി. പി. 9_ാംശതകത്തിൽ ഭരണം നടത്തിയിരുന്ന ആയ് രാജവംശ്യനായ വിക്രമാദിത്യവരഗുണന്റെ പാലിയം ചെപ്പേടാണ്. ആയർ, വൃഷ്ണികൾ, യാദവന്മാർ എന്നെല്ലാം പറയുന്ന ഒരു രാജകുടുംബം കോട്ടാർ തലസ്ഥാനമാക്കി തെക്കൻതിരുവിതാംകൂറിൽ കൊല്ലം ആദിശതങ്ങളിൽ ഭരണം നടത്തിയിരുന്നു. ഈ കുടുംബത്തിന്റെ ഇടച്ച്യയാണ് വേണാട്ടുരാജകുടുംബം. ആയ്‌വംശത്തിലെ കോക്കരുനന്ദടക്കൻ പാർത്ഥിവശേഖരപുരത്തുക്ഷേത്രം ശാല എന്നിവ നിർമ്മിച്ചതും അവയ്ക്കു സ്വത്തു നൽകിയതും മററും ക്രി. പി. 866_

ലാണ്. ഹൂസർ 1_ാംപ്ലേയിററിൽ ഈ ചരിത്രം വിവരിക്കപ്പെടുന്നു. രണ്ടാംനമ്പർ പ്ലേയിററിൽ കോക്കരുനന്ദടക്കൻെറ അനന്തരാവകാശിയായ വിക്രമാദിത്യവരഗുണനും, പത്നിയായ ആയർകുലമഹാദേവി അഥവാ മുരുകൻ ശേന്തിയും പ്രത്യക്ഷപ്പെടുന്നുണ്ട്. വിക്രമാദിത്യവരഗുണൻ ഒരു ബുദ്ധമതക്കാരനായിരുന്നുവെന്നതിന്നു അദ്ദേഹത്തിൻെറ പ്രസിദ്ധമായ പാലിയംരേഖ തെളിവാണ്. ഈ രേഖയിൽ വളരെയധികം ഭൂമി ശ്രീമൂലവാസമെന്ന ബുദ്ധവിഹാരത്തിനു് അദ്ദേഹം സംഭാവന ചെയ്യുന്നതായിക്കാണുന്നു. ബുദ്ധപ്രശസ്തി (മംഗളാചരണം) കൊണ്ടാണ് രേഖ ആരംഭിക്കുന്നതു്. ബുദ്ധൻ, ധമ്മം, സംഘം എന്ന ഹീനയാനക്കാരുടെ ക്രമമാണ്, ധമ്മം, ബുദ്ധൻ സംഘം എന്ന മഹായാനക്കാരുടെ ക്രമമല്ല,ഈ മംഗളാചരണത്തിൽ സ്വീകരിച്ചിട്ടുള്ളതു്. തന്മൂലംവിക്രമാദിത്യവരഗുണൻ ഹീനയാനക്കാരനായിരുന്നുവെന്നു വരുന്നു. ഈ രാജാവിന്നുശേഷം—അഥവാ അദ്ദേഹത്തിൻെറ കാലത്തുതന്നെ—ചോളാക്രമണംകൊണ്ടു് ആയ്‌രാജവംശം നശിച്ചുവെന്നാണ് തോന്നുന്നതു്.

വിക്രമാദിത്യവരഗുണൻ ഭൂദാനം നടത്തുന്ന ശ്രീമൂലവാസം എവിടെ എന്നു വ്യക്തമായറിഞ്ഞുകൂടാ. ക്രി. പി. 868_ലാണ് 'തിരുമൂലപാദഭട്ടാരക'ക്കുള്ള ആ ദാനം നടക്കുന്നതു്. ശ്രീമൂലവാസത്തിലെ ലോകേശ്വരബുദ്ധൻെറ ഒരു പ്രതിമ മോസ്യൂഫൌച്ചർക്ക ഗാന്ധാരം അഥവാ പേഷാവാർ പ്രദേശത്തുനിന്നു ലഭിക്കുകയുണ്ടായിട്ടുണ്ടു്. അതിന്മേൽ 'ദക്ഷിണാപഥമൂലേശ്വര ലോകനാഥൻ' എന്നെഴുതുകയും ചെയ്തിരിക്കുന്നു. ശ്രീമൂലവാസം അഖിലഭാരതപ്രശസ്തിയുള്ള ഒരു ബൌദ്ധകേന്ദ്രമായി മദ്ധ്യകാലത്തു വർത്തിച്ചിരുന്നുവെന്നതിനു സംശയമില്ല. മദ്ധ്യതിരുവിതാംകൂറിൽ ബുദ്ധമതത്തിനുണ്ടായിരുന്ന പ്രചാരവും മററും നോക്കി തൃക്കുന്നപ്പുഴയോ അമ്പലപ്പുഴയോ സമീപമായിരിക്കണം പ്രസ്തുതസ്ഥലമെന്നു ശ്രീ. ഗോപിനാഥറാവുവും മററും ഊഹിച്ചിട്ടുണ്ടു്.

എന്നാൽ ശ്രീമൂലവാസത്തെപ്പററി അതുലൻെറ മൂഷികവംശം, അഥവാ മൂഷകവംശം, മഹാകാവ്യത്തിൽ അടങ്ങിയ ചില പ്രസ്താവനകൾ നോക്കുമ്പോൾ ആ സ്ഥലം വടക്കെ മലബാറിൽ എവിടേയോ ആണെന്നാണ് തോന്നുന്നതു്. 'എലി'യുടെ തർജ്ജമയാണ് 'മൂഷികം.' മാർക്കോപോളൊ മുതലായവർ 'എലി'രാജ്യത്തെപ്പററി വിവരിക്കുന്നു. എലിമല, ഏഴിമല ഇങ്ങനെ പ്രഖ്യാതമായ മലയുടെ പേരിൽനിന്നു രാജ്യത്തിൻെറ പേർ ഉണ്ടായതാകാമെന്നാണ് ഊഹം. ഏതായാലും കോലത്തുനാടാണ് ഏലിരാജ്യം എന്നു സുസമ്മതമാണ്. മുൻപറഞ്ഞ മൂഷികവംശം കാവ്യത്തിൽ ആ നാട്ടിലെ രാജാക്കന്മാരിൽ പലരേയും വർണ്ണിക്കുന്നു. രിപുരാമൻെറ പുത്രനായ വിക്രമരാമൻ എന്ന മൂഷകരാജാവു കടൽകയറി ശ്രീമൂലവാസം നശിപ്പിക്കാൻ തുടങ്ങുമ്പോൾ കല്ലും മരങ്ങളും കരയ്ക്കെറിഞ്ഞു കടലിൻെറ ആക്രമണം തടഞ്ഞുനിർത്തിയതായി ഒരിടത്തു പറയുന്നുണ്ടു്. കേരളത്തെ ചോളർ ആക്രമിപ്പാൻ തുടങ്ങിയപ്പോൾ രാമഘടൻ എന്ന മൂഷകരാജാവു തൻെറ മരുമകൻ വളഭനെ കേരളത്തിലേയ്ക്കു രാജസഹായാർത്ഥം അയച്ചുവെന്നും, എന്നാൽ ലക്ഷ്യസ്ഥലത്തെത്തുന്നതിനുമുമ്പു മാതുലൻ മരിച്ചതിനാൽ രാജകുമാരനു മടങ്ങിപ്പോകേണ്ടിവന്നുവെന്നും ആ ഗ്രന്ഥം പ്രസ്താവിക്കുന്നു. രാജേന്ദ്ര ചോളൻേറയും മററും കേരളാക്രമണം നടന്നതു് ക്രി. പി. 11-ാംശതകത്തിലാണല്ലോ. ശ്രീമൂലവാസം ഉത്തരകേരളത്തിലെ കടൽവക്കത്തുള്ള ഒരു ബുദ്ധവിഹാരമായിരുന്നുവെന്നും, 11-ാം ശതകത്തിലോ മറേറാ വല്ല കടൽ ആക്രമത്തിലുംപെട്ടു് അതു നിശ്ശേഷം നശിച്ചുപോയിരിക്കണം എന്നും ഊഹിപ്പാനാണ് കൂടുതൽ വഴി കാണുന്നതു്. അതിന്നുമുമ്പുതന്നെ കേരളത്തിൽ പൊതുവേ ബുദ്ധമതം ക്ഷയോന്മുഖമായിത്തീർന്നിരിക്കണം. ഏതായാലും 11-ാംശതകം മുതൽ ഇതിനെ സംബന്ധിച്ച വ്യക്തമായ വിവരമൊന്നും നമുക്കു ലഭിക്കുന്നില്ല. അൽബറൂണി (ക്രി.പി. 970-1039) എലി അഥവാ കോലത്തുനാട്ടിൽ

'ശമന'ന്മാരാണ് (ശ്രമണർ=ബൌദ്ധർ) അധികമെന്നു പറയുന്നുണ്ട്; മാർക്കോപോളോ തുടങ്ങി പിൽകാലത്തു വന്നവരെല്ലാം വിഗ്രഹാരാധനക്കാരെ മാത്രമെ കണ്ടുള്ളു.

ക്രി. പി. 7-ാംശതകത്തിൽ ഇന്ത്യ സന്ദർശിച്ച ഹ്യൂയാൻഷാങ്ങ്തന്നെ തെക്കൻ പ്രദേശങ്ങളിൽ-അദ്ദേഹത്തിൻെറ 'മാലകൂടം' എവിടെയാണെന്നു് ഇപ്പോഴും തീച്ചയില്ല—ബുദ്ധമതം ക്ഷയോന്മുഖമായാണ് കണ്ടതു്. 13-ാം ശതകത്തിൽ മലബാർ സന്ദർശിച്ച ചൗ-ഝു-കാ എന്ന ചൈനീസ് വ്യാപാരി ആളുകളെല്ലാം വലിയ ബുദ്ധഭക്തന്മാരാണെന്നുപറയുന്നുണ്ട്. 15-ാംശതകത്തിൽ വന്ന മാഹുവാൻകൂടി കൊച്ചിരാജാവു വലിയ ബൌദ്ധനാണെന്നു രേഖപ്പെടുത്തുന്നു. സ്വതവെ ബുദ്ധമതക്കാരാകയാൽ അവർ ഈ നാട്ടുകാരിലും ബുദ്ധമതാനുഷ്ഠാനങ്ങൾ കണ്ടെത്തിയിരിക്കണം; ബുദ്ധമതം നശിച്ചപ്പോൾ അതിൻെറ വിഗ്രഹാരാധനയും ആചാരാദികളും മററും ഹിന്ദുക്കൾ സ്വീകരിച്ചു. പുറമെയുള്ളവക്കു ഹിന്ദുക്കളും ബുദ്ധമതക്കാരുമായുള്ള വ്യത്യാസം കണ്ടുപിടിപ്പാൻ തന്മൂലം തീരെ വിഷമവുമായി. ഇതായിരിക്കണം മുൻപറഞ്ഞ ചൈനക്കാരുടെ തെററിയ പ്രസ്താവനയ്ക്കവലംബം. മാർക്കോപോളോ, ഇബൻ ബതൂററതുടങ്ങിയവർ, 13-ഉം 14-ഉം ശതകങ്ങളിൽ കേരളത്തിലെവിടേയും ബുദ്ധമതക്കാരെക്കണ്ടില്ല. ഇന്നേയ്ക്കു് ഒരു ആയിരംകൊല്ലം മുമ്പുതന്നെ അതു തമിഴനാട്ടിലെ മററു സ്ഥലങ്ങളിലെന്നപോലെ കേരളത്തിലും ക്ഷയിച്ചുകഴിഞ്ഞിരിക്കണം.

ക്ഷയകാരണങ്ങളിൽ പ്രധാനം ക്രി. പി. 4-ാംശതകംമുതൽ 8-ാംശതകംവരെ തമിഴനാട്ടിൽ ശക്തിയായിപ്രവത്തിച്ച ശൈവവൈഷ്ണവമതങ്ങളുടെ ആഘാതമാണെന്നതിനു സംശയമില്ല. 7-ാംശതകത്തോടുകൂടി കേരളത്തിൽ ബുദ്ധമതത്തിൻെറ ഉയച്ച നിന്നിരിയ്ക്കണം;പിന്നേയും ഏതാനും നൂററാണ്ടുകൾകൂടി ജീവിച്ച് 11-ാംശതകത്തോടുകൂടി തീരെ നശിച്ചുപോയിരിക്കും. തമിഴ

നാട്ടിലെ ആഠംവാർമാരും നായനാർമാരും (വൈഷ്ണവരും ശൈവരും ആയ ആചാര്യന്മാർ)ബുദ്ധമതത്തിന്റെനേക്ക ക്രൂരവും ചിലപ്പോഠം നീചവും ആയ ആക്രമണംനടത്തിയിട്ടുണ്ട്. അവരും സംബന്ധരും മററും തങ്ങളുടെ ദേവപ്രാത്ഥനകളിൽക്കൂടി ശത്രു നിന്ദ നിറയ്ക്കുവാൻ മടിച്ചിട്ടില്ല. ഓരോ 'പതിക'ത്തിന്റെയും ഒടുവിൽ ഒരു പദ്യം ശത്രുവിനെ ശകാരിപ്പാൻമാത്രം വിനിയോഗിക്കത്തക്കവിധം മതഭ്രാന്തായിരുന്നു ഇവക്കുണ്ടായിരുന്നതു്. തിരുമങ്ങ്ഗൈ ആഠംവാർ ബുദ്ധക്ഷേത്രങ്ങഠം കവന്നെടുത്ത പണം കൊണ്ടു ശ്രീരങ്ങ്ഗംക്ഷേത്രം പരിഷ്കരിച്ചതായിക്കാണുന്നുണ്ടു്. ശൈവരും വൈഷ്ണവരും മാത്രമല്ല, കേരളത്തെ സംബന്ധിച്ചിടത്തോളം, അദ്വൈതികളും മീമാംസകരും മററും ബുദ്ധമദ്ദനത്തിൽ പങ്കെടുത്തിരിക്കണം. മീമാംസകന്മാരുടേയും യാഗക്കാരുടേയും ശക്തിയേറിയ താവളമായിരുന്നു പണ്ടേ കേരളം. നമ്മുടെ നമ്പൂതിരിമാരുടെ സംഘക്കളി ബൌദ്ധവിജയത്തിന്റെ സ്മാരകമായിപ്പറയാറുണ്ടു്. അതുതന്നെ ഇവിടെ ബുദ്ധമതത്തിനു ബ്രാഹ്മണരിൽനിന്നുണ്ടായിട്ടുള്ള എതിപ്പു തെളിയിക്കുന്നു. സിലോണിൽനിന്നു വന്ന ഈഴവർ ആദ്യബൌദ്ധരായിരിക്കണമെന്നും, കേരളത്തിൽ ഹിന്ദുമതത്തിനു പ്രാബല്യം വന്നപ്പോഠം അവരും അന്യരായികളും പതിതരായി ഗണിക്കപ്പെട്ടുവെന്നും ഊഹിക്കപ്പെടുന്നു. ഈഴവൻ ക്രി. പി 10-ാംശതകത്തിൽത്തന്നെ കേരളീയശാസനങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്; എന്നാൽ അന്നവർ ബൌദ്ധരാണെന്നു തോന്നുന്നുമില്ല. മുൻപറഞ്ഞ ബി. സി. 3-ാംശതകത്തിലെ കഴകർമല തമിഴ് ശിലാലേഖനങ്ങളിൽ 'ഈള'പദം പ്രത്യക്ഷപ്പെടുന്നുണ്ടു് എന്നതും സ്മത്തവ്യമാണു്.

തമിഠംനാട്ടിലെ ശൈവവൈഷ്ണവകലഹവും മററും കേരളത്തിൽ ഇല്ല. എല്ലാ മതവും തുല്യമാണിവിടെ. ബുദ്ധമതം നശിച്ചപ്പോഠം അതിലെ അനുഷ്ഠാനാദികളും കേരളീയർ സ്വന്തമാക്കി. ബൌദ്ധരുടെ ദേവന്മാർ ഹിന്ദുദേവന്മാരിൽ ലയിച്ചു.

ഇവിടത്തെ ശാസ്താവു ബുദ്ധനാണെന്നു പറയാറുണ്ടെങ്കിലും ആ ദേവൻ തമിഴ്നാട്ടിലെ അയ്യനാരാണെന്നു പറയുകയാണു കൂടുതൽ യുക്തം. ബുദ്ധവിഹാരങ്ങൾ കേരളത്തിൽ ഭഗവതീക്ഷേത്രങ്ങളും മററുമായിട്ടാണ് അധികം മാറിയിട്ടുള്ളതെന്നു തോന്നുന്നു. മാംസഭക്ഷണാദികളുടെ വർജ്ജനം കേരളീയ ജീവിതത്തിൽ കൂടുതൽ പ്രചരിച്ചതു ബുദ്ധമതപ്രേരണകൊണ്ടാകാം. ബങ്കാളിലും മററും ബ്രാഹ്മണർകൂടിമാംസഭുക്കുകളാണല്ലോ. നമ്മുടെ ക്ഷേത്രങ്ങളിലെ കാളകെട്ട്, കുതിരകെട്ട് തുടങ്ങിയ 'കെട്ടുകാഴ്ച' ഉത്സവങ്ങൾ ഉൽപത്തിയിൽ ബൌദ്ധമാണ്. തേരുവലിയും ഇങ്ങനെതന്നെ.

ക്രി. മു. 3_ാംശതകം മുതൽ ക്രി. പി. 11_ാം ശതകംവരെ കേരളത്തിൽ ബുദ്ധമതത്തിനുണ്ടായിരുന്ന പ്രചാരത്തെപ്പററി ഒരു സാമാന്യജ്ഞാനം വായനക്കാർക്ക് ഈ ലേഖനത്തിൽനിന്നു ലഭിച്ചിരിക്കും.

★

# അഞ്ചുവണ്ണമും മണിക്കിരാമമും

കോട്ടയം ചെപ്പേടുകൾ, ഭാസ്കർരവിയുടെ യഹൂദശാസനം, വീരരാഘവചക്രവർത്തിയുടെ ചെപ്പേട് എന്നിവയിൽ പ്രത്യക്ഷപ്പെടുന്ന വർത്തകസംഘങ്ങളാണ് അഞ്ചുവണ്ണമും മണിഗ്രാമമും. സിവിലും ക്രിമിനലുമായ ധാരാളം അധികാരാവകാശങ്ങളോടുകൂടി മദ്ധ്യകാലത്തുണ്ടായിരുന്ന 'ശ്രേണി'കൾ (guilds) ആണ് ഇവ.[1] കേരളത്തിലെ ശാസനങ്ങൾ തന്നെ ഇവയുടെ പ്രാധാന്യം വിളിച്ചുപറയുന്നുണ്ട്. ദക്ഷിണേന്ത്യയിലും വിദേശത്തും പ്രാമാണ്യമുണ്ടായിരുന്ന ഇവയെപ്പററി പല പഠനങ്ങളും നടന്നിട്ടുണ്ടെങ്കിലും എല്ലാംകൂടി ചേർത്തുവെച്ച് ഒരു ലഘുപഠനം നടത്തുന്നത്

---

1 ഇന്നും ഇത്തരം സംഘടനകൾക്ക് ഇന്ത്യയിൽ പലേടത്തും ഗണ്യമായ ശക്തിയുണ്ട്. സർ ആശുതോഷ് മുക്കർജി രജതജൂബിലി ഗ്രന്ഥങ്ങൾ വാ. 1-ൽ ഡോ. രാധാകമൽ മുക്കർജി എഴുതിയ "The Guild in Modern India: Its constitution & Expansion" എന്ന ലേഖനം നോക്കുക. പഴയ നിലയുടെ ശരിയായ തുടർച്ച ഇതിലെല്ലാം കാണാം.

രസാവഹമായിരിക്കുമെന്നു കരുതുന്നു. ഇതിനുമുമ്പായി ഇത്തരം സംഘടനകളുടെ സ്വഭാവത്തെപ്പററിയും അവയ്ക്കു പൊതുവിലുണ്ടാകുന്ന സ്ഥാനത്തെപ്പററിയും അല്പം അറിയുന്നതാവശ്യമാണ്.

### രണ്ടുതരം സംഘങ്ങൾ

ദാക്ഷിണാത്യശാസനങ്ങൾ പല സംഘടനകളേയും നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്. കൈത്തൊഴിലിനെ ആസ്പദിച്ചും കച്ചവടത്തെ ആസ്പദിച്ചും രണ്ടുതരം സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. എണ്ണയാട്ടുകാർ, പല്ലക്കു ചുമക്കുന്നവർ, കല്ലുവെട്ടുകാർ, ആശാരി, കരുവാൻ, തട്ടാൻമുതലായവർ, നെയ്ത്തുകാർ, ചെത്തുകാർ, പാൽക്കറവുകാർ തുടങ്ങിയ പലക്കും സംഘടനകളുണ്ടായിരുന്നതായി ക്കാണുന്നുണ്ട്. കച്ചവടക്കാരെസംബന്ധിച്ചിടത്തോളം അടയ്ക്കാക്കച്ചവടക്കാർ, പരുത്തിക്കച്ചവടക്കാർ തുടങ്ങിയവർ മുതൽ രത്നവ്യാപാരികൾവരെയുള്ളവർക്കെല്ലാം പ്രത്യേക സംഘങ്ങൾ ഉണ്ടായിരുന്നു. ശാസനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഈ വർത്തകസംഘങ്ങളുടെ എണ്ണം ചെറുതൊന്നുമല്ല. ദേശികൾ, നാനാദേശികൾ, ഉഭയനാനാദേശികൾ, പാണ്ഡ്യനാട്ടുചെട്ടികൾ, പതിനെട്ടുനാട്ടിലെ വളഞ്ചിയർ, മലയാളർ, വൈശ്യപണ്യനഗരത്താർ, അങ്കകാരർ. ഇങ്ങനെ നീണ്ടുപോകുന്നതാണ് ഈ പട്ടിക. തണ്ട, മുമ്മുരിതണ്ട, നഗരമുമ്മുരി, സമസ്തനഗരമുമ്മുരി, ജവര, ജാതിക തുടങ്ങിയ വിചിത്രനാമങ്ങളും ഇതിൽ കാണും.[2] ആയ്ഹോൾ (അയ്യാവോൾ) മിറാജ് എന്നിവിടങ്ങളിലുള്ള സംഘത്തിലെ പ്രമുഖാംഗങ്ങളായിരുന്നു ബീരബണിജർ (വീരവണിജർ). വീരബണജിഗ, വീരബനഗ, ബണജിഗ, ബളഞ്ജ, ബനഞ്ജു, ബണഞ്ജ, ബണഞ്ജിഗ ഇങ്ങനെ പല തരത്തിലും കാണുന്ന പേരാണ് ഒടുവിൽ

---

2 Dr. A. Appadurai, Economic conditions in South India, Vol. I. P. 378.

വളഞ്ചിയരായിത്തീരുന്നതു്.[3] ആന്ധ്ര കർണ്ണാടകപ്രവിശ്യകളിലെ ലിംഗായതശൈവരാണു് വീരവണിജർ. പല നാട്ടുകാരും ചേൎന്ന സംഘടനകൾ സഹകരണപൂർവ്വം എല്ലായിടത്തും പ്രവൎത്തിച്ചു വന്നു. അനന്തപ്പൂർ ജില്ലയിലെ ഹിഞ്ജേരുവിലുണ്ടായിരുന്ന വാണിജ്യസംഘത്തിൽ തമിഴർ, തെലുങ്കർ, കന്നടക്കാർ, മലയാളർ എന്നിവരെല്ലാം ഉണ്ടായിരുന്നതായിക്കാണുന്നുണ്ടു്. വേൺഗ്രാമത്തിലെ സംഘത്തിൽ കേരളീയരും ഗുജറാത്തികളുമുണ്ടായിരുന്നു.

## അധികാരാവകാശങ്ങൾ

അയ്യാവോളിലെ (മൈസൂർ) പ്രസിദ്ധ വ്യാപാരസംഘം അമ്പതോളം ശാസനങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. ക്രി. പി. 8–ാം ശതകം മുതൽ ഏഴു നൂററാണ്ടുകളോളം ഇതു സജീവമായി പ്രവൎത്തിച്ചു കാണുന്നു. രേഖകൾ നോക്കിയാൽ 12–ാംശതകമാണു് ഇവയുടെ ശുക്രദശ. ക്രി. പി. 1150ന്നടുത്തുണ്ടായ അവിടത്തെ ഒരു ശാസനത്തിൽ ചേര, ചോള, പാണ്ഡ്യ, മഗധാദി സ്ഥലങ്ങൾ സന്ദർശിച്ചു കിട്ടിയ ആനകൾ, രത്നങ്ങൾ മുതലായവ കൊണ്ടെല്ലാം പ്രസ്തുത വൎത്തകന്മാർ രാജഭണ്ഡാരം നിറയ്ക്കുന്നതായി വൎണ്ണിച്ചിട്ടുണ്ടു്. മൽഗുണ്ഡിയിലെ വ്യാപാരികൾക്കു് മുന്നൂററ രുപതു നഗരങ്ങളിലാണു് അധികാരാവകാശങ്ങളുണ്ടായിരുന്നതു്. 1083ൽ ബൽഗാമിലെ ഒരു വൎത്തകസംഘത്തിന്നു പതിനെട്ടു നഗരങ്ങളിൽ ശാഖകളുണ്ടായിരുന്നതായി കാണുന്നു. സ്വാമികൾ, നാനാദേശികൾ, ചെട്ടികൾ തുടങ്ങി അഞ്ഞൂററിയഞ്ചു പ്രമുഖാംഗങ്ങൾ അടങ്ങിയതായിരുന്നു അയ്യാവോളിലെ സംഘടന. ഇത്തരം സ്ഥാപനങ്ങളുടെ കാര്യനിൎവ്വാഹകസംഘങ്ങളിൽ അവ

3 A. P. Karmarkar, Cultural History of Karnataka. pp. 98–99. വളഞ്ചിയർ കടൽ വ്യാപാരത്തിൽ പ്രാമാണ്യം നേടിയതായിക്കാണുന്നു. വളഞ്ചിയം, കടത്തുവളഞ്ചിയം (കടത്തുകൂലി) എന്ന പദം നോക്കുക.

യുടെ പ്രാധാന്യമനുസരിച്ച് അംഗങ്ങൾ വ്യത്യാസപ്പെട്ടിരിക്കും. മുൽഗുണ്ടിൽ നാലും, ബെൽഗാമിൽ ഒമ്പതും, മിറാനിൽ പതിനഞ്ചും അംഗങ്ങൾ അടങ്ങിയതായിരുന്നു ഇത്തരം കമ്മിററികൾ. വലിയ സംഘങ്ങളുടെ നേതാവായ പട്ടണസ്വാമി അഥവാ പട്ടണച്ചെട്ടി നഗരമേധാവിയായി നിശ്ചയിക്കപ്പെട്ടിരുന്നു. ആയാൾ ചിലപ്പോൾ ഒരു'വസ്തുവ്യവഹാരി'(വൃദ്ധവ്യവഹാരി)യായിരിക്കും. രാജാക്കന്മാർ ചിലപ്പോൾ ഈ സ്ഥാനം ചില പ്രമാണികൾക്കു നൽകുക പതിവായിരുന്നു. രാജാധികാരത്തിന്റെ വലംകൈയായിട്ടാണ് ഇവർ വർത്തിച്ചിരുന്നതു്. വർത്തകസംഘങ്ങൾക്കു പൊതുയോഗങ്ങൾ മാത്രമല്ല പ്രത്യേകം ഉത്സവാഘോഷങ്ങൾ കൂടിയുണ്ടായിരുന്നു. ക്ഷേത്രാദികളുടെ സംരക്ഷണം ഇവരെ ഏല്പിക്കുക പതിവാണ്. അവയിലേയ്ക്കു വലിയ സംഭാവനകൾ അവർ നല്കിയുംവന്നു. മാത്രമല്ല, ഈ വണിക്സംഘങ്ങൾക്കു പ്രത്യേകമായ ചില അധികാരാവകാശങ്ങൾ ഉണ്ടായിരുന്നു. ഉദാഹരണമായി അയ്യാവോൾ സംഘക്കാർക്കു ശത്രുക്കളുടെ കൈകൾ ദണ്ഡോട്ടു ചേർത്തു കെട്ടി നഗരം ചുററാൻ ഉള്ള അധികാരമുണ്ടായിരുന്നതായിക്കാണുന്നുണ്ടു്. തെരകണംബി എന്ന സ്ഥലത്തെ വീരപാഞ്ചാളർക്ക് കുററക്കാരെ ജാതിഭ്രഷ്ടാക്കുവാനും നാട്ടിൽനിന്നു ബഹിഷ്കരിപ്പാനും അവകാശമുണ്ടായിരുന്നു. നിയമശാസനങ്ങൾ പുറപ്പെടുവിക്കാൻകൂടി അധികാരമുണ്ടായിരുന്നു ചിലവയ്ക്കു്. ബെൽഗാമിലെ വണിക്സംഘം ഇത്തരം 500 ശാസനങ്ങൾ പുറപ്പെടുവിച്ചതിന്നു തെളിവുണ്ടു്. ധർവാർ ജില്ലയിലെ ദംബൽപ്രദേശത്തെ സംഘത്തിനു സ്വന്തമായി വെഞ്ചാമരവും കുടയുമുണ്ടായിരുന്നു. സ്വന്തം കൊടിയുണ്ടായിരുന്നവയാണ് ബെൽഗാം, കോൽഹാപ്പൂർ, അയ്യാവോൾ എന്നിവിടങ്ങളിലെ സംഘടനകൾ. അയ്യാവോൾക്കാരുടെ കൊടിയെ നിരുട്ടഗുസ്സിയെന്നാണ് വിളിച്ചിരുന്നതു്. മററ രണ്ടു സംഘക്കാർക്കും പ്രത്യേക വാദ്യങ്ങൾ ഉണ്ടായിരുന്നു. ഇതുകൊണ്ടും കഴിഞ്ഞില്ല. അയ്യാവോൾ, ദംബൽ, മിറാജ് എന്നിവിടങ്ങളിലെ

വർത്തകസംഘങ്ങൾക്ക് സ്വന്തം പട്ടാളംകൂടി ഉണ്ടായിരുന്നതായി ക്കാണുന്നുണ്ട്.[4] വലിയ സ്വാധീനശക്തിയുള്ള കൊട്ടാരംവണി ക്കുകൾ ഉണ്ടായിരുന്നു അക്കാലത്ത്. ക്രി. പി. 1117നടുത്തു പോയ്(=ഹോയ്) സാലച്ചെട്ടി, നേമിച്ചെട്ടി എന്നു രണ്ടുപേർ ഹോയ്സാല രാജാക്കന്മാരുടെ സ്വന്തം ചെട്ടിമാരായിരുന്നു. ഇതിൽ ഹോയ്സാലച്ചെട്ടിയ്ക്കു 'ത്രിഭുവനമല്ല ചലദങ്കരാവ്' എന്നൊരു സ്ഥാനമുണ്ടായിരുന്നതായിക്കാണുന്നുണ്ട്.[5] ക്രി. പി. 1130നോടടുത്ത് അദ്ദേഹം അയ്യാവോളിലെ ഒരു മല്ലിച്ചെട്ടിയ്ക്ക് ആ സ്ഥാനം കൊടുത്തുകൊണ്ടാണ് മരിയ്ക്കുന്നതു്. (സ്വന്തം സ്ഥാന മാനങ്ങൾ അന്യർക്കുകൂടി നൽകാമായിരുന്നുവെന്നു താല്പര്യം. ഭാസ്കര രവിയുടെ ശാസനത്തിൽ 'സന്തതിപ്പിരകിരിതിയായി അഞ്ചുവണ്ണ സ്ഥാനം നൽകുന്നതു സ്മരിക്കുക). 'ചലദങ്ക' ബിരുദം കന്നാ ടകത്തിൽ പല വണിക്പ്രമാണികൾക്കും ഉണ്ടായിരുന്നതായിക്കാ ണുന്നു. ഇത്തരക്കാരിൽ ചിലർ ചേർന്നാണ് ക്രി. പി. 1120-ൽ ശ്രവണബാംഗോളയിലെ ഗോമടേശ്വരക്ഷേത്രം കേടുതീർത്തതു്. ക്രി. പി. 1062-ൽ രാജാ വീരശാന്തരദേവൻെറ ഉദ്യോഗസ്ഥ ന്മാരിൽ പ്രധാനിയായിരുന്നു നൊക്കയ്യച്ചെട്ടി. 'ശമൃതവാരാശി' എന്ന ബിരുദമുണ്ടായിരുന്ന ഇദ്ദേഹം ഹുംച്ചയിലെ പ്രസിദ്ധമായ പട്ടൺസ്വാമിജിനാലയം പണിചെയ്യിച്ചു. ഇങ്ങനെ നാനാമുഖ മായ പ്രശസ്തിയും പ്രാമാണ്യവും വർത്തകസംഘങ്ങൾക്കുണ്ടായി രുന്ന ഒരു കാലത്താണ് വീരരാഘവചക്രവർത്തി 'ഇരവികോർത്തന നായ ചേരമാൻ ലോകപ്പെരുഞ്ചെട്ടിയ്ക്കു മണിക്കിരാമപട്ടം' കൊടു ക്കുന്നതും, 'പഞ്ചവാദ്യവും, പകൽ വിളക്കും പാവാടയും' മററവ

---

4 Ibid, pp. 99-101.

5 B. A. Saltore Mediaeval Jainism p. 179.

6 ശ്രവണ=ശ്രമണ. 'ബാംഗൊള'യിൽ 'വെൺകുളം' (സ്വച്ഛതടാകം) ആണ് ഒളിച്ചിരിയ്ക്കുന്നത്! പ്രസിദ്ധ ജൈനമതകേന്ദ്രമാണ് ശ്രവണബാംഗോള.

കാശങ്ങളും നല്കുന്നതും. താഴെ വിവരിക്കുന്ന അഞ്ചുവണ്ണം, മണിക്കിരാമം എന്നിവയും ശാസനങ്ങളിൽ കാണുന്നത്ര ഉയൎന്നസ്ഥാനം ലഭിച്ചതെങ്ങനെ എന്നു മുകളിൽചേൎത്ത യാഥാൎത്ഥ്യങ്ങളുടെ വെളിച്ചത്തിലേ മനസ്സിലാവുകയുള്ളൂ.

ഇനി ഇവ രേഖകളിൽ പ്രത്യക്ഷപ്പെടുന്നതെങ്ങനെയെന്നു നോക്കാം.

## കേരളീയശാസനങ്ങൾ

കോട്ടയം ചെപ്പേട്ട് നംബർ 1_ൽ (ക്രി. പി. 848_49), സ്ഥാണുരവിയുടെ അഞ്ചാം ഭരണവൎഷത്തിൽ വേണാട്ടിലെ 'അയ്യനടികൾ തിരുവടിയും അതികാരരും പിരകരുതിയും മണിക്കിരാമവും അഞ്ചുവണ്ണവും പൂന്നൈത്തലപ്പതിയും' കൂടി ആലോചിച്ച് കുരക്കേണിക്കൊല്ലത്ത് എശോദാ തപിർ പണി ചെയ്യിച്ച തരിസാപ്പള്ളിയ്ക്ക് ഈഴവരേയും മററും അവകാശങ്ങളോടുകൂടി ദാനം ചെയ്യുന്നു. പ്രസ്തുത രേഖയിൽ കൂടിയാലോചനയോഗത്തിലെ പ്രമുഖാംഗങ്ങളായിട്ടാണ് മണിഗ്രാമക്കാരും മററും പ്രത്യക്ഷപ്പെടുന്നത്. കോട്ടയം ചെപ്പേട്ട് നംബർ 2_ൽ തരിസാപ്പള്ളിയ്ക്കു കുറേ ഭൂമി കൊടുക്കുന്നു. 'അയ്യനടികൾ തിരുവടിയും ഇളംകൂർ വാഴുന്ന .രാമതിരുവടിയും അതികാരരും പ്രകൃതിയും അറുനൂററവരും' മററുമാണ് കൂടിയാലോചനക്കാർ. പള്ളിയേയും ഭൂമിയേയും രക്ഷിയ്ക്കേണ്ട ചുമതല അറുനൂററവരിലും അഞ്ചുവണ്ണം, മണിഗ്രാമം എന്നിവയിലും നിക്ഷേപിക്കുന്നു. അന്നുള്ള ചുങ്കം പിരിയ്ക്കേണ്ടതു് ഒടുവിൽ പറഞ്ഞ രണ്ടു കൂട്ടരുമാണ്. ഭൂമി കൃഷിയ്ക്കേല്പിച്ചാൽ രാജാവിന്നുള്ള പത്തിലൊന്നും, ദേശവാഴിയ്ക്കുള്ള പത്തിലൊന്നും പിരിയ്ക്കേണ്ട ഭാരവും ഇവൎക്കു തന്നെ. പുറമേ, പള്ളിക്കാൎക്ക് അന്യായമുണ്ടായാൽ അതു തീൎക്കേണ്ടതും ഇവരാണ്. തങ്ങൾതന്നെ കുററം ചെയ്താൽ അന്വേഷണവും തീൎപ്പും അവർ

തന്നെ നടത്തണം. ഇത്തരം നിബന്ധനകളോടുകൂടി നഗരത്തിൻെറ സൂക്ഷിപ്പുകാരായി അവരെ നിശ്ചയിച്ചിരിക്കുന്നു. ഇത്യാദികാര്യങ്ങളാണ് പ്രസ്തുത ശാസനത്തിലടങ്ങുന്നതു്.

ക്രി. പി. 10_ാംശതകത്തിൻെറ ഒടുവിൽവരുന്ന ഭാസ്കരരവിയുടെ യഹൂദശാസനം കൊടുങ്ങല്ലൂരിലെ ഈസുപ്പ് ഇറപ്പാനുക്കു് 'അഞ്ചുവണ്ണപ്പേറും പകൽവിളക്കും പാവാടെയും അന്തോളമും കുടയും വട്ടകപ്പറെയും' മററവകാശങ്ങളും '72 വീട്ടപേറും' നല്കുന്നതാണ്. അഞ്ചുവണ്ണസ്ഥാനം മരുമക്കളെടക്കമുള്ള ആയാളുടെ സന്തതിപരമ്പരയ്ക്കെല്ലാം ലഭിക്കുന്നു. ഈ അവകാശപത്രത്തിന്നു വേണാടു, ഏറാളനാടു, വള്ളുവനാടു തുടങ്ങിയ നാടുവാഴികളെ സാക്ഷികളാക്കിയിട്ടുണ്ടു്. മണിഗ്രാമത്തെപ്പററി ഇതിൽ പ്രസ്താവനയില്ല.

ഇരിങ്ങാലക്കുടയ്ക്കടുത്ത താഴക്കാട്ടിൽനിന്നു കിട്ടിയതും ചേരരാജാവായ ഒരു രാജസിംഹൻെറ (ഇരായശിങ്ഗപ്പെരുമാനടികാം) മൂന്നാം ശാസനവഷത്തിൽ (ക്രി. പി. 11_ാംശതകം—ആദ്യപാദം) ഉണ്ടായതായിക്കാണുന്നതും ആയ ഒരു ശാസനത്തിൽ ആ നാട്ടുകാർ ഏതാനും കച്ചവടക്കാർക്ക ചന്ത പണിയുവാൻ സ്ഥലം കൊടുക്കുന്നതായും, അതിൽ മണിഗ്രാമക്കാരിൽപ്പെട്ട ചാത്തൻ വട്ടകൻ, ഇരവി ചാത്തൻ ഇങ്ങനെ രണ്ടുപേരെ തങ്ങളുടെ 'ഇരണ്ടു മൂറിപ്പീടികൈ'ക്കു ന്യായപ്രകാരം കൊടുക്കേണ്ട വാടകയിൽനിന്നൊഴിവാക്കുന്നതായും കാണുന്നുണ്ടു്. ('ഇവ്വമൈഞ്ചുവാണിയരിൽ മണിക്കിരാമത്തൻ ചാത്തൻ വട്ടകനും ഇരവിച്ചാത്തനും ഇവർകാം ഇരുവക്കും ഇരണ്ടുമൂറിപ്പീടികൈയാലും നൈഇല്ലൈ') പന്തൽ കാണം, തട്ടാൻ കൂലി തുടങ്ങിയ പലതും അവിടത്തെ ഏതു കച്ചവടക്കാരിൽനിന്നും ഈടാക്കുവാൻ പാടില്ലെന്നുകൂടി ശാസനം വിധിക്കുന്നു. അഞ്ചുവണ്ണക്കാരെപ്പററി ഇതിൽ പ്രസ്താവനയൊന്നുമില്ല.

ക്രി. പി. 13-ാംശതകത്തിൻെറ പൂൎവ്വാൎദ്ധത്തിലുണ്ടായ വീര രാഘവചക്രവൎത്തിയുടെ ചെപ്പേട്ട് മുകളിൽ പറഞ്ഞപോലെ കൊടുങ്ങല്ലൂരിലുള്ള 'ഇരവി കോൎത്തനനായ (രവിഗോപിൎദ്ധനൻ) ചേരമാൻ ലോകപ്പെരുഞ്ചെട്ടിയ്ക്കു മണിക്കിരാമപട്ടം കൊടുക്കുന്ന' താണ്: 'പഞ്ചവാദ്യവും ശംഖും പകൽവിളക്കും എന്തോളവും കൊററക്കുടയും എല്ലാം അൻവദിയ്ക്കുന്നതിന്നു പുറമേ തുറമുഖത്തെ ചുങ്കവും മററും പിരിയ്ക്കാൻ അവകാശവും നല്കുന്നു. ഈ മണിക്കി രാമപട്ടവും 'മക്കൾ മക്കൾക്കേ വഴി വഴിയേ പേറാക'കൊടുക്കു ന്നതാണ്. പന്നിയൂരും ചൊവ്വരയും ഏറനാട്, വള്ളുവനാട് മുതലായവയ്ക്കു പുറമേ, ഇതിൽ സാക്ഷികളാണ്. ഇതിൽ അഞ്ചു വണ്ണത്തിൻെറ പ്രസ്താവനയില്ല.

കൊല്ലത്തെ ജമാത്തു പള്ളിയിലെ കുളക്കല്ലിലുള്ള, വളഞ്ചി പ്പെരെയർ....മണിക്കിരാമമും.....രൈപ്രകാരം....തു കൊടുത്തതു്' എന്നൊരു അപൂൎണ്ണലേഖനമുള്ളതു മണിക്കിരാമം എന്ന പേർ കാണിയ്ക്കുക മാത്രമേ ചെയ്യുന്നുള്ളു.

പതിനഞ്ചാം ശതകത്തിലുണ്ടായതായി ഗണിയ്ക്കപ്പെടുന്ന പയ്യന്നൂർ പാട്ടിൽ കോവാതലച്ചെട്ടി അഞ്ചുവണ്ണം കൂട്ടം മണിക്കി രാമത്താർ മക്കൾ' എന്നൊരു പ്രസ്താവനയുണ്ട്. ഇതിൽനിന്നു വൎത്തകരുടെ മൂന്നു നാലു പേരു കേട്ട കുലങ്ങൾ ഉണ്ടായിരുന്നു വെന്നു മാത്രം അറിയാം. അവരുടെ 'ചങ്ങാത'ത്തെ അഥവാ ദേഹരക്ഷാൎത്ഥമുള്ള അകമ്പടിയെ ഇതിൽ സൂചിപ്പിയ്ക്കുന്നു.

## മറുനാടുകളിൽ

കേരളത്തിന്നു പുറത്താണ് ഇനിയുള്ള രേഖകൾ. തമിഴ്നാ ട്ടിലെ തിരുവെള്ളറൈശാസനം—തിരുവാനൈക്കാവിൽനിന്നു ലഭിച്ചിട്ടുള്ളതു്—'രാജകേസരിവമൎക്കയാണ്ടു് 13-ൽ.......വേതം വല്ലാൻ ഒരു ബ്രാഹ്മണനൈ ഊട്ടുവിതാക ഉറൈയൂർ മണിക്കിരാ

മത്തു നാരായണനൻ ആച്ചൻ' അമ്പതുകഴഞ്ചു പൊൻ ക്ഷേത്രത്തി ലേയ്ക്കു സംഭാവനചെയ്യുന്നതായി രേഖപ്പെടുത്തുന്നു. പണത്തിൻെറ പലിശകൊണ്ടാണ് ഊട്ടു നടത്തേണ്ടതു്.

ഇതുപോലെ ഒരു ധർമ്മകാര്യമാണ് സേലത്തെ ശുകവനേ ശ്വരക്ഷേത്രത്തിലെ ശാസനത്തിൽ വരുന്നതു്. 'രാജകേസരി വ മക്കുയാണ്ടു മൂൻറാവതിൽ കൊട്ടംപാളൂർ മണിക്കിരാമത്തുവ്യാപാരി മഞ്ചൻ മണിയമാർത്താണ്ടൻ,' പലിശകൊണ്ടു് ബ്രാഹ്മണരെ ഊ ട്ടാൻ ഏതാനും കഴഞ്ചു് പൊൻ ക്ഷേത്രത്തിലേയ്ക്കു് സംഭാവന ചെയ്യുന്നു.

കുററാലനാഥക്ഷേത്രത്തിലെ ശാസനത്തിൽ കാണുന്നതിങ്ങ നെയാണ്:—'പരകേസരി വണ്മക്കുയാണ്ടു് 21_ൽ കുററാലത്തു പെരുമാനടികളുക്കു തെൻവരിനാട്ടു.....നല്ലൂർ മണിക്കിരാമത്തു ധർമ്മചെട്ടി ആയിന ചടയെൻ ഗവെയൻവച്ച വിളക്കൊൻറ' രാമന്തളി ശാസനത്തിലെ, '.....നരസിംഗവിണ്ണകർ ദേവക്ക് അമൈച്ച പരിയാവിതു.....ഇതു കണ്ടു ഇളംകോപട്ടനാട്ടു മണിക്കി രാമത്താർ' എന്ന ഭാഗത്തിൽനിന്നു് ഒരു ദേവകാര്യമാണ് ഇതി ലേയ്യം വിഷയമെന്നു വരുന്നുണ്ടു്.

വീരപാണ്ഡ്യൻെറ തീർത്താണ്ടതാനപുരം ശാസനം കൂടുതൽ കാര്യസ്പർശിയാണ്. 'ഇവ്വൂരിൽ ഇരുക്കിറ അഞ്ചുവണ്ണം മണിക്കി രാമത്തോമും ആരിയരിൽ സാമന്തപണ്ടശാലിയും ഐശരും (?) പട്ടാരിയരും തോയാവത്തിരച്ചെട്ടികളും തെന്നിലൈങ്ക്കവളഞ്ചി യരും കൈക്കോളരും തുശുവരും വാണിയരും നീണ്ട കരൈയാരും കൂടി. കോയിൽ തിരുമുമ്പിലെ നിവൈവെറ കൂടിയിരുന്തു' എന്നു തുടങ്ങുന്ന ഈ രേഖയിൽ, സർവ്വതീർത്ഥമുടയനായനാർ ക്ഷേത്ര ത്തിലെ കേട്ടവന്ന മണ്ഡപം പണി തീക്കുന്നതിന്നു പണം പോരാ തെവന്നതിനാൽ അതു നികത്തുന്നതിന്നു ചില ചരക്കുകളുടെ

കൊള്ളക്കൊടുക്കയിൽ നികുതി വസൂലാക്കാൻ മേല്പറഞ്ഞ വ്യാപാരികാം തീരുമാനിക്കുന്നു. തീത്താണ്ട താനാപുരത്തു താമസിക്കുന്നവരാണ് അവരെല്ലാം. അഞ്ചുവണ്ണവും മണിഗ്രാമവും മാത്രമല്ല തെന്നാട്ടിലെ (സിലോൺ) വളഞ്ചിയരും തോയാവത്തിരച്ചെട്ടികളും മററും ഇതിൽ പ്രത്യക്ഷപ്പെടുന്നതു ശ്രദ്ധേയമാണ്. ഇതിലെ ചില സംജ്ഞകളുടെ അത്ഥം വ്യക്തമല്ല. ക്ഷേത്രോദ്ധാരണത്തിനു വത്തകസംഘങ്ങാം പിരിവു നടത്തുന്നതു പല ദിക്കിലും പണ്ടു പതിവായിരുന്നു.

അവസാനമായി സയാമിലെ തകോപ എന്ന സ്ഥലത്തുനിന്നു കിട്ടിയ ഒരു അപൂർണ്ണശാസനമാണ് നമ്മുടെ ശ്രദ്ധയിൽ വരുന്നതു്. ശ്രീ. ഗോപിനാഥറാവുവിൻെറ അഭിപ്രായത്തിൽ അതിലൊരു ഭാഗം ഇങ്ങനെ വായിക്കാം.[7] — '....തൊട്ടകുളം. പേർ ശ്രീനാരണം. മണിക്കിരാമത്താക്കും ചേനാമുകത്താക്കും കുലത്താക്കും അടൈക്കലം.' ശ്രീനാരണം എന്ന പേരിൽ അട്ടിക്കിൽ കുഴിച്ച ഒരു കുളത്തിൻെറ രക്ഷാധികാരം മണിഗ്രാമക്കാരിലും ചേനാമുകത്താരിലും സ്വന്തം പരമ്പരാവകാശികളിലും ആരോ സമപ്പിക്കുന്ന ഒരു രേഖയാണിതു്. കുളത്തിനടുത്തു് ഏതോ വിഷ്ണുക്ഷേത്രവുമുണ്ടായിരിക്കാം. മയമതം, കാമികാഗമം തുടങ്ങിയ ഗ്രന്ഥങ്ങളിലെ വിവരണമനുസരിച്ചു നോക്കുമ്പോാം പ്രധാനപ്പെട്ട ഒരു പട്ടാളത്താവളം (Cantonment) മാണ് സേനാമുഖപദംകൊണ്ടു സൂചിപ്പിക്കപ്പെടുന്നതു്. ഏതായാലും പട്ടാളവിഭാഗത്തോടൊപ്പം മണിഗ്രാമക്കാരും കുളത്തിൻെറ സംരക്ഷയ്ക്കു ഉത്തരവാദപ്പെടുന്നുവെന്നതാണ് ശ്രദ്ധേയമായ വസ്തുത.

ഈ നിരീക്ഷണത്തിൽനിന്നു പല സംഗതികളും വെളിപ്പെടുന്നു. അഞ്ചുവണ്ണം, മണിഗ്രാമം എന്നീ സംഘങ്ങാംക്കു വളരെ ഉയൎന്ന പദവിയാണ് സ്വദേശത്തും പരദേശത്തുമുണ്ടായിരുന്നതു്.

---

7 Ep. Ind. Vol. XVIII P. 71

രാജകീയ ബഹുമതി അവരുടെ മേൽ വഷിയ്ക്കപ്പെട്ടിരുന്നു. സാധാരണക്കാരിൽ ഗണ്യമായ ഒരു വിഭാഗത്തിൻെറ മേൽ ശിക്ഷാരക്ഷാധികാരവും ഉള്ളവരായിരുന്നു അവർ. ചുങ്കവും നികുതിയും പിരിയ്ക്കാനും അതു സക്കാരിൽ അടയ്ക്കുവാനും ഇടയ്ക്കു് അവരെ ബാദ്ധ്യതപ്പെടുത്തുക പതിവുണ്ടു്. അഞ്ചുവണ്ണസ്ഥാനവും മണിക്കിരാമസ്ഥാനവും പരമ്പരയായി സംക്രമിപ്പിയ്ക്കാമായിരുന്നു. മതഭേദമെന്യേ ഏതു ദേവാലയങ്ങളുടെ രക്ഷയ്ക്കും തെയ്യാറായിരുന്നു അവർ. പ്രസ്തുത വത്തകസംഘങ്ങളിലെ അംഗങ്ങളായിരിയ്ക്കുന്നതുകൊണ്ടുതന്നെ സാധാരണക്കാക്കില്ലാത്ത പല ആനുകൂല്യങ്ങളും സിദ്ധിയ്ക്കുമായിരുന്നു. ഒരേ ഉപജീവനമാഗ്ഗം തുടരുന്ന പല ജാതിക്കാരുടേയും കൂടിയുള്ള സംഘടനയാണ് പ്രാചീനേന്ത്യയിലെ ശ്രേണി. ഗണമുഖ്യക്ക് അഥവാ ശ്രേഷ്ഠികാ (=ചെട്ടികാ)ക്കു പ്രത്യേകാനുകൂല്യങ്ങളും നികുതിയിളവുകളും കൊടുക്കണമെന്നു ശാസ്ത്രവിധിയുമുണ്ടു്. ഇതെല്ലാമനുസരിച്ചു രാജാക്കന്മാരുടേയും പൊതുജനങ്ങളുടേയും പ്രത്യേകബഹുമാനമാജ്ജിച്ചു പ്രവത്തിച്ചുവന്നിരുന്ന സംഘങ്ങളിൽ രണ്ടു കൂട്ടരായിരുന്ന അഞ്ചുവണ്ണമും മണിഗ്രാമമും.

## പേരിന്നത്ഥം

ഈ സംജ്ഞകളുടെ ആഗമത്തെപ്പററി ധാരാളം അഭിപ്രായങ്ങാ ഉള്ളതു് ഇന്നും തീൎന്നിട്ടില്ല. അഞ്ചുവണ്ണം ഒരു തജ്ജമവാക്കാണ് എന്നതിൽ സംശയമില്ല. വീരപാഞ്ചാളരെപ്പററി ഈ ലേഖനത്തിൻെറ ആദ്യം പറഞ്ഞിട്ടുണ്ടു്. കണ്ണാടത്തിലെ 'ഹഞ്ജമനെ ദേവരു'വും തെലുങ്കിലെ 'പഞ്ചഹാനംവാരു' അല്ലെങ്കിൽ 'പാഞ്ചാലംവാരു'വും സമാനാർത്ഥകങ്ങളാണു്. തമിഠാ ശാസനങ്ങളിൽ തന്നെ അഞ്ചുവണ്ണത്താർ എന്നതിന്നു പുറമേ പഞ്ചാള

ത്താർ എന്നും കാണുന്നുണ്ട്.[8] അഞ്ച് ജാതിക്കാർ ചേന്ന സംഘടനയെന്നതിനേക്കാൾ അഞ്ച് തൊഴിൽക്കാർ ചേന്ന സംഘടനയെന്ന അത്ഥം കൂടുതൽ യുക്തിപൂർവ്വമാണ്. പഴയ കാലങ്ങളിൽ ജാതിയും തൊഴിലും ഏററവും അധികം ബന്ധപ്പെട്ടു കിടന്നിരുന്നുവെന്നും ഓർമ്മിക്കണം. ആദ്യദശയിൽ അതിപ്രധാനമായ ഏതോ അഞ്ച് തൊഴിലിൽ ഏർപ്പെട്ടവർ സംഘടിച്ചിരിയ്ക്കാം. കാലക്രമത്തിൽ തൊഴിൽവിഭാഗത്തിൻെറ മുഴുവൻ പ്രാതിനിധ്യം നേടത്തക്കവിധം സംഘത്തിനു സീമാവിസ്തൃതി വന്നിരിക്കണമെന്നും, എന്നാൽ അതിൻെറ ആദ്യത്തെ പേർ പിന്നേയും തുടന്നിരിക്കണമെന്നും കരുതുന്നതു് യുക്തമായി തോന്നുന്നു. അല്ലെങ്കിൽ അഞ്ച് വണ്ണസ്ഥാനത്തിനു അത്ര അഭികാമ്യതയും അന്തസ്സും ഉണ്ടാകുമോ എന്നു സംശയമാണ്. അഞ്ച്വണ്ണസ്ഥാനവും മണിഗ്രാമസ്ഥാനവും അംഗത്വമല്ല നേതൃത്വമാണ് സൂചിപ്പിക്കുന്നതെന്നു കല്പിക്കുന്നതുതന്നെ ഉത്തമം.

സമ്പത്തിൻെറ ഉൽപാദനപരമായ ഭാഗം അഞ്ചുവണ്ണത്തിലെന്നപോലെ വിതരണപരമായ ഭാഗം മണിഗ്രാമത്തിലും ലയിച്ചിരുന്നിരിയ്ക്കാം. ഗവമ്മേണ്ട് നിലവാരത്തിലുള്ള അംഗീകാരമായിരിയ്ക്കണമല്ലോ അതിൻെറ പ്രാധാന്യം വദ്ധിപ്പിച്ചതു്. ഈ നിലയ്ക്കു മണിഗ്രാമപദത്തിനു പ്രഥമദൃഷ്ടിയിൽ തോന്നുന്നവിധം രത്നവ്യാപാരികളുടെ സംഘം (ഗ്രാമം) എന്നത്ഥം കല്പിച്ചാൽ പോരാ, വണിക്കുകളുടെ സംഘം എന്നു തന്നെ അത്ഥം കല്പിയ്ക്കുന്നതാണ് യുക്തിപൂർവ്വമെന്നു വരുന്നു. എന്നാൽ ആദ്യത്തെ അത്ഥവും തീരെ അസംഗതമല്ല. മൈസൂരിലെ പ്രസിദ്ധമായ ശ്രാവണബെൾഗോളയിലെ നഗരജിനാലയത്തിൽ കാണുന്ന ഒരു ശാസനത്തിലെ ഏതാനും ഭാഗമാണിത്[9]:—'ശ്രീമാഘനന്ദിസിദ്ധാന്ത

8 T. V. Mahalingam, Administration of Social Life under Vijayanagar, Vol I. P. 222.

9 Ep. Car. II. pp. 141-42.

ചക്രവൎത്തി ഗളപ്രിയഗ്ഗസ്സഗളും അപ്പശ്രീ ബെളുഗ്ഗളതീൎത്ഥദ
ബ്ലാൽകാരഗണാഗ്രഗണ്യരും അഗണ്യപുണ്യരും അപ്പ സമസ്തമാ
ണിക്യനഗരങ്ങ്ഗള്ള നഖരജിനാലയദ ആദിദേവര്'—ആദി. ക്രി.
പി. 1282_ൽ പ്രസിദ്ധ ജൈനാചാൎയ്യനായ നേമി ചന്ദ്രപണ്ഡി
തദേവന്റെ ശിഷ്യനായ ബാലചന്ദ്രദേവനും ബെളുഗ്ഗളയിലെ
പുണ്യശീലരായ മാണിക്യനഗരങ്ങ്ഗാം അഥവാ രത്നവ്യാപാരി
കളും കുറേ നഞ്ചനിലം വാങ്ങി മുൻപറഞ്ഞ ക്ഷേത്രത്തിലെ
'ആദി'ദേവന്നു നിവേദ്യവും മററും മുടക്കാതെ കഴിപ്പാൻ സംഭാ
വന ചെയ്യുന്ന ഒരു രേഖയാണിത്. ഇതിലെ മാണിക്യനഗരങ്ങ്
ഗാം എന്ന പദം മണിഗ്രാമത്തിന്റെ സഹോദരനെപ്പോലെയി
രിക്കുന്നു. സാധാരണ വ്യാപാരികളേക്കാം രത്നവ്യാപാരികാംക്കു
ശ്രേഷ്ഠതയുള്ളതുകൊണ്ടും അവരുടെ ആധിപത്യം സ്വതേ മററുള്ള
വർ സമ്മതിച്ചുകൊടുക്കാവുന്നതുകൊണ്ടും മണിഗ്രാമത്തിന്നു രത്ന
വ്യാപാരിസംഘം എന്നു തന്നെ അൎത്ഥമെടുത്താൽ മതിയാകുമെ
ന്നൊരു തോന്നലും തന്മൂലം വന്നു ചേരുന്നു. വണികഗ്രാമമായി
രുന്നു ആദ്യമെങ്കിൽ വകാരം മകാരമായതാണെന്നു സിദ്ധാന്തിക്കു
കയും വേണം.

നാം മുകളിൽ ഉദ്ധരിച്ച ശാസനങ്ങാം തന്നെ ഒന്നുകൂടി പരി
ശോധിക്കാം. അവയിലൊന്നും മണിഗ്രാമക്കാരുടെ പ്രത്യേക
വ്യാപാരത്തെ സൂചിപ്പിക്കുന്നില്ലെന്നു വ്യക്തമാണ്; അധികാരാ
വകാശങ്ങാം ഉള്ള ഒരു വിപുലസംഘത്തിന്റെ പ്രതീതി മാത്രമേ
ആ പ്രസ്താവനകാം നല്കുന്നുള്ളു. നാം മുമ്പു കണ്ട താഴക്കാട്ടു ശാസ
നത്തിൽ നാട്ടുകാർ പുതിയ ചന്തപ്പുരയുടെ ഓരോ മുറിയും പതി
പ്പത്തുനാഴി നെയ്യു പാട്ടത്തിന്നു കൊടുക്കുകയാണ് ചെയ്യുന്നതു്.
മണിഗ്രാമത്തിൽപ്പെട്ട കാരണംകൊണ്ടു ചാത്തൻ വടുകന്റേയും
ഇരവി ചാത്തന്റേയും കുടുംബത്തെ നികുതിയിൽനിന്നും പാട്ട
ത്തിൽനിന്നും ഒഴിവാക്കുന്നു. ഈ രണ്ടു കൂട്ടരും ചന്തപ്പീടിക എടു
ത്തതു രത്നം വില്ക്കാനായിരിക്കില്ലെന്നാണ് കരുതേണ്ടതു്. ജൈന

ന്ദിനസാധനങ്ങാം കിട്ടുവാനുള്ള സൌകര്യത്തിന്നുവേണ്ടിയായിരി യ്ക്കണം ചന്തസ്ഥലം ഏൎപ്പെടുത്തിയതു്. മുകളിൽ കാണിച്ച എല്ലാ രേഖകളും, ഒരു വലിയ വ്യാപാരി വിഭാഗത്തിൻെറ പ്രതിനിധി കളാണ്. അല്ലാതെ ഒരവാന്തരശാഖയുടെ പ്രതിനിധികളല്ല, മണിഗ്രാമക്കാർ എന്ന അഭിപ്രായമാണ് നമ്മിലുണ്ടാക്കുന്നതു്.

## തമിഴ്സാഹിത്യത്തിൽ

തമിഴ് വൈയാകരണന്മാരിൽ ഗുണവീരപണ്ഡിതൻ (ക്രി. പി. 12-ാംശതകം) നേമിനാതം 'ചുട്ടേ വിനാവൊപ്പേ' എന്ന 31-ാംകാരികയുടെ വ്യാഖ്യാനത്തിൽ മണിഗ്രാമപദം ഉദാഹരണ മായികാണിക്കുന്നുണ്ടു്. 'ഉയർതിണൈപ്പൊരുൾക'ളെ സംഗ്ര ഹിക്കുന്ന കൂട്ടത്തിൽ 'കൂടിയർ പെയർ'ക്കു് കീഴിലാണിതു കൊടു ക്കുന്നതു്. 'കൂട്ടത്തെക്കുറിക്കും പെയർ'എന്നാണ് ഈ വാക്കിൻെറ അൎത്ഥം. മണിക്കിരാമത്തിന്നു പുറമെ അവൈയകത്താർ[10] അത്തി കോചാത്താർ[11] എന്നിവയും ഒപ്പം ഉദാഹരിച്ചിട്ടുണ്ടു്. തോൽ കാപ്പിയം ചൊല്ലതികാരത്തിലെ 'നിലപ്പെയർ, കുടിപ്പെയർ, കുഴ വിൻപെയരേ' എന്നു തുടങ്ങുന്ന 162-ാം സൂത്രത്തിൻെറ വ്യാഖ്യാ നത്തിൽ പണ്ഡിതന്മാർ അഭിപ്രായവ്യത്യാസമുള്ളവരാണ്. ഇളം പൂരണർ കുഴവിൻ പെയരിന്നു (വൎഗ്ഗം,സമുദായം,സംഘം ഇവയെ കാണിക്കുന്ന നാമം) കീഴിൽ അവൈകത്താർ, അത്തികോചത്താർ എന്നിവരെ ചേൎക്കുന്നുണ്ടു്; മണിക്കിരാമത്തെ ഉപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത സൂത്രത്തിൽ തന്നെ ഉള്ള 'പല്ലോർ കുറിത്തതിണൈനി ലൈപ്പെയർ' (ജാതിനാമം) എന്നതിന്നു ഉദാഹരണമായി അര ചർ, വണികർ, വേളാളർ ഇത്യാദി പദങ്ങാം ഇളംപൂരണർ ഉദ്ധ

10 അവൈ=സഭൈ. സംഘസ്വരൂപം വ്യക്തമല്ല.

11 ഒരു വൎഗ്ഗം (Class) എന്നു ത. നിഘണ്ടു. പണ്ടത്തെ പട്ടാളവൎഗ്ഗമായ കോശരുമായി ഇതിന്നു വല്ല ബന്ധവു മുണ്ടോ എന്നും അറിഞ്ഞുകൂടാ.

രിക്കുന്നുണ്ടു്. സേനാവരെയരും ഇങ്ങനെതന്നെ. മണിഗ്രാമത്തെപ്പററി ഇദ്ദേഹവും പറയുന്നില്ല. കുഴവിൻ പേയർ ഒരു തൊഴിൽ സംഘടനയിൽ ഏർപ്പെട്ട ആളുകളിൽ എല്ലാ കാലത്തും ഇരിക്കുമെന്നു ചൂണ്ടിക്കാണിച്ചു. അവൈയകത്താർ, അത്തിടകാചത്താർ എന്നു് ഇദ്ദേഹവും ഉദാഹരിക്കുന്നു. മേൽക്കാണിച്ച തോൽകാപ്പിയസൂത്രത്തിനു നച്ചിനാർക്കിനിയർ കൊള്ളുന്ന വ്യാഖ്യാനമാണു് കൂടുതൽ വിസ്തൃതം. കുഴവിൻപെയർ എന്നതിനെ, 'താൻ തിരണ്ട ഒരു തുറൈക്കൺ ഉരിമൈ പൂണ്ട വല്ലോർമേൽ എക്കാലത്തും നികഴും പെയർ' (അർത്ഥം മുൻകാണിച്ചതുതന്നെ) എന്നു വിവരിച്ചു് അവൈയകത്താർ, അത്തികോചത്താർ, വണികകിരാമത്താർ, മാകത്താർ ഇങ്ങനെ അദ്ദേഹം ഉദാഹരിക്കുന്നു. ഇളംപൂരണരും സേനാവരെയരും മുൻകാണിച്ച വിധം മററാൽ വകുപ്പിന്നു കീഴിൽ വണികപദം ഉൾപ്പെടുത്തുമ്പോൾ നച്ചിനാർക്കിനിയർ അങ്ങനെ ചെയ്യുന്നില്ലെന്നതു ശ്രദ്ധേയമാണു്. ഒരു വണികപദമേ അദ്ദേഹമറിയുന്നുള്ളു; അതു വണികഗ്രാമത്തിലാണുതാനും. 15-ാംശതകക്കാരനായ നച്ചിനാർക്കിനിയർ നേമിനാതം കാണാതിരിപ്പാനിടയില്ല, മണിഗ്രാമമെന്നതു തെററാണെന്നു തോന്നിയതിനാൽ വണികഗ്രാമമെന്നു അദ്ദേഹം മാററിയെന്നു കല്പിക്കണം; അല്ലെങ്കിൽ അദ്ദേഹമോ എഴുത്തുകാരോ അക്ഷരത്തെററു വരുത്തിയെന്നു പറയണം. ഇതിൽ രണ്ടാമത്തേതു കുറെ സാഹസമാകയാൽ ആദ്യത്തെ പക്ഷമാണു് കൂടുതൽ യുക്തിയുക്തമെന്നു സ്പഷ്ടമാണു്. നേമിനാതം മണിക്കിരാമത്താരെ കൂടിയർപേരിൽ പെടുത്തുമ്പോൾ നച്ചിനാക്കിനിയർ കുഴവിൻ പേയരിൽ പെടുത്തുന്നുവെന്നേ ഉള്ളു. താൽപര്യം ഒന്നുതന്നെയാണെന്നു് അവൈകത്താരും അത്തികോചത്താരും സഹചാരിപദങ്ങളായി രണ്ടുപേരും നിർദ്ദേശിക്കുന്നതിൽനിന്നു വ്യക്തമാണു്. വണികപദത്തിലെ കകാരം ആദ്യം യകാരമായിത്തീർന്നു. ക്രമേണ തീരെ ലോപിക്കുകയും ശേഷിച്ച ഭാഗത്തിനു ('വണി'യ്ക്കു്) അർത്ഥം

തോന്നായ്കയാൽ അതു മണിയായി രൂപാന്തരപ്പെടുകയും ചെയ്തിരിപ്പാനാണ് യുക്തി കാണുന്നത്. ഇത്തരം മാററങ്ങാം ഭാഷാശാസ്ത്രജ്ഞന്മാക്ക അജ്ഞാതവുമല്ല. മണിയുടെ ദശ്രേഷ്ഠവാചിതവും സംഘടനയുടെ പ്രധാന്യവും ഇത്തരം ഒരു പദസൃഷ്ടിയെ സഹായിയ്ക്കുകയും ചെയ്തിരിയ്ക്കണം. രത്നവ്യാപാരികാം മററ വ്യാപാരികളോടൊപ്പം ഇതിൽ അംഗമായിരിയ്ക്കുമെന്നു കല്പിക്കുന്നതുതികച്ചും യുക്തംതന്നെ; പക്ഷെ അതുകൊണ്ടു സംഘത്തിൻെറ പേർ ആ വഴിയ്ക്കു സിദ്ധിച്ചതായിരിക്കണമെന്നില്ല. കണ്ണാടക ശാസനത്തിൽ കാണുന്ന മാണിക്യനഗരങ്ങാം തീരെ ദുർല്ലഭമായ പദമാണെന്നും സ്മരിക്കേണ്ടതുണ്ടു്.

ഏതായാലും ക്രി. പി. ഒമ്പതാം ശതകം മുതൽ പതിനഞ്ചാം ശതകംവരെ കേരളീയരേഖകളിൽ പ്രത്യക്ഷപ്പെടുന്ന അഞ്ചുവണ്ണവും മണിക്കിരാമവും ദക്ഷിണേന്ത്യയിലെ സാമ്പത്തികജീവിതത്തിലെ ശക്തിയേറിയ ഘടകങ്ങളായിരുന്നു എന്നതിന്നു സംശയമില്ല.

ഗുണ്ടർട്ട്, ബർണൽ മുതലായവർ മണിഗ്രാമം ക്രിസ്ത്യൻ സംഘടനയാണെന്നഭിപ്രായപ്പെട്ടതു ശാസനങ്ങളുടെ വെളിച്ചത്തിൽ ദുർബ്ബലമാണെന്നു തെളിഞ്ഞിട്ടുണ്ടു്.[12] ബ്രാഹ്മണരെ ഊട്ടാൻ ഉറെയൂർ മണിക്കിരാമത്തു നാരായണൻ അച്ചൻ, കൊടുംപാളൂർ മണിക്കിരാമത്തു വ്യാപാരി മഞ്ചൻ മണിയമാത്താണ്ടൻ

12 മണിഗ്രാമത്തെപ്പററി മുമ്പുണ്ടായിരുന്ന പല പക്ഷവും തീരെ പഴഞ്ചനായിപ്പോയതിനാൽ ഇവിടെ ആലോചനയ്ക്കെടുത്തിട്ടില്ല. ഉദാഹരണമായി, റവ. പീററ് മാണിക്യവാചകരുമായും, റവ. ടെയിലർ പേർസ്യൻ മതപ്രചാരകനായ മണിയുമായും ഈ വർഗ്ഗക്കാരെ ബന്ധിപ്പിച്ചിട്ടുണ്ടു്.

എന്നിവർ ക്ഷേത്രത്തിലേയ്ക്കു പൊൻ സംഭാവന ചെയ്യുന്നു. 'മണിക്കിരാമത്തു ധമ്മചെട്ടി ആയിടെ ചടൈയൻ കുവൈയൻ' ഒരു വിളക്കു വഴിപാടു ചെയ്യുന്നു. ഇതെല്ലാം ആ അംഗങ്ങൾ ഹിന്ദുക്കളാണെന്നാണല്ലോ കാണിക്കുന്നതു്. എന്നാൽ അവർ മണിഗ്രാമത്തിലെ അംഗങ്ങളാണെന്നേ ഉള്ളു. കൃസ്തീയാംഗങ്ങളും മററും അതിൽ ഉണ്ടായിരിക്കുമെന്നതിന്നു സംശയമില്ല. ജാതിമതഭേദങ്ങൾക്കതീതമായ ഒരു ഉത്തരവാദിത്വപ്പെട്ട സംഘടനയാകയാൽ തന്നെയായിരിക്കണം പള്ളിയുടേയും ക്ഷേത്രത്തിന്റേയും സംരക്ഷണം ഒരുപോലെ അവർക്കു വിട്ടുകൊടുത്തിരുന്നതു്.

# ബ്രാഹൂയി

## ബലൂചിസ്ഥാനിലെ ദ്രാവിഡഭാഷ

ദ്രാവിഡഗോത്രത്തിൽ പെട്ട പതിനഞ്ചോളം ഭാഷകളിൽ തമിഴ്, തെലുങ്ക്, കർണ്ണാടകം, മലയാളം എന്നിവയ്ക്കേ സാഹിത്യമുള്ളൂ. തുളുവിന്നു വലിപ്പമോ സാഹിത്യസമ്പത്തോ ഇല്ലെങ്കിലും ദക്ഷിണദ്രാവിഡത്തിൽ ശ്രദ്ധേയമായ പ്രാധാന്യമുണ്ട്. പദകാര്യത്തേയും വ്യാകരണകാര്യത്തേയും ആസ്പദിച്ചതാണിതു്. ഗോണ്ഡീ, കുറുഖ്, മൽത്തോ, കൂയി, കോത, തോദ മുതലായി ദ്രാവിഡഗോത്രത്തിൽപെട്ടതും അപരിഷ്കൃത വർഗ്ഗക്കാർ സംസാരിക്കുന്നതുമായ ഭാഷകൾ പലതും വേറെയുണ്ട്. ഇവയിൽ ചിലതിന്നു ദേശഭാഷാഭേദവും കാണും. ദ്രാവിഡഭാഷകൾ ഇന്ത്യാപാക്കിസ്ഥാൻ ഭൂഖണ്ഡത്തിന്റെ എല്ലാ ഭാഗത്തും ചിന്നിച്ചിതറിക്കിടക്കുന്നു. ബങ്കാളിലെ ചില ദേശനാമങ്ങൾ ദ്രാവിഡമാണ്.

ലോകഭാഷാഗോത്രങ്ങളിൽ ദ്രാവിഡം ഒററപ്പെട്ടു നില്ക്കുന്നു. സിത്തിയൻ അഥവാ യൂറൽ—ആൾട്ടായിക്‌ഭാഷാകുടുംബത്തോട്‌ ഇതിന്നു ബന്ധമുണ്ടെന്നു കാൾഡ്വൽ പ്രഭൃതികൾ ഊഹിച്ചിരുന്നതു നിരാലംബമാണെന്നാണ്‌ ഇപ്പോഴത്തെ പക്ഷം. ഇന്ത്യയിൽ ആര്യദ്രാവിഡകുടുംബങ്ങളിൽപെട്ട ഭാഷകൾക്കു പുറമെ മദ്ധ്യേന്ത്യയിലുള്ള കോൾവർഗ്ഗക്കാരുടെ മുണ്ഡ, ഖാസി തുടങ്ങിയ ഏതാനും ഭാഷകൾ മാത്രമേ പ്രധാനമായിട്ടുള്ളു; ഇവ ആസ്ട്രിക ഗോത്രത്തിൽ പെട്ടവയാണ്‌. വടക്കുകിഴക്കൻ പ്രദേശങ്ങളിൽ മങ്‌ഗോളിയൻ (തിബത്തോ—ചൈനീസ്‌) വർഗ്ഗത്തിൽ പെട്ട ഭാഷകളുണ്ടെങ്കിലും ഇവയ്ക്കു പ്രാധാന്യം കുറയും. ഇന്ത്യയിലെ ജനസംഖ്യയിൽ അഞ്ചിലൊരു ഭാഗം (7 കോടി 10 ലക്ഷം പേർ) ദ്രാവിഡഗോത്രത്തിൽപെട്ട ഭാഷകൾ സംസാരിക്കുന്നു.

ഉത്തരദ്രാവിഡങ്ങളിൽ കുറുഖ, മൽത്തോ തുടങ്ങിയവയോടു കൂടുതൽ അടുപ്പമുള്ള ഭാഷയാണ്‌ ബ്രാഹൂയി. ബലൂചിസ്ഥാനിലെ കാലാട്ടിന്ന്‌ ചുററും താമസിയ്ക്കുന്ന അനഭ്യസ്തവിദ്യരായ രണ്ടേകാൽ ലക്ഷത്തോളം പേരുടെ മാതൃഭാഷയാണിതു്‌. സാധാരണ വ്യവഹാരത്തിന്‌ ഇതുപയോഗിക്കുന്നവരുടെ എണ്ണം 2,07,000ത്തോളമേ കഴിഞ്ഞ കനേഷുമാരിയനുസരിച്ചു വരുന്നുള്ളു. കാട്ടിലും കുന്നിലും ജീവിയ്ക്കുന്നവരും, സഞ്ചാരതാൽപര്യം കൂടിയവരുമാണു ബ്രാഹൂയികൾ. മതത്തിൽ ഇപ്പോൾ മുസൽമാന്മാരാണ്‌. ബ്രാഹോ അല്ലെങ്കിൽ അബ്രഹാം ആണ്‌ തങ്ങളുടെ കുലകൂടസ്ഥൻ; തന്മൂലമാണ്‌ ബ്രാഹൂയികൾ എന്നു സ്വയം വിളിക്കുന്നതു്‌ എന്നവർ അവകാശപ്പെടുന്നു. ബ—രോഹ്‌—ഇ, അതായതു്‌, 'കുന്നിൽ ജീവിക്കുന്നവർ' എന്ന വ്യുൽപത്തിയും കാണുന്നുണ്ടു്‌. ഈ പക്ഷം പക്ഷേ ശരിയായിക്കുടെന്നില്ല. മല എന്നർത്ഥത്തിൽ തമിഴിലും മററുമുള്ള 'പര' പ്രസിദ്ധമാണ്‌ (ľ. മ. താഴ്‌വര—വരയുടെ അടിഭാഗം). ബ്രാഹൂയിലെ 'ബ്ര'യിൽ 'വര' ഒളിച്ചിരിക്കുന്നു

ണ്ടാകാം. ബ്രിട്ടീഷ് ഭരണകാലത്ത് 70,000 ച. നാഴിക വലിപ്പമുള്ള കാലാട്ട് ആയിരുന്നു, ഹൈദരബാദും കാശ്മീരം കഴിച്ചാൽ, ഇന്ത്യയിലെ ഏററവും വലിയ നാട്ടുരാജ്യം. ബ്രാഹൂയികൾ ഗോത്രസമ്പ്രദായത്തിലാണ് സംഘടിച്ചിരിക്കുന്നത്. കലർപ്പു ധാരാളം. പത്താൻ, ബലോച്, ജാട്ട്, പേഴ്സ്യൻ ഇങ്ങനെ ആദിമവർഗ്ഗത്തിന്നു പുറമെ നാലു വർഗ്ഗമെങ്കിലും ബ്രാഹൂയികളിൽ കലൻകാണണം. കാലാട്ടിലെ ഖാൻ ശുദ്ധ ബ്രാഹൂയി ഗോത്രത്തിൻെറ നായകനായി ഗണിക്കപ്പെടുന്നു. സാരവാൻ, ജലവാൻ തുടങ്ങിയ ഗോത്രങ്ങൾക്ക പ്രാമാണ്യം കൂടുമെങ്കിലും 'കുലീനത' കുറയും. വിദേശത്തിൽ നിന്നു വന്ന എല്ലാവരേയും തങ്ങളിൽ ലയിപ്പിച്ചിരിയ്ക്കുകയാൽ വർഗ്ഗശുദ്ധിയെപ്പററി ഇവർക്കഭിമാനിപ്പാനൊന്നും യഥാർത്ഥത്തിലില്ല.

ഉൽക്കർഷേച്ഛയോ, പരിഷ്കാരശ്രദ്ധയോ ഇല്ലാത്തവരാണ് പൊതുവിൽ ബ്രാഹൂയികൾ. എന്നാൽ ഒരുകാലത്ത് ഇവരുടെ നില വ്യത്യസ്തമായിരുന്നുവെന്നുവരാം. അയ്യായിരത്തോളം കൊല്ലം പഴക്കമുള്ള സൈന്ധവസംസ്കാരം ആയിരത്തോളം മൈൽ— സിംലാ താഴ്വരയിലെ രോപഡ് മുതൽ, കറാച്ചിയ്ക്കു മുന്നൂറു മൈൽ പടിഞ്ഞാറുള്ള സുത്കജേൻവരെ വ്യാപിച്ചുകിടന്നിരുന്നതായിക്കാണുന്നു. ഹരപ്പസംസ്കാരത്തിൻെറ അവകാശികളാണ് ഇന്നത്തെ ബ്രാഹൂയികൾ എന്നു വിശ്വസിപ്പാൻ പ്രയാസമുണ്ടെങ്കിലും അതു അസംഭാവ്യമായിക്കൊള്ളണമെന്നില്ല. ഇന്നത്തെ കാട്ടുവർഗ്ഗക്കാരിൽ പലരും ഏതാനും നൂററാണ്ടുകൾക്കുമുമ്പെ നാട്ടുവാണിരുന്നതായി തെളിവുണ്ട്. സ്വാതന്ത്ര്യവും സമ്പത്തും നശിച്ച ജനത ഏതാനും തലമുറകൊണ്ട് തീരെ അധ:പതിച്ചുകാണും. ഹരപ്പസംസ്കാരം ദ്രാവിഡീയമാണെന്ന വാദം ഇന്നും സിദ്ധാന്തദശയിലെത്തിക്കഴിഞ്ഞിട്ടില്ല; ആ പ്രദേശങ്ങളിൽനിന്നു കുഴിച്ചെടുത്ത സീലുകളിലെ ലിപി സുസമ്മതമായ നിലയിൽ വായിപ്പാൻ

കഴിഞ്ഞിട്ടില്ലെന്നതാണ് കാരണം. ദ്രാവിഡർ ഒരു മധ്യധരണ്യാഴി വർഗ്ഗമാണെന്നു് ഊഹിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

ബ്രാഹൂയികൾ നരവംശശാസ്ത്രത്തെ അമ്പരപ്പിയ്ക്കുന്ന പ്രശ്നമാണെന്നും ദ്രാവിഡവർഗ്ഗവുമായിട്ടെന്നല്ല, ലോകത്തിലെ ഒരു ജനവർഗ്ഗമായിട്ടും അവക്ക് ബന്ധമില്ലെന്നും ചിലർ വാദിയ്ക്കുന്നുണ്ട്. മറിച്ച് മെഡിററേനിയൻമാതൃക ബ്രാഹൂയികപാലങ്ങളിൽ കണ്ടെത്തിയ പണ്ഡിതന്മാരുമുണ്ട്. ഓരോ വർഗ്ഗവും ഭാഷകൾ ഇടയ്ക്കു് മാറിയതിന്നു തെളിവുകൾ ധാരാളമാണ് ചരിത്രത്തിൽ. തന്മൂലം ഹരപ്പക്കാർ ദ്രാവിഡരായിരുന്നാലും ബ്രാഹൂയികൾ ആ ഗോത്രത്തിൽ പെട്ടവരായിക്കൊള്ളണമെന്നില്ല ഇങ്ങനെയൊക്കെയാണെങ്കിലും സൈന്ധവസംസ്കാരം ദ്രാവിഡീയമാണെന്നും, ബ്രാഹൂയികൾ ഇന്ത്യയിലൊട്ടാകെ പരന്ന്കിടന്നിരുന്ന ദ്രാവിഡവർഗ്ഗത്തിൻെറ ഒരു ശാഖയാണെന്നും വരാനാണ് വഴി. ബ്രാഹൂയിക്കുന്നുകളുടെ വടക്കും (കെററയ്ക്കു വടക്കുള്ള 'സോബ്'') തെക്കും ('നാൽ') പ്രദേശങ്ങളിൽ ബി. സി. 2500—2000 വരെ വർഷം പഴക്കമുള്ള ഗ്രാമീണസംസ്കാരകേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്.* ഇവ ഹരപ്പാസംസ്കാരത്തിൻെറ പോഷകഘടകങ്ങളായി വർത്തിച്ചിരുന്നുവെന്നുവരാം. ഇന്നു മരുഭൂമിയായ ബലൂചിസ്ഥാൻ ഒരുകാലത്തു സസ്യസമൃദ്ധമായ ഭൂമിയായിരുന്നുവെന്നും ഓക്കണം. ഇന്ത്യയിൽ അവിടവിടെ താമസിച്ചിരുന്ന ദ്രാവിഡഗോത്രങ്ങളിൽ ചിലതു ചില പ്രത്യേകപരിസരത്തിൽ പരിഷ്കാരം പ്രാപിച്ചു. തമിഴരാണ് ആദ്യം വളൎന്നതും പരിഷ്കാരം പ്രാപിച്ചതും. കടൽസാമീ

---

* സിന്ധുനദിയ്ക്കു് പടിഞ്ഞാറവശം, കെററയുടെ വടക്കു മുതൽ തെക്കോട്ട് കടൽത്തീരംവരെ ക്രമത്തിൽ സോബ്, നാൽ, കല്ലി എന്നീ മൂന്നു പ്രധാന ഗ്രാമീണസംസ്കാരങ്ങൾ (Village Cultures) പരന്നു കിടന്നിരുന്നു. അവശിഷ്ടങ്ങൾ പതിനഞ്ചോളം സ്ഥലങ്ങളിൽ നിന്നു ലഭിച്ചിട്ടുണ്ട്.

MUL
195563



പ്യംകൊണ്ടു് ധനപുഷ്ടിയും സമാധാനജീവിതവും ആദ്യമേ കിട്ടിയതാകാം കാരണം. ഈ ശാഖാചംക്രമണം ഇവിടെ നില്ക്കട്ടെ.

ബ്രാഹൂയി ദ്രാവിഡകുടുംബത്തിലെ ശ്രദ്ധേയമായ ഒരു ഭാഷയാണ്; ആര്യഗോത്രത്തിൽപ്പെട്ട ഭാഷകളുടെ (പേഴ്സ്യൻ, ബലൂചി, പശ്തോ തുടങ്ങിയവയുടെ) നടുക്കു് നൂററാണ്ടുകളോളമായി ഒരു ചെറുദ്വീപിൻെറ മട്ടിൽ ആ ദ്രാവിഡഭാഷ കഴിഞ്ഞുകൂടുന്നു. ലിപിയോ സാഹിത്യമോ ഇല്ല; ഇതരഭാഷകൾ ദിനംപ്രതി കയ്യേററം നടത്തുകയും ചെയ്യുന്നു. സംസാരിയ്ക്കുന്നവർക്കു ഭാഷാഭിമാനമൊന്നുമില്ല. അങ്ങനെ തികച്ചും നാശോന്മുഖമാണതിൻെറ ഗതി. എങ്കിലും ബ്രാഹൂയിയുടെ സഹായം ദ്രാവിഡഭാഷാശാസ്ത്രജ്ഞന്മാർക്കു് അനിവാര്യമാണ്. താരതമ്യപഠനത്തിന്നു് അതു സഹായിയ്ക്കുന്നു. ഏററവും അപരിഷ്കൃതരായ ജനതയാണ് ശാസ്ത്രീയഗവേഷണത്തിൽ ഏററവും വിലപിടിച്ച തെളിവുകൾ നല്കുന്നതു്.

ആദ്യമായി ഭാഷകളുടെ പ്രത്യക്ഷസാമ്യം പദങ്ങൾ മൂലമാണല്ലോ അറിയുന്നതു്; സൂക്ഷ്മജ്ഞാനത്തിന്നാണ് വ്യാകരണം പ്രയോജനപ്പെടുക. ഇൻഡോ_പാകിസ്താൻ ഭൂഖണ്ഡത്തിൻെറ വടക്കുപടിഞ്ഞാറെ തലക്കൽ കിടക്കുന്ന ബ്രാഹൂയിയും തെക്കെത്തലക്കൽ കിടക്കുന്ന മലയാളവും തമ്മിലുള്ള സാമ്യം ഒററനോട്ടത്തിൽ തന്നെ രസാവഹമായിത്തോന്നും. താഴെ ചേർത്ത പട്ടികയിൽ ഏതാനും ബ്രാഹൂയിപദങ്ങൾ സമാഹരിച്ചിരിയ്ക്കുന്നു. താരതമ്യപഠനത്തിന്നു തമിഴ്, തെലുങ്ക്, കർണ്ണാടകം, കുറുഖ്, മൽത്തോ, ഗോണ്ഡി എന്നീ ഭാഷകളിലെ പദങ്ങൾകൂടി വലയത്തിന്നുള്ളിൽ ചേർത്തിട്ടുണ്ടു്.

അബ്ബാ—അച്ഛൻ (ത. മ. അപ്പൻ; ക. അബ്ബ; തെ. അബ്ബെ; തു അബ്ബ)

അയി / അമ്മ } അമ്മ (ത. മ. ആയി; അമ്മ)

195563
9Z7
32J81

അയിനോ } ഇന്ന് (ത. മ. ഇൻറ, ഇന്നു; ക. ഇന്നു; തു. ഇനി)
അന്നോ

അല—അല്ല (ത. മ. ക. അല്ല, ഇല്ല, ഗോ. ഹൽ)

അന്ത് } എന്ത് (ത. മ. എന്നത്, എന്ത്; ക. എൻഡ്ര്യ;
അന്തെ } മൽ. ഇന്ദ്ര്യ)

അപ്പാ—അപ്പ. (ത. ക. മ. തെ. അപ്പം)

ഉരാ—വീട് (ത. മ. ക. ഊർ; തെ. തു. ഊരു-ഗ്രാമം; മൽ. ഒർഘ്ല-വീട്)

ബാ } വായ (ത. മ. വായ്; തെ. വായി; ക. തു—ബായി
ബായ് } കു. ബായ്)

ബാമുസ്—മൂക്ക് (ബാ=വായ്, മുസ്=മുൻ-വായയ്ക്കു മുമ്പിലുള്ളത്. ത. മ. മൂക്ക്; ക. മൂഗു; തെ. മുക്കു; മൽ. മുസോ; ഗോ. മുസ്സോർ)

ബലുൻ—വലിയ (ത. മ. വല്; തെ. തു. ക. മൽ—ബൽ)

ബറിങ്ങ്*—വരളുക (ത. മ. വരൾ; ക. ബർ; കു. വസ്)

ബന്നിങ്ങ്—വരിക (ക. ബാ, ബർ; തു. ക. മൽ. ബർ; ത മ. വാ, വ്ര്; ഗോ. വർ; കു. വ, വാ)

ബാസിങ്ങ്—ചുടുക (ലു. വെയിൽ. ത. മ. തെ. വെ, വേ; ക. ബിസ്, ബേ; തു ബെ സ്, ബേന്)

ബേയ്—പല്ല് (ത. മ. തെ-മേയ്; ക. തു-മേ, ഗോ. മെയ്, കു. മെയ്)

ബിൽ—വില്ല് (ത. മ. വിൽ; കു. വില്ലു; ക. ബിൽ; തു. ബിരു)

---

* ധാതുക്കളോടു് 'ങ്ങ' ചേർത്തുപറയുന്നു.

ബിറിങ്ങ്—വേർപെട്ടുക (ത. മ. തെ—വേറു; ക. ബേർ)

ബിററിങ്ങ്—എറിയുക (ത. മ. തെ വിടുഃ ക. മൽ. ബിഡ്; കു ബിദ്ര)

ദീർ—വെള്ളം (ത. മ. ക. തെ. തു—നീർ; ഗോ. യേർ; ക. സീരു)

എങ്ങ്—അങ്ങോട്ട്

എങ്ങ്ഗായ്—അവിടേയ്ക്കു്
എങ്ങ്ഗാൻ—അവിടന്നു്
എങ്ങ്ഗി—അങ്ങോട്ട്
(ത. മ. എങ്കു, എങ്ങു, അങ്ങു)

ഹൽ—എലി (ത. മ. എലി; തെ. എലുക; തു. യെലി. ക. ഇലി; ഗോ. അല്ലി)

ഹേററ്—പെണ്ണാട്ട് (ത. മ. ആട്; തെ. എട. ക. ആഡു; കു. ഓദ)

കസ്സി
കഡി
കടി (ത. മ. ക. കടി)

കുറിങ്ങ്—ചുരുങ്ങുക (ത. മ. ചുരുങ്കു, ങ്ങ്; ക. സുർക, തെ സുരുഗു)

ഖഫ്—ചെവി (ത. മ. തെ. ചെവി; ക. കിവി; ഗോ. കവി)

ഖാഖർ—തീ (ത. മ. ക. തെ. തു—കായ്; കർ. ഖായ്)

ഖൽ—കല്ല് (ത. മ. ക. കൽ; തെ. തു. കല്ലു)

ഖൻ—കണ്ണ് (ത. മ. ക. തു. കൺ; ഗോ. കൻ; തെ. കൻമു; കു. കനു; മൽ. കു. കാനു)

മഖ്ലൂക്—ജനങ്ങൾ (ത. മ. മക്കൾ)

മോൻ—മുമ്പിൽ (മുൻ, മു, മുൽ—എല്ലാ ദ്രാവിഡങ്ങളിലും)

മുരു—മുയൽ (ത. മ. മുസൽ, മുയൽ; തു. മുയെരു. ക. മൊല; മൽ—മുന്യെ. കു. മുഞ്ചു)

പാള്ഹ—പാൽ (ത. മ. ക. ഗോ. പാൽ; തെ. പാലു; കു. പാലു, പാഡു.)

പാനിങ്—പറയുക (ത. പേശു; മ. പറ; ക. പേസ്; തെ. പേൽ)

പില്ലോത—പൈതൽ (ത. മ. പിള്ള; ക. തു. പിള്ളെ)

പിറികു്—ശലഭം (മ. പറവ, പിറക്ക)

പൂസ്കുൻ—പുതിയ (ത. മ. പുതു, പശു, പൈം; ലു. പൈമ്പൽ. ക. തു. പൊസ്; കു. മൽ. പുൻ; ഗോ. കു. പൂൻ)

പൂ—പുഴ (ത. മ. ക. പുഴു; തെ. പുരുഗു; തു. പുരി; ഗോ. പുറി; കു. പ്രിയു; കു. പൊയ്ഗൊ; മൽ. പൊക്രു)

മുത്കുൻ—വയസ്സായ (ത. മ. മുതു, മൂത്ത; ക. തെ. തു. മുദി)

തറിങ്—മുറിയ്ക്കുക (ത. മ. ക. തറി. ലു. 'ഒരളുമ്മൽവെച്ചി തറിച്ചോതേനൻ'—വ. പാട്ടുകൾ. തെ. തു. തരി)

തേള്ഹ—തേൾ (ത. മ. ക. തേള്; തു. തേലു. തേളു; തെ. തേലു; മൽ—തേലെ)

തിനിങ്—കൊട്ടുക്കുക (ത. മ. ക. താ, തര്; തെ. തെ; കു. മൽ. ചി.)

തുഘ്ല്—ഉറക്കം (ത. മ. തൂക്കം, തുയൽ, ക. തൂക്കു; തെ. തൂഗു; തു. തുഗഡി, കു. തുഗൽ—സ്വപ്നം)

തനിയ—തന്നിയെ (ത. മ. തൻ, താൻ, തന്നിയെ)

നൻ—നമ്മൾ (ത. മ. ക. നാം; തു. നമ)

വേറെയും ധാരാളം തുല്യപദങ്ങൾ നാമം, കൃതി തുടങ്ങിയ എല്ലാ വകുപ്പിലും ഈഷൽഭേദത്തോടെ കാണാം; ചിലതെല്ലാം താഴെ വരുന്നുണ്ടു്. ഇനി വ്യാകരണങ്ങളെപ്പററി ചുരുക്കി വിവരിയ്ക്കാം.

അക്ഷരമാല: ബ്രാഹ്ലയിയിൽ ആ, ഇ, ഉ, എ ഇവയും ഇവയുടെ ദീഘരൂപങ്ങളുമുണ്ട്. ഓകാരം ഹ്രസ്വമായിട്ടില്ല. ഏയ്, ഐ, ആയ്, ഔ ഇവ സന്ധ്യക്ഷരങ്ങൾ. ('അന്തെയ്' എന്നതിലെ 'എയ്'ശിഥിലോച്ചാരണം. രണ്ടാമത്തേതും മൂന്നാമത്തേതും ഉറപ്പോടുകൂടി ഉച്ചരിയ്ക്കും. 'ഔ' തമിഴിലും മററും ഉള്ളപോലെ എളുപ്പം 'അവ്' ആയി മാറുന്നു.) വ്യഞ്ജനങ്ങളിൽ ഖരങ്ങളും മൃദുക്കളും ഘോഷങ്ങളിൽ ഘകാരവുമുണ്ട്. 'ട'കാരമില്ല, 'ററ' കാരമാണ്. അനുനാസികങ്ങളിൽ ണ, ന, മയും മധ്യമങ്ങൾ മുഴുവനും (യ, ര, ല, വ,) റകാരവും കാൺന്നു. ഫ (f) വകാരത്തിൽ പെട്ടും. സ, ഷ, ഹ എന്നീ ഊഷ്മാക്കളും ആദ്യത്തെ രണ്ടിൻേറയും വികൃതരൂപങ്ങളായ z, zh എന്നിവയും ഉണ്ട്. ആര്യഭാഷകളുടെ സംസർഗ്ഗമാണ് ഈ ഒടുവിൽ പറഞ്ഞവയുടെ ഉല്പത്തിയ്ക്കു കാരണം. ളകാരം ഹകാരം ചേർത്തു ഉറപ്പിച്ചാണ് ഉച്ചരിയ്ക്കുന്നതു്—പാള്ഹ (പാൽ), തേള്ഹ (തേള്) ഇങ്ങിനെ ആകെ 27 വ്യഞ്ജനങ്ങളും 9 സ്വരങ്ങളും വരും.

ലിംഗം: ബ്രാഹ്ലയിയിൽ ലിംഗഭേദം കാണിപ്പാൻ പ്രത്യേകപ്രത്യയം ചേക്കുന്ന പതിവില്ല. വിഭിന്നപദങ്ങൾ തന്നെ ഇതിനുപയോഗിയ്ക്കും.

ഉദാ:

| പുല്ലിംഗം | സ്ത്രീലിംഗം |
|---|---|
| പീര [മുത്തശ്ശൻ] | ബല്ല [മുത്തശ്ശി] |
| ബാവ [അച്ഛൻ] | ലുമ്മ [അമ്മ] |
| മാർ [മകൻ] | മസിർ [മകൾ] |
| ഈലം [സോദരൻ] | ഈർ [സോദരി] |
| മത് [കൊററനാട്ട്] | ഹേററ് [പെണ്ണാട്ട്] |

നപുംസകനാമങ്ങൾ ദുർല്ലഭമാണ്. 'ആൺ' 'പെൺ' ചേർത്തു ലിംഗം മാററുന്ന പതിവു പേഴ്സ്യനെ അനുകരിച്ചു മാത്രം.

സാധാരണ ലിംഗം ബ്രാഹ്ലുയിയിലുണ്ട്. ഉദാ: ബന്ദഘ്= ആൾ (ആണോ പെണ്ണോ ആകാം.)

വചനം: ഏകവചനവും ബഹുവചനവും മാത്രം. ബഹുവചനപ്രത്യയം 'ക്' ആണ്. ചിലപ്പോൾ ഉറപ്പിന്നുവേണ്ടിയും ഭംഗിയ്ക്കു വേണ്ടിയും 'ആ' മുമ്പിൽ ചേർക്കും. നാമങ്ങൾ ഹ്രസ്വാന്തമാണെങ്കിൽ 'ഘെലൻ' (ഘകാരം) എന്ന ഇടനില വരും.

| ഉദാ: | ഏ. വ. | ബ. വ. |
|---|---|---|
| | ബാ [വായ] | ബാക് |
| | ഉരാ [വീട്] | ഉരാക് |
| | ബാവ [അച്ഛൻ] | ബാവഘാക് |
| | ലുമ്മ [അമ്മ] | ലുമ്മഘാക് |
| | ബിൽ [വില്ല്] | ബിൽക് |
| | തേള്ഹ [തേൾ] | തേള്ഹക് |

ചില പദങ്ങൾക്കു രണ്ടു രൂപം. ഉദാ: കുതാം (കൂട്), കുതാംക് അല്ലെങ്കിൽ കുതാമാക് (കൂട്ടുകൾ) പദാന്ത്യ രേഫം പ്രത്യയകകാരത്തിൽ അലിഞ്ഞു ചേരും. ഉദാ: മാർ (മകൻ), മാക് (മക്കൾ). ദീർ (വെള്ളം) ദീക് (വെള്ളങ്ങൾ), ഇൗർ (സോദരി), ഇൗൻക്; അരേ (ആൾ) അരിസ്റ്റ് ഇത്യാദി ചില വ്യത്യസ്തതകളുമില്ലാതില്ല. തമിഴ് മലയാളങ്ങളിലെ 'കൾ' (ഉദാ: മരങ്ങൾ, അവർകൾ തന്നെയാണ് ബ്രാഹ്ലുയിയിലെ ഈ 'ക്' പ്രത്യയം. (ക. ഗൾ; തു. കള. ഗോ. ക്. കൂ. ക.) ഗൾ (കൾ) ബലൂചിയിൽ ബ. വ. പ്രത്യയമായിക്കാണുന്നു; ബ്രാഹ്ലുയിയിൽനിന്നു പകർന്നതാണിതു്. ശരിയ്ക്കും 'ഗൾ' ചേർത്ത ബ്രാഹ്ലുയി രൂപവുമുണ്ട്. ഉദാ: ദുസ്ഗൾ (കള്ളന്മാർ), ബുസ്ഗൾ (ആട്ടിൻ കൂട്ടങ്ങൾ). ഇംഗ്ലീഷിലും സംസ്കൃതത്തിലും മററും കാണുമ്പോലെയുള്ള ഒരു തരം 'കുടുംബബഹുവചനവും' ബ്രാഹ്ലുയിയിലുണ്ട്. ഉദാ: ബാവ

ഘാസ്ക് (അച്ഛനും സ്വന്തക്കാരും—(cf. The Churchills, ഭഗവ: etc.)

വിഭക്തി—സംശ്ലിഷ്ടകക്ഷ്യയിലെ മററ ഭാഷകളെപ്പോലെ ബ്രാഹൂയിയും വിഭക്ത്യർത്ഥം കാണിപ്പാൻ പ്രത്യയങ്ങൾ ഒടുവിൽ ചേക്കുന്നു. ബഹുവചനത്തിൻെറ ക കാരം നിർദ്ദേശികയൊഴിച്ചുള്ള വിഭക്തികളിലെല്ലാം, തകാരമായിത്തീരും. 'പ്രതിഗ്രാഹി'കയ്ക്കും ഉദ്ദേശികയ്ക്കും 'എ'; സംയോജികയ്ക്ക് 'തൊ'; പ്രയോജികയ്ക്ക് 'അററ്'; സംബന്ധികയ്ക്ക് 'നാ'; ആധാരികയ്ക്ക് 'അററി' 'ആയ്'; അപാദാനികയ്ക്ക് 'ആൻ' ഇങ്ങനെ പ്രത്യയങ്ങൾ. ഉദാ:

| | ഏ. വ. | ബ. വ. |
|---|---|---|
| നിർദ്ദേ.... | ഖരാസ് (കാള) | ഖരാസ്ക് |
| പ്രതി / ഉദ്ദേ. | ഖരാസെ (കാളയെ, കാളയ്ക്ക്) | ഖരാസ്തെ. |
| സംയോ.... | ഖരാസ്തൊ (കാളയോടു കൂടി) | ഖരാസ്തെതൊ |
| പ്രയോ.... | ഖരാസററ് (കാളയാൽ) | ഖരാസ്തെ അററ് |
| സംബ.... | ഖരാസ്നാ (കാളയുടെ) | ഖരാസ്താ |
| ആധാ.... | (എ) ഖരാസററി (കാളയിൽ) (ബി) ഖരാസായ് (കാളമേൽ, കാളയിലേക്ക്) | ഖരാസ്തെററി |
| അപാദാനക* | ഖരാസാൻ (കാളയിൽനിന്നു്) | ഖരാസ്തെ ആൻ |

* സംസ്കൃതത്തിലെ പഞ്ചമിയ്ക്ക് മലയാളത്തിലെ മററ വിഭക്തിനാമങ്ങളോടു് പൊരുത്തംതോന്നാൻ കല്പിച്ച പേർ.

ഉച്ചാരണ സൌകര്യത്തിനു ചില സന്ധികാര്യങ്ങളെല്ലാം വരുത്താറുണ്ട്. ഉരി(വീട്)+അററി=ഉരാററി (ആകാരലോപം); പുച് (വസ്ത്രം), പുച്ചാൻ (ദ്വിത്വം) ഇങ്ങനെ. ബ്രാഹ്വയി പ്രത്യയങ്ങാംക്ക് ഇതരദ്രാവിഡങ്ങളുമായി ധാരാളം സാമ്യം കാണും. പ്രതിഗ്രാഹികയുടെ 'എ', സംയോജികയുടെ 'തൊ' (ലു. മ. തൊട്, ഒട്, ഓട്) എന്നിവ നോക്കുക. സംബന്ധികയുടെ 'നാ' വിൽ 'ഇൻ' (ലു. മ. അതിൻ, മരത്തിൻ) ഇരിപ്പുണ്ട്. ബ്രാഹ്വയിയിൽ മുകളിൽ പറഞ്ഞ തനി പ്രത്യയങ്ങാംക്കുപുറമെ, (കി, അകി) (വേണ്ടി എന്നത്ഥത്തിൽ; ഇസ്, ഇസ്ക്, ഇക (അവിടെ, അടുത്ത് എന്നത്ഥത്തിൽ); ഇസ്കാ, ഇകാ (വരെ എന്നത്ഥത്തിൽ) എന്നിവയും പ്രയോഗിക്കും. ഖരാസ്കി (കാളയ്ക്കുവേണ്ടി), ഉരാകി (വീട്ടിനുവേണ്ടി) ഇത്യാദി. ആനയ്ക്ക്, വെള്ളത്തിലേയ്ക്ക് ഇത്യാദികളിലുള്ള 'ക്ക' തന്നെയാണ് ഇതെന്നു സ്പഷ്ടം.

പ്രയോഗവിശേഷങ്ങാം—ബ. വ. പ്രത്യയം അത്യാവശ്യമുണ്ടെങ്കിലേ പ്രയോഗിക്കു. അസിബൻധഘ് = ഒരാാം. ഇരാ, (രണ്ട്), മുസി (മൂന്നു്)എന്നിവ ചേത്താലും ബൻധഘതന്നെ മതി. മേയനാമങ്ങളോടു ബൻധഘാ ബഹുവചനപ്രത്യയം ചേക്കൽ ഒരു പ്രത്യേകതയാണു് ബ്രാഹ്വയിയിൽ. ദീർ (വെള്ളം), ദീക—ഃ ഇങ്ങനെ.

വിഭക്തികളിൽ പ്രതിഗ്രാഹികാപ്രത്യയം അത്യാവശ്യമുണ്ടെങ്കിലേ വേണ്ടൂ: ദീർഹതാ (വെള്ളംകൊണ്ടുവാ). കടപ്പാട്, ഉത്തരവാദിത്വം, താൽപര്യം എന്നിവ സൂചിപ്പിയ്ക്കാൻ ഉദ്ദേശിക പ്രയോഗിയ്ക്കും (ലു. മ. എനിയ്ക്കു പോകണം, അമ്മയ്ക്കു മരുന്നു്) സംയോജികകരണാത്ഥത്തിനു് പുറമെ സ്വാതന്ത്ര്യവും കാണിയ്ക്കും. സംബന്ധികാപ്രത്യയം (ചേത്ത രൂപത്തെ നിദ്ദേശിക തുടങ്ങിയ വിഭക്തികളിൽ വീണ്ടും വ്യൽപാദിപ്പിയ്ക്കാം. ഈവലും. നാ, ഈവലും നാക, ഈവലും നായേ, ഈവലും നാതെ—ഇങ്ങനെ (ലു. മ. സോദര

ന്റേതു്, സോദരന്റേതിനെ). താരതമ്യം കാണിപ്പാൻ അപാദാനികയും, സ്ഥലകാലങ്ങൾ കാണിപ്പാൻ ആധാരികയും പ്രയോഗിക്കും.

## സർവ്വനാമങ്ങൾ

ബ്രാഹൂയിയിൽ 'ഈ' (തമ. എന്നൻ, യാൻ, ഞാൻ) യാണു് ഉ.പു. സർവ്വനാമം. 'നീ' മധ്യമപുരുഷനും. പ്ര. പു. വിൽ നിർദ്ദേശികയല്ലാത്ത വിഭക്തികളിൽ 'ത' എന്നൊരു നിപാതം പ്രത്യയശേഷം പ്രയോഗിച്ചുകാണുന്നു. അതു് ഇതു് എന്നിവയിലെ 'ത' ആയിക്കൂടെന്നില്ല. സർവ്വനാമങ്ങളുടെ രൂപനിഷ്പാദനത്തിൽ പല പ്രത്യേകതകളും ഉണ്ടു്. ക്രിയകളിൽ പുരുഷപ്രത്യയം വരുമ്പോൾ മുമ്പിൽ സർവ്വനാമം ആവശ്യമില്ല. (ദൃ. കണ്ടേൻ: കണ്ടാൾ. ഇവിടെ കർത്തൃപദങ്ങളായ ഞാൻ, അവൾ എന്നിവ അനാവശ്യം). സർവ്വനാമരൂപങ്ങളുടെ സാമാന്യരൂപം കാണിക്കാം.

| | | |
|---|---|---|
| | | ഏ. വ. |
| | ഉ. പു. | മ. പു. |
| നിർദ്ദേ. | ഈ (ഞാൻ) | നീ |
| പ്രതി. ഉദ്ദേ. | കനെ | നേ |
| സംയോ. | കൻതോ | നേതോ |
| പ്രയോ. | കനെഅററ് | നേഅററ് |
| സംബ. | കനാ | നാ |
| ആധാ. | കനേററി | നേററി |
| | കനോആയ് | നേആയ് |
| അപാ. | കനെ ആൻ | നേ ആൻ |
| ബ. വ. | | |
| ഉ. പു. | | മ. പു. |
| നൻ........ | | നും |
| നനെ........ | | നുമെ |

| | |
|---|---|
| നൻതൊ......... | നംതൊ |
| നനെ അററ്......... | നമെ അററ് |
| നനാ (ലു. ത. നമ്മ)......... | ൻമാ |
| നനേററി ......... | നമേററി |
| നനേ ആയ് | നമെ ആയ് |
| നനേ ആൻ......... | ൻമെ ആൻ |

പ്ര. പു. വിൽ സംയോജിക, പ്രയോജിക, ആധാരിക എന്നിവയിൽ ഈ തോത, ഈ അററ്ത, ഇററിത ഇ് അ്യിത ഇങ്ങനെയാണ് ക്രമത്തിൽ ഏ. വ. രൂപങ്ങൾ. ഒരു ബ്രാഹൂയിവാക്യം:

ഈ ൻംതോ ബരേവ=ഞാൻ നിങ്ങളോടുകൂടി വരാം.

## പ്രശ്നാത്മകസർവ്വനാമങ്ങൾ

പ്രധാനപ്പെട്ടവ:—ദേർ, ദേ=ആർ (ലു. ത. മ. യാർ, ആർ;) അന്ത്=എന്ത് (ലു. ത. മ. എന്ത്); അരാ=ഏത് (ലു. ത. മ. യാർ, ആർ). 'ദേർ' ആളുകളെപ്പററിപ്പറയുമ്പോഴേ പ്രയോഗിക്കൂ. 'അന്ത്' അചേതനങ്ങളെ പരാമർശിക്കുന്നു. 'അരാ' രണ്ടിനും പററും. 'ദേറി'ന്നു വചനഭേദമില്ല. ദേരെ, ദേർതൊ, ദേരററ്, അന്തെ, അന്തതോ, അന്തററ് ഇങ്ങനെ വിഭക്തിപ്രത്യയങ്ങൾ ഇവ. യിൽ ചേർക്കുന്നു.

## സ്വാത്മവാചി സർവ്വനാമം

ത. മ. ത്തിലെ 'താൻ'തന്നെ ബ്രാഹൂയിയിലും; 'തേൻ' എന്ന രൂപത്തിലാണെന്നു മാത്രം ഉദാ: "ഈ തേനററ് ഹിനാററ"=ഞാൻ തന്നെത്താൻ പോയി. തേംപതേൻ=തന്നെത്താൻ; തേനേക=തനിയ്ക്കു് രണ്ടു വചനത്തിലും തുല്യമാണ് 'തേൻ'. തേനെ, തേൻതൊ, തേനററ് ഇങ്ങനെ സാധാരണപോലെ വിഭക്തികളിൽ വ്യൽപ്പാദിപ്പിയ്ക്കും.

## ചുട്ടെഴുത്തുകൾ

സമീപവാചി 'ദാ' (ല്യ. ത. മ. ഇ); ദൂരവാചി 'ഏ' (ല്യ. ത. മ. അ.) മദ്ധ്യവാചി 'ഓ' (ല്യ. ത. മ. ഉ.) ഭേദകമാകുമ്പോൾ രൂപഭേദമില്ല. നാമമാകുമ്പോൾ ദാ, ദാദ് (ഇത്); ദാദെ, ദാർതോ, ദാററ് ഇത്യാദി. ഏ, ഏദ് (അത്), ഏദെ, ഏർതൊ, ഏററ്; ഓ, ഓദ് (ഉത്_മദ്ധ്യത്തിലുള്ളത്), ഓദെ, ഓർതോ ഒററ് ഇങ്ങനെ രൂപങ്ങൾ വിഭക്തികളിൽ ഉണ്ടാകും. ഇവയുടെ ബ്യ. വ. ക്രമത്തിൽ ദാഫ്ക്, (ഇവ), ഏഫ്ക് (അവ), ഓഫ്ക് ഇങ്ങനെയാണ്; വിഭക്തിരൂപങ്ങൾ ദാഫ്തെ, എഫ്തെ, 'ഓഫ്തെ ഇങ്ങനെ സാധാരണ മട്ടിൽ നിർമ്മിയ്ക്കും. ഇതിലെ 'ഫ'യെ ത. മ. ത്തിലെ 'വ' യുമായി (അവ, ഇവ) താരതമ്യപ്പെടുത്തുക. വിഭക്തിപ്രത്യയങ്ങളിൽ പലതും രൂപംമാറിയ ചുട്ടെഴുത്തുകളാണെന്നു തോന്നുന്നു

## സംഖ്യ

ഒന്നുമുതൽ മൂന്നുവരെ തനി ദ്രാവിഡം. നാലുമുതൽ (ചാർ, പാഞ്ച്) ഇത്യാദി ആര്യഭാഷകളിൽനിന്നെടുത്തതാണ്.

അസിററ്, അസി=1 (ഒൻറ്)

ഇരററ്, ഇരാ=2 (ഇരണ്ട്)

മുസിററ്, മുസി=3 (മൂൻറ്)

'ററ'കാരാന്തപദങ്ങൾ സംഖ്യാനാമങ്ങളും, മററവ ഭേദകങ്ങളുമാണ്. സംഖ്യാഭേദകം പ്രയോഗിക്കുമ്പോൾ വിശേഷ്യം ഏ. വ ത്തിൽ മതി. ഉദാ: കനാ ഇരാ മാർ ഓ=എനിക്ക് രണ്ട് ആൺമക്കളുണ്ട്.

[സുമലരി, മെംഗൽ തുടങ്ങിയ ഗോത്രക്കാർ സാധാരണ ഇരുപതിൻെറ പെരുക്കത്തിലാണു സംഖ്യ കൂട്ടാറ്. ഉദാ: 'മുസി ബ്വീസ്റ്റ് ഒ ദഹ്' $3 \times 20 + 10 = 70$]

ക്ലിപ്താൎത്ഥം കാണിക്കാതെ 'അസ്' എന്നതിൻെറ പ്രയോഗം (ലു. ഒരെട്ടുപത്തുപേർ) ബ്രാഹ്വയിയിലുണ്ട് അസി ആദ്യവും പദാന്തത്തിലും ചേൎത്ത് 'അസി ബന്ദഘലസ്' (ഒരു മനുഷ്യൻ) ഇത്യാദി പ്രയോഗവും സുലഭമാണ്.

## ഭേദകം

ഏകാക്ഷരവും ദ്വ്യക്ഷരവുമാണ് അധികം ഭേദകങ്ങളും ശുദ്ധഭേദകങ്ങളിൽ ചിലതു്:—

സൂത്=നേരിയ; മട്ട് തടിച്ച; ഡഡ്=കഠിനമായ.

ഭേദകനിൎമ്മായിപ്രത്യയം 'ഉൻ' അഥവാ 'കുൻ' (ഗുൻ) ആണു്. ഉദ: ബല്യൻ=വലിയ; പൂസ്കുൻ=പുതിയ; ബാദൻ (വരണ്ട); ബിൻഗുൻ=വിശപ്പുള്ള; മുത്കൻ=വയസ്സായ (ലു. ത. മ. രൂപങ്ങൾ).

ഏൻ, അക്, അർ, ദാർ—ഈ പ്രത്യയങ്ങളിൽ അവസാനിക്കുന്ന ഭേദകങ്ങളും ഉണ്ടു്. ഉദാ:—

കുബേൻ=ഘണമുള്ള.

ചുനക്=ചെറിയ (ലു. ത. മ. ചിന്ന)

ഹനേൻ=മധുരമുള്ള (ലു. ത മ. ഇനിയ)

'ഉൻ,' 'ഏൻ' എന്നീ പ്രത്യയങ്ങളെ വരിയൻ പുളിയൻ ഇത്യാദികളിലെ 'അൻ' പ്രത്യയവുമായി താരതമ്യപ്പെടുത്തുന്നതു്

രസാവഹമാണ്. 'അംഗാ,' 'ആ' എന്നീ പ്രത്യയങ്ങൾ ചേർത്തും ബ്രാഹ്വയിയിൽ ഭേദകമുണ്ടാക്കാറുണ്ട്. 'കുബാൻഗാ ഫക്കീർ (ക്രൂരനായ പിച്ചക്കാരൻ); 'ചുനാ മാർ' (ചെറിയ കുട്ടി) 'വന്ന' 'വെളുത്ത' ഇത്യാദികളിലെ 'അ' പ്രത്യയം നോക്കുക.

## ക്രിയകൾ

ക്രിയകളെ ഒടുവിൽ 'ഇങ്ങ്' ചേർത്തു പറയുന്നു. നിയോജക മധ്യമപുരുഷൻ ഏകവചനം ധാതുരൂപത്തിൽ നില്ക്കും. ഈ വിഷയത്തിൽ മൂന്നു സമ്പ്രദായങ്ങൾ കാണുന്നു:—

1. (ധാതു കേവലരൂപത്തിൽ നില്ക്കുന്നതു്) ഉദാ:—

| | |
|---|---|
| ക്രിയാരൂപം | നിയോജക മ. പു. ഏ. വ) |
| ബീനിങ്ങ് (കേൾക്കുക) | ബീൻ (കേൾ, കേൾക്കു) |
| കുനിങ്ങ് (തിന്നുക) | കുൻ (തിന്ന്) |

[നകാരാന്തധാതുക്കളിൽ അല്പം വ്യത്യാസം ഉണ്ട്] ഉദാ:—

| | |
|---|---|
| ബന്നിങ്ങ് (വരിക) | ബ, ബർ (വരു, വാ) |
| പാന്നിങ്ങ് (പറയുക) | പാ, പർ (പറ) |

2. ['അ' പ്രത്യയം ഒടുവിൽചേർക്കുന്ന സമ്പ്രദായം] ഉദാ:—

| | |
|---|---|
| ബാരിങ്ങ് (വരളുക) | ബാര |
| തരിങ്ങ് (നൂൽക്കുക ലൃ. മ. തറി) | തര |

3. [ധാതുവിൻെറ ഒടുവിൽ 'എ'പ്രത്യയംചേർക്കൽ] ഉദാ:—

| | |
|---|---|
| ഖ്ലിങ്ങ് (ഭയപ്പെടുക) | ഖ്ലെ |
| തിനിങ്ങ് (കൊടുക്കുക. ലൃ. മ. തരിക) | ഏതെ |

മധ്യമപുരുഷൻ ഏ. വ. ധാതുരൂപമായാണല്ലോ ത. മ. ത്തിലും നില്ക്കുന്നത്. എന്നാൽ തര്, വര് എന്നതിന്നു പകരം താ,

വാ എന്നാണ് രൂപം. രേഫം ലോപിയ്ക്കുമ്പോഠം അതിനു പ്രതിവിധിയായി പൂർവ്വസ്വരം ദീർഘിയ്ക്കുന്നതാണെന്നു പറയേണ്ടിവരും. ഗുണ്ടർട്ട്, കാഠംഡ്വൽ മുതലായവർ വാ, വർ, താ, തർ. ഇങ്ങനെ ഒരേ ധാതുവിനു രണ്ടു രൂപമുണ്ടായിരുന്നതായി സങ്കല്പിയ്ക്കുന്നു. കന്നടത്തിൽ ബർ, തർ ഇങ്ങനെ 'ർ' ചേർന്നതാണ് മുമ്പറഞ്ഞ ധാതുക്കാഠം. 'വര'ലിൻെറ കാര്യത്തിൽ തെലുങ്കിൽ വാ (ഏ.വ.) ബ.വ.ത്തിൽ 'രമ്മു' ആകുന്നു. ('അവൻ''വാഡു'ആകുമ്പോലെ ആദ്യക്ഷരം ലോപിച്ചതാണിത്) ഇതു രേഫാന്തമാണ്, ആദിമധാതുവെന്നു സൂചിപ്പിയ്ക്കുന്നുണ്ട്. ബ്രാഹ്വയി ഈ പ്രശ്നത്തിൽ വെളിച്ചം വീശുന്നു. ബന്നിങ്ങ് (വരിക) എന്നതിനു ബ, ബർ ഇങ്ങനെ രണ്ടു രൂപമുള്ളതു നോക്കുക. രേഫം ചേർത്തും ചേർക്കാതെയും ഉള്ള രണ്ടു ആദിമരൂപങ്ങഠം ആഗമനാർത്ഥകധാതുവിനുണ്ടായിരിയ്ക്കണമെന്ന കാഡ്വലിൻേറയും മററം ഊഹത്തെ ഇതു ബലപ്പെടുത്തുന്നു. 'തിനിങ്ങ്,' (ത. മ. താ. തർ) കൊടുക്കുക, തരിക എന്നു രണ്ടർത്ഥത്തിലും ലു. (give) പ്രയോഗിച്ചിരിയ്ക്കും അതിൻെറ നിയോജക മ. പു. ഏ. വ. ബ്രാഹ്വയിയിൽ 'ഏതെ' എന്ന വിചിത്രരൂപമാണ്. രണ്ടും വ്യത്യസ്തധാതുക്കളായിരിയ്ക്കണമെന്നും ഒന്നു ഖിലാമയിപ്പോയതാകാമെന്നും ഡെനിസ്ബ്രെ ഊഹിക്കുന്നു. ഏതായാലും 'വരലും തരലും' ദ്രാവിഡഭാഷാശാസ്ത്രജ്ഞനെ ചിന്തിപ്പിയ്ക്കുന്ന പ്രശ്നങ്ങളാണെന്നു സ്പഷ്ടം.

ബ്രാഹ്വയിയൽ നിയോജകബഹുവചനമുണ്ടാക്കാൻ ധാതുവോടു 'ബോ' പ്രത്യയം ചേർക്കും. ഉദാ: ബിസ്, ബിസ്ബോ; ബിൻ, ബിൻബോ: ഇല്ലേ, ഇല്ലേ ബോ. (പോവിൻ, നടപ്പിൻ ഇവയിലെ വ, പ ഈ അംശങ്ങഠം ഓർമ്മിയ്ക്കുക)

| വർത്തമാനകാലം | ഏ. വ. | ബ. വ. |
|---|---|---|
| ഉ. പു. ഈ ഉററ് | (ഞാൻ ആകുന്നു) | നൻ ഉൻ |
| പ. പു. നീ ഉസ് | നീ ,, | നും ഉരെ |
| പ്ര. പു. ഒദ് എ | അവൻ ,, | ഒഫ്ക് ഒ (ഉർ) |

ത. മ.ത്തിലെ 'ഉം' 'ഉണ്ട്' എന്ന ചിലധാതു തന്നെയാണ് മുകളിൽ കാണുന്നതു്. 'കണ്ടീർ' എന്നതിലെ 'ർ', ഉരെ എന്നതിൽ ശേഷിക്കുന്നു. പുരുഷപ്രത്യയങ്ങൾ ക്രിയകളിൽ നിർബ്ബന്ധമായി ബ്രാഹൂയിയിൽ ചേർക്കും. കാലത്തിലും മററുമുള്ള സൂക്ഷ്മവ്യത്യാസങ്ങൾ കാണിപ്പാൻ പ്രത്യേകം രൂപമാലകൾ ഉണ്ടു്. വർത്തമാനകാലത്തിൽ അനിശ്ചയാർത്ഥം സൂചിപ്പിക്കുമ്പോൾ ക്രിയകളിൽ ഇവ്, ഇസ്. എ (ഏ. വ): ഇൻ, ഇരെ, ഇർ, (ബ വ) ഇങ്ങനെ ക്രമേണ ഉത്തമപുരുഷാദികളിൽ പ്രത്യയം ചേർക്കുന്നു.

ഭൂതകാലം — ഇതരദ്രാവിഡങ്ങളിലെ ഭൂതകാലപ്രത്യയമായ 'തു' ബ്രാഹൂയിയിൽ തകാരമായി നിലനില്ക്കുന്നു: ററകാരത്തിൻെറ രൂപത്തിലാണെന്നു മാത്രം.

| | ഏ. വ. | ബ. വ. |
|---|---|---|
| ഉ. പു. ഈ അസ്സററ് | (ഞാൻ ആയിരുന്നു) | നൻ അസ |
| മ. പു. നീ അസ്സസ് | നീ ,, | നും അസ്സരെ |
| പ്ര. പു. ഒ അസ്, അസ്സസ് | അവൻ ,, | ഒഫ്ക അസ്സർ (അസ്സോ) |

സാമാന്യഭൂതം, പൂർണ്ണഭൂതം, അനവച്ഛിന്നഭൂതം തുടങ്ങിയ പല വകുപ്പിലുമായി അർത്ഥവിശേഷം കാണിപ്പാൻ പ്രത്യയങ്ങൾ ബ്രാഹൂയിയിലുണ്ടു്.

| ഭാവികാലം | ഏ. വ. | ബ. വ. |
|---|---|---|
| ഉ. പു. ഈ തിഖിവ് | (ഞാൻ വെക്കും) | നൻ തിഖിൻ |
| മ. പു. നീ തീഖിസ് | നീ ,, | നും തിഖിരെ |
| പ്ര. പു. ഒ തിഖെ | അവൻ ,, | ഒഫ്ക തിഖിർ |

ശീലം, സംഭാവ്യത ഇത്യാദി അർത്ഥവിശേഷങ്ങൾ സൂചിപ്പിക്കുവാൻ പ്രത്യേകരൂപങ്ങളുണ്ട്. 'സാരള്യത്തിൽനിന്നു സങ്കീർണ്ണതയിലേക്ക്' എന്നാണ് മനുഷ്യന്റെ സംസ്കാരത്തേയും അതിന്റെ ഘടകങ്ങളേയുംപററി സാധാരണ പറയാറ്. എന്നാൽ ഭാഷയെ സംബന്ധിച്ചിടത്തോളം ഇതു് ശരിയല്ല. രൂപാവലികോലാഹലം അധികവും അപരിഷ്കൃതഭാഷകളിലാണ് കാണുന്നതു്. ബ്രാഹൂയിയുടെ വ്യാകരണഭണ്ഡാരം വലുതാണ്. പക്ഷേ പ്രധാനനിയമങ്ങളുടെ പ്രവർത്തനരംഗം വിസ്തൃതമാകയാൽ അപവാദങ്ങളുടെ എണ്ണം കുറേ ചുരുങ്ങും.

നിഷേധക്രിയകൾ — ക്രിയകളിൽ നിഷേധരൂപമുണ്ടാകുന്ന സമ്പ്രദായം ഭാഷാഗോത്രം നിർണ്ണയിക്കുന്നതിനു സഹായകമാണ്. വരും, വരാ, നടക്കും, നടക്കാ എന്നിവയിൽ കാണുംപോലെ 'ആ' പ്രത്യയമാണ് ദ്രാവിഡങ്ങളിൽ നിഷേധവാചി. അല്ല, ഇല്ല എന്നിവയുടെ അനുപ്രയോഗവും നമുക്കു് പരിചിതമാണല്ലോ. ബ്രാഹൂയിയിൽ സകർമ്മകാകർമ്മകങ്ങളിലും, കേവലപ്രയോജകങ്ങളിലും എല്ലാം 'അ' ചേർത്താണ് നിഷേധമുണ്ടാക്കുന്നതു്.

| | ഏ. വ. | ബ. വ. |
|---|---|---|
| ഉ. പു. | ഈ അഫററ് (ഞാനല്ല) | നൻ അഫൻ |
| മ. പു. | നീ അഫെൻസ് (നീ അല്ല) | നും അഫേരെ |
| പ്ര. പു. | ഒദ് അഫ്, അഫക് (അവൻ അല്ല) | ഒഫ്ക് അഫസ്. |

ഭാവിയുടെ 'പ', ഭൂതത്തിന്റെ 'ത' എന്നീ പ്രത്യയങ്ങൾക്കു ശേഷം ഈ 'അ' ചേക്കും. തമിഴിലും പഴയ മലയാളത്തിലും ഉള്ള ചെയ്യാൻ, കാണേൻ ഇത്യാദികൾ നിഷേധാർത്ഥത്തിലുള്ള ആ പ്രത്യയം അന്തർല്ലയിച്ചതാണ്. മുകളിൽ ചേർത്ത ബ്രാഹൂ

യിയിലെ 'അഫി'ൻ ആവുകൾയോടുള്ള ബന്ധം ശ്രദ്ധേയം. ചില പ്പോൾ ഇത് അവററ്, 'അവേസ്' ഇങ്ങനെ മാറുകയും ചെയ്യും. തമിഴ്_മലയാളത്തിലെ 'അല്ല' ബ്രാഹൂയിയിലും കാണുന്നു. ഉദാ: ഈ തിഫിൻ ഗാററി അല്ല വററ്=ഞാൻ വെക്കുന്നില്ല.

നിയോജകമധ്യമപുരുഷൻ ഏ. വ. ത്തിൽ 'പ' (പ്+അ) പ്രത്യയം ചേർത്താണ് നിഷേധം ഉണ്ടാക്കുന്നത്. ബിസ്പ= ചുടരുത്; തീഖ്പ=വെയ്ക്കരുത്; ഖൽപ=അടിയ്ക്കരുത്. പാനി ങ്ങ് (പറയുക), തോനിങ്ങ് (പിടിയ്ക്കുക) എന്നിവ ക്രമത്തിൽ 'പാപ' 'തോപ' ഇങ്ങനെയാകും. മ. പു. ബഹുവചനത്തിൽ 'ബോ' സാധാരണപോലെ ചേർക്കുന്നു. തീഖ്പബോ=(നിങ്ങൾ) വെക്കരുതു്; തുൽപബോ=(നിങ്ങൾ) ഇരിക്കരുതു്.

ഈ ലഘുവിവരണത്തിൽ ബ്രാഹൂയിക്ക് പദവിഷയകമായും വ്യാകരണപരമായും ദ്രാവിഡകുടുംബത്തോടുള്ള ബന്ധം വിശദ മാകുന്നുണ്ടല്ലോ. പഞ്ചാബി, സിന്ധി, എന്നിവയുടെ കുടുംബ ത്തിൽ ജനിച്ചതാണു് ബ്രാഹൂയി; ദ്രാവിഡത്തിൻെറ കലർപ്പുണ്ടെ ന്നേ ഉള്ളൂ എന്നായിരുന്നു കാാൾഡ്വെല്ലിൻെറയും മററും പക്ഷം. എന്നാൽ ഉപരിഗവേഷണങ്ങൾ നേരെ മറിച്ചാണു് സ്ഥാപിച്ചി രിക്കുന്നതു്. ബ്രാഹൂയിയുടെ വ്യാകരണകാര്യങ്ങൾ പലതും ദ്രാ വിഡവ്യാകരണത്തിൻെറ സഹായംകൊണ്ടേ മനസ്സിലാവുകയുള്ളൂ. വിഭക്തിപ്രത്യയങ്ങളായ നാ, എ, ആൻ, കി എന്നിവയുടേയും ബ. വ. പ്രത്യയങ്ങളായ തു, ത, സ്ക എന്നിവയുടേയും ആഗമം മററൊരുത്തിൽ വ്യക്തമാകുകയില്ല. നി, നം, തൻ എന്നീ പുരുഷ സർവ്വനാമങ്ങൾ തികച്ചും ദ്രാവിഡംതന്നെ. ബ്രാഹൂയിയിലെ നി ദർശകസർവ്വനാമങ്ങളായ ദാദ്, ഏദ്, ഒദ് (ലു. ഇത്, അത്, ഉത്) അവയുടെ ബ. വ. രൂപങ്ങളായ ദാഫ്ക്, ഏഫ്ക്, ഓഫ്ക് എന്നിവയൊന്നും ആര്യൻവ്യാകരണനിയമംവെച്ച് വ്യാഖ്യാനി

പ്പാൻ സാധ്യമല്ല. പ്രശ്നാത്ഥകസവ്വനാമങ്ങളായ ദേർ (ലൃ. ആർ); അന്ത് (എന്ത്) തുടങ്ങിയവയുടേയും നില ഇതുതന്നെ. അസററ്, ഇരററ് തുടങ്ങിയ ആദ്യത്തെ മൂന്നു സംഖ്യകഠം തികച്ചും ദ്രാവിഡീയമാണ്. ക്രിയകളിൽ പുരുഷസവ്വനാമങ്ങഠം അരച്ചുചേക്കുന്നതും ബ. വ.ത്തിൽ രെ, ർ (ലൃ.ത മ. കണ്ടാർ, കണ്ടീർ) എന്നിവ പ്രയോഗിക്കുന്നതും, പ്രയോജകത്തിൽ 'ഇ' ചേക്കുന്നതു് (ലൃ തരുക, തരുവിക്കു) മററും ശ്രദ്ധേയമാണ്. നിഷേധപ്രത്യയമായ 'അ' പഴയ കുടുംബബന്ധം കാണിക്കുന്നുണ്ട്. അങ്കെ (ലൃ. എന്ത്) എന്നതിന്റെയും മററും ഒടുവിൽ കാണുന്ന ദുർബ്ബലമായ ഐകാരം (ആത്തരം പദങ്ങഠം അധികമില്ലെങ്കിൽകൂടി), തമിഠംപദാന്ത്യത്തിലെ ഐകാരവും (ലൃ. മലൈ തലൈ) യഥാത്ഥത്തിൽ ഉച്ചാരണാത്ഥം ചേത്ത സ്വരവിശേഷമാണെന്നു വ്യക്തമാക്കുന്നുണ്ട്–സംവൃതഉകാരം പോലെതന്നെ ശാസ്ത്രദൃഷ്ട്യാ ബ്രാഹൂയി ഇങ്ങനെ പല പ്രശ്നങ്ങളിലും വെളിച്ചംപരത്താൻ പര്യാപ്തമായ ഒരു ദ്രാവിഡഭാഷയാണ്.

★

# തുളുകേരളബന്ധങ്ങൾ

തുളുനാട്ടിൽ മുപ്പത്തിരണ്ടും മലനാട്ടിൽ മുപ്പത്തിരണ്ടുമായി അറുപത്തിനാലു് ഗ്രാമങ്ങളാണല്ലൊ പണ്ടത്തെ കണക്കുപ്രകാരം കേരളത്തിൽ അടങ്ങുന്നതു്. തുളുനാടിനെ ഉത്തരകേരളത്തിൽ പെടുത്തിയാൽ ദക്ഷിണകേരളത്തിൽ (യഥാർത്ഥകേരളത്തിൽ) വരുന്നവ താഴെ ചേർത്തവയാണു്.[1] ഈ പ്രദേശത്തെ മൂന്നായിത്തിരിച്ചു് ഓരോ വിഭാഗത്തിലും പെടുന്ന ബ്രാഹ്മണഗ്രാമങ്ങളുടെ പട്ടിക കാണിക്കുന്നു.

## കേരളഗ്രാമങ്ങൾ

എ. പെരുമ്പുഴക്കു് തെക്കും കരുമന്‍പുഴക്കു് (കുറുമാലി അല്ലെങ്കിൽ കരുവന്നൂർപ്പുഴക്കു്)[2] വടക്കും ഉള്ള ഗ്രാമങ്ങൾ

1. പയ്യന്നൂർ
2. പെരിഞ്ചെല്ലൂർ
3. കരിക്കാട്ടു്
4. ഈശാനിമംഗം

---

1 നമ്പൂതിരിമാർ—(പ്രസാ:) പി. രാമൻനമ്പൂതിരി; പേജ് 50—65.

2 തൃശ്ശൂർതാലൂക്കിന്റെ തെക്കെ അതിരിലുള്ളതു്.

5. ആലത്തൂർ 6. കാരന്തൊളം
7. തൃശ്ശിവപേരൂർ 8. പെരുവനം[3]
9. പന്നിയൂർ 10. ചൊവ്വരം

ബി. കുരുമമ്പുഴയ്ക്കു് തെക്കും പൂണ്യാററിന്നു് (ആലുവാപ്പുഴയ്ക്കു്) വടക്കും ഉള്ളവ

1. പറവൂർ 2. ഐരാണിക്കുളം
3. മൂഴിക്കുളം 4. ഇരിഞ്ഞാലക്കുട
5. അടവൂർ 6. ചെങ്ങമനാടു്
7. ഉളിയന്നൂർ 8. കഴുതനാടു്
9. കഴയൂർ (കുഴൂർ) 10. ഇളിഭ്യം
11. ചയമുണ്ട (ചെമ്മണ്ട) 12. ആവട്ടിപ്പുത്തൂർ (ആവട്ടുത്തൂർ)

സി. പൂണ്യാററിന്നു തെക്കു് കന്യാകുമാരി വരെ ഉള്ളവ

1. കടമറക 2. കിടങ്ങർ
3. കുമാരനെല്ലൂർ (കാരനെല്ലൂർ)
4. കവിയൂർ 5. ഏററമാന്നൂർ
6. നീർമണ്ണ 7. അമ്മണി (വെണ്മണി)
8. അമ്പളം (ആർമുള)
9. ചെങ്ങന്നൂർ 10. തിരുവല്ല

ഇതിൽ ഏ. വകുപ്പിൽപ്പെട്ട പെരിഞ്ചെല്ലൂർ, പെരുമനം, പന്നിയൂർ, ചൊവ്വരം, തൃശ്ശിവപേരൂർ എന്നിവ വളരെ പഴക്കവും പ്രാധാന്യവും ഉള്ളവയാണു്. ബി. വകുപ്പിലെ 8-ഉം 10-ഉം നംബർ സ്ഥലങ്ങൾ വ്യക്തമായി അറിയപ്പെട്ടിട്ടില്ല. ഒന്നുരണ്ടെണ്ണത്തിൻെറ കാര്യത്തിൽ സംശയങ്ങളുമുണ്ടു്. ഏ. വകുപ്പിൽ പെട്ട

3 ലോഗൻ, എങ്ങനെയോ, ഇതു വിട്ടിരിക്കുന്നു. (മലബാർ മാന്യുവൽ—പേജ് 224)

വർ ആദ്യമേ കടിയേറിപ്പാർത്തിരിയ്ക്കണമെന്നൂഹിയ്ക്കാം. മധ്യകേരളത്തിലാണ് ബ്രാഹ്മണാധിപത്യം പ്രബലമായിരുന്നത് എന്നു സംശയമററ സംഗതിയാണ്. മുകളിൽപ്പറഞ്ഞ ഓരോന്നും വൈദികസ്മാർത്താദികർമ്മങ്ങളിലന്യസഹായം കൂടാതെ കഴിഞ്ഞിരുന്ന മുഖ്യഗ്രാമങ്ങളാണ്. സി. വകുപ്പിൽപെട്ട കവിയൂർ, തിരുവല്ല, വെൺമണി, ആർമുള, ചെങ്ങന്നൂർ എന്നിവ പോററിമാരുടേയും ബി.യിൽപെട്ട അടൂർ, ചെങ്ങമനാട്, പറവൂർ എന്നിവ ഗ്രാമണിനമ്പൂതിരിമാരുടേയും ഗ്രാമങ്ങളാണെന്നത്, തുളുനാട്ടിൽ നിന്നുള്ള അവരുടെ വരവ് അപ്രാചീനമാണെന്നു കാണിക്കുന്നുണ്ട്. സ്വന്തമായ ആചാരനടപടികളും മററും ഉണ്ടായിരുന്ന ഈ മുപ്പത്തിരണ്ടു സ്വതന്ത്രഗ്രാമങ്ങളുടെ കീഴിൽ ധാരാളം ഉപഗ്രാമങ്ങളും ഉണ്ടായിരുന്നു. എ....ഗ്രൂപ്പിൽപെട്ട പന്നിയൂരിൽ ഓരോ വേദത്തിലും ആയിരം ഇല്ലങ്ങൾ വീതം ആകെ മൂവ്വായിരം ഇല്ലങ്ങൾ ഉണ്ടായിരുന്നുവത്രെ. ഇവയിൽ വൈദികന്മാർ, സ്മാർത്തന്മാർ, അഗ്നിഹോത്രികൾ തുടങ്ങിയ എല്ലാ വകുപ്പുകാരും പെട്ടിരുന്നു. ചൊവ്വരം, പന്നിയൂർ തുടങ്ങിയവ രാജ്യകാര്യങ്ങളിൽക്കൂടി പ്രവേശിക്കത്തക്ക ശക്തിയുള്ളവയായിരുന്നുവല്ലൊ. ഇങ്ങനെ ആദ്യം ആധുനികകേരളത്തിൻെറ വടക്കൻപ്രദേശത്തു് പ്രവേശിച്ച് സ്ഥാനം നേടി ക്രമത്തിൽ തെക്കോട്ട് വ്യാപിച്ച നമ്പൂതിരിമാരുടെ സംഖ്യ പണ്ടു ഗണ്യമായിരുന്നിരിക്കണം എന്ന കാര്യത്തിൽ സംശയമില്ല. മുൻകാണിച്ച പട്ടികയിൽ പയ്യന്നൂർഗ്രാമം മാത്രം മരുമക്കത്തായക്കാരാണ്. എ. വകുപ്പുകാർ ആദ്യവും, ബി. വകുപ്പുകാർ പിന്നീടും, സി. ഗ്രൂപ്പുകാർ അതിനുശേഷവും വന്നവരായിരിക്കണം എന്നൂഹിക്കാം.

ഇനി നമുക്കു തുളുനാട്ടിലെ (പഴയ ഉത്തരകേരളത്തിലെ) ഗ്രാമങ്ങളുടെ നില നോക്കാം. നമ്മുടെ കേരളോല്പത്തിയ്ക്കു സമാനമായി നില്ക്കുന്ന തുളുവരുടെ 'ഗ്രാമപദ്ധതി'യാണ് ഈ വിഷയത്തിൽ വി

വരം തരുന്നത്. ഈ ഗ്രന്ഥം സ്കാന്ദപുരാണത്തിൽപെട്ട സഹ്യാദ്രി കാണ്ഡത്തെ ആസ്പദിച്ചെഴുതിയതാണ് എന്നാണ് വിശ്വാസം. ചരിത്രപരമായി പറഞ്ഞാൽ എ. ഡി. 10-ാം നൂററാണ്ടിനേക്കാൾ പഴക്കം ഇതിന്നില്ല. ആ ഗ്രന്ഥം ഇന്നത്തെ നിലയിൽ ആയിത്തീന്നത് എ. ഡി. 14-ാം നൂററാണ്ടിൻെറ ഉത്തരാദ്ധത്തിലായിരിക്കണമെന്നാണൂഹം.[4] കേരളോല്പത്തിയെപ്പോലെ തന്നെ വിഭിന്ന പാഠങ്ങളോടുകൂടിയതാണ് ഗ്രാമപദ്ധതി. അല്പാല്പം ഭേദഗതികളോടുകൂടിയാണെങ്കിലും 32 ഗ്രാമങ്ങളുടെ പേരുകൾ ഈ ഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ളതിൻെറ വിവരം താഴെ ചേക്കാം. പൊതുവിൽ കിഴക്കും പടിഞ്ഞാറമായിട്ടാണ് വിഭാഗം. അഗ്നിഹോത്രജന്മ, സ്ഥാത്തർ, ഭട്ടർ, തന്ത്രികൾ, പണ്ഡിതർ, പക്ഷനാഥർ, ബെല്ലാളർ, ഗ്രാമണികൾ, അധിവാസികൾ, ജന്നികൾ ഇങ്ങനെ വിഭജിയ്ക്കപ്പെടുന്ന ഈ ഗ്രാമങ്ങളിലെ ഗൃഹങ്ങളിൽ സംഖ്യാക്രമത്തിൽ വലിപ്പം ഭട്ടർ, ജന്നികൾ, അഗ്നിഹോത്രർ, ഗ്രാമണികൾ, സ്ഥാത്തർ എന്നിവക്കാണ്.

## തുളുഗ്രാമങ്ങൾ

| എ. പടിഞ്ഞാറൻഗ്രാമങ്ങൾ | ബി. കിഴക്കൻഗ്രാമങ്ങൾ |
|---|---|
| 1. കാവൂർ | 1. ശ്രീപാഡി |
| 2. വർകാഡി | 2. വഡില |
| 3. മരണി | 3. ന്ദ ള |
| 4. കളവിനാഡു | 4. കരന്തൂര് |
| 5. പാടി | 5. ഉജ്ഝരി |
| 6. കൂഡില | 6. കഞ്ചമാർഗ |
| 7. മൊഗെബൈല | 7. കൊക്കട |

4 Dr. B. A. Salatore; Ancient Karnataka vol. I, 1936, P. 341-47.

| | |
|---|---|
| 8. മിത്തനാഡു | 8. രാമിഞ്ച |
| 9. നീർമാർഗ്ഗം | 9. പുഡെ |
| 10. ശ്രീമംത്തൂർ | 10. ബൽപ |
| 11. തെങ്കള | 11. എർനാഡു |
| 12. ശിവബെള്ളി | 12. ഇഡെകെട്ടു |
| 13. അജപുരം | 13. കെമ്മിഞ്ച |
| 14. നീലാവരം | 14. പാവിഞ്ച |
| 15. കോട | 15. ശ്രീയാസി |
| 16. കന്ദാവരം | 16. കോഡിപാഡി |

[5] ഇതിൽ 120 ഗൃഹങ്ങൾ വരുന്ന ശിവള്ളി (ശിവബെള്ളി= ശിവപള്ളി)യാണ് രണ്ടു വകുപ്പിലുംവെച്ച് ആഢ്യത്വം ഏറിയത്,

---

5 കേരളത്തിലെ ഐതിഹ്യപ്രകാരം തുളുഗ്രാമങ്ങൾക്ക് വ്യത്യാസമുണ്ടു്. തമ്പുരാൻെറ 'കേരളം' പറയുന്ന 32 ഗ്രാമങ്ങൾ താഴെ ചേൎക്കുന്നു. കേരളോല്പത്തിപ്രകാരമുള്ളതാണ് ഇതു്. 1) ഗോകൎണ്ണം 2) ഗോമകുടം 3) കാരവള്ളി 4) മല്ലൂർ 5) എപ്പന്ദൂർ 6) ചെപ്പന്നൂർ 7) കാടലൂർ 8) കല്പന്നൂർ 9) കാരുച്ചിറ 10) പഴുഞ്ചിറ 11) തൃക്കണ്ടി 12) തൃക്കുട 13) തൃക്കൺപാല 14) തൃച്ചോല 15) കൊല്ലൂർ 16) കോമലം 17) വെള്ളാര 18) വെങ്ങാട് 19) വെങ്കട 20) ചെങ്ങോട് 21) കോടീശ്വരം 22) മഞ്ചീശ്വരം 23) ഉടുപ്പ് 24) ശങ്കരനാരായണം 25) കൊട്ടം 26) ശിവള്ളി 27) മോറ 28) പഞ്ച 29) ഇട്ടലി (വിട്ടൽ) 30) കുഞ്ഞിമംഗലം (കുമാരമംഗലം) 31) അനന്തപുരം 32) കണ്ണപുരം. ശിവള്ളി (ശിവപള്ളി) രണ്ടു പട്ടികയിലും കാണാം. മററു ദുർല്ലഭം ചിലതിന്നേ യോജിപ്പു കാണുന്നുള്ളു.

(നമ്മുടെ ശീവള്ളിയും ശിവപള്ളിയും തമ്മിലുള്ള സാമ്യം നോക്കുക.) ഇതിൽപെട്ട ചില പ്രധാനഗ്രഹങ്ങളാണ് ബെണ്ണിഞ്ചതായ, മരഭീതായ തുടങ്ങിയവ; ഇവയോരോന്നിനും പ്രസിദ്ധിപെററ 'ശിഷ്യഗ്രഹ'ങ്ങളും ഉണ്ട്. ബെണ്ണിഞ്ചതായയുടെ കീഴിലാണ് തെകോഡിതായ, ശിത്തിലായ' കഡില്ലായ എന്നിവ ('ആയ' എന്നതു സ്ഥലാത്ഥകമായ പ്രത്യയമാണ്. മേലേടത്ത്, വടക്കിനിയേടത്ത് എന്നെല്ലാം പറയുന്നപോലെ.) ശിവഹള്ളി (ശിവബെള്ളി) എ. ഡി. 8_ാം നൂററാണ്ടിലെ പൃഥിവീസാഗരരേഖയിൽ കാണുന്നതുകൊണ്ട് അന്നേയ്ക്കുതന്നെ അതു വളരെ ഉയന്ന നിലയിലിരുന്നു കാണണം. തുളുവഗ്രാമങ്ങളിൽ എ. വകുപ്പിൽ 200_ൽ പുറവും ബി. വകുപ്പിൽ 60_ൽപ്പുറവും ഗ്രഹങ്ങളേ വരുന്നുള്ളു. ഗ്രാമപദ്ധതിയുടെ ഒരു പാഠപ്രകാരം 300_ഉം മററ പാഠങ്ങൾപ്രകാരം 326_ഉം ഗ്രഹങ്ങൾ കാണുന്നുണ്ട്. ഏകഗ്രഹമായ ഗ്രാമവും ഇല്ലായ്കയില്ല. 2മുതൽ 8വരെ ഗ്രഹങ്ങളാണ് മിയ്ക്കതിലും. ഇതിൽനിന്നു തുളുനാട്ടിലേയും കേരളത്തിലേയും ബ്രാഹ്മണരുടെ സംഖ്യയിൽ ഗണ്യമായ വ്യത്യാസമുണ്ടായിരുന്നുവെന്നു വരുന്നു. ഇതു തന്നെയായിരിക്കണം സാംസ്കാരികമായ ആധിപത്യം നേടിയാലും, തുളുനാടിന്റെ ഭൌതികമായ മേല്ക്കോയ്മ സമ്പാദിപ്പാൻ ബ്രാഹ്മണക്ക് കഴിയാതെ പോയതു്. അഹിച്ഛത്രത്തിൽനിന്നും മററമായി 32,000 ബ്രാഹ്മണരെ കൊണ്ടുവന്ന കണക്ക് തുളുശാസനാദികളിലും മററം കാണുന്നുണ്ടെങ്കിലും അതു ഗ്രാമസംഖ്യയായ മുപ്പത്തിരണ്ടിനെ ആസ്പദിച്ചുണ്ടാക്കിയ ഒരു സാങ്കല്പികക്കണക്കാണെന്നാണ് തോന്നുന്നതു്.

ഇനി പരശുരാമകഥയുടെ ഉല്പത്തിയും പ്രചാരവും നോക്കാം. യഥാത്ഥത്തിൽ ഈ കഥയ്ക്കു് പടിഞ്ഞാറൻതീരത്തെല്ലാം പ്രചാരമുണ്ടെങ്കിലും തുളുനാട്ടിലെപ്പോലെ പരശുരാമനെ സംബന്ധിച്ച സ്മാരകങ്ങൾ ഉള്ള സ്ഥലം വേറെയുണ്ടെന്നു തോന്നുന്നില്ല. ഹാസകോട്ട് താലൂക്കിലെ ലക്കൊണ്ടനഹള്ളിയിലുള്ള വെങ്കടരമണ

ക്ഷേത്രം പരശുരാമൻ നിൎമ്മിച്ചതാണെന്നാണ് പ്രസിദ്ധി. കൂൎഗ്ഗ് ജില്ലയിലുള്ള ഹിരെനഗല്ലൂരിൽ ഭാൎഗ്ഗവൻെറ ബിംബമുണ്ട്; അദ്ദേഹത്തെ അവിടെ ആരാധിക്കുകയും ചെയ്യുന്നു. സൊറാബ്താലൂക്കിലെ ചന്ദ്രഗുട്ടിയിൽ ഒരു രേണുകാക്ഷേത്രം കാണുന്നു. തീൎത്ഥഹള്ളി എന്ന സ്ഥലത്തുനിന്നാണ് രാമൻ മഴുവെറിഞ്ഞത് എന്നാണ് ഐതിഹ്യം. ചിക്കനായകഹള്ളിയിൽ മരംകൊണ്ടുണ്ടാക്കിയ ഒരു പരശുരാമപ്രതിമയുണ്ടത്രെ. ഹസ്സനു 12 മൈൽ പടിഞ്ഞാറ് ഒരു ജമദഗ്ന്യാശ്രമം കാണാം. ഉഡുപ്പിയ്ക്കു സമീപം പരശുരാമൻ സ്ഥാപിച്ചതായിപ്പറയുന്ന ഒരു ദുൎഗ്ഗാക്ഷേത്രവും നാലു നാഗാലയങ്ങളും കാണുന്നു. ഉഡുപ്പിയ്ക്ക് എട്ടുമൈൽ തെക്കുകിഴക്കുള്ള കഞ്ജാരഗിരിയിലും ഒരു രേണുകാക്ഷേത്രമുണ്ട്. കേരളത്തിൽ വടക്കുംനാഥക്ഷേത്രവും മററും പരശുരാമനിൎമ്മിതമാണെന്നു പറയാറുണ്ടെങ്കിലും തുളുനാട്ടിലെപ്പോലെ രാമൻെറ സ്മാരകങ്ങൾ ഇവിടെയില്ലെന്നു വ്യക്തമാണല്ലോ. കേരളോല്പത്തിയ്ക്കും മററും തന്മൂലം പഴക്കം കുറയുമെന്നും പരശുരാമകഥ തുളുവത്തിൽനിന്നാണ് കേരളത്തിലേക്ക് ജൈത്രയാത്ര ആരംഭിച്ചതെന്നും ഉള്ളതിനു സംശയമില്ല.

തുളുവരുടെ ഗ്രാമപദ്ധതി സ്കാന്ദപുരാണത്തിലെ സഹ്യാദ്രികാണ്ഡത്തെ ആസ്പദിച്ചതാണെന്നാണ് വിശ്വാസം. നമ്മുടെ കേരളമാഹാത്മ്യാദികൾ ബ്രഹ്മാണ്ഡപുരാണത്തിൻെറ ഭാഗമാണെന്നാണ് വെപ്പ്. സുബ്രഹ്മണ്യൻെറ തന്ത്രംകൊണ്ടാണ് കേരളം സൃഷ്ടിയ്ക്കപ്പെട്ടതെന്ന കേരളമാഹാത്മ്യത്തിലേയും മററും കഥ കാണുമ്പോൾ രാമകഥയെ സ്കാന്ദപുരാണത്തിൽ അന്തൎഭവിപ്പിയ്ക്കുന്നതിൽ ഔചിത്യവുമുണ്ട്. നിരണത്തു രാമപ്പണിക്കരുടേതെന്നു വെച്ചിട്ടുള്ള ബ്രഹ്മാണ്ഡപുരാണം ഗദ്യം മലയാളത്തിൽ പരശുരാമകഥ ഉറപ്പിക്കാൻചെയ്ത ശ്രമമാണ്. തുളുവരുടെ ഗ്രാമപദ്ധതിപ്രകാരം

കേരളം, തുളുവം, റൈവം, സൌരാഷ്ട്രം, കൊങ്കണം, കരഹാടം, കണ്ണാടം ഇങ്ങനെ ഏഴ് പ്രദേശങ്ങളാണ് രാമൻ നിർമ്മിച്ചത്. കേരളോല്പത്തിയിൽ മൂഷികവും തുളുവവും മറാം പെടുന്നു. സപ്ത കൊങ്കണങ്ങളുടെ പേർ ഓരോ ഗ്രന്ഥത്തിലും ഓരോ മട്ടാണ്. ഏഴിനുള്ള പ്രാധാന്യം കേവലം കാല്പനികമാണെന്നറിപ്പാൻ വഴിയുണ്ട്. (പതിനെട്ടു പുരാണം, പതിനെട്ടുവിദ്യ, പതിനെട്ടടവ് എന്നെല്ലാം പറയുംപോലെ സപ്തദ്വീപം, സപ്തലോകം, സപ്തസമുദ്രം, സപ്തകൊങ്കണം എന്നെല്ലാം പറഞ്ഞുവരുന്നതാകണം) ഏ. ഡി. 1_ാംശതകത്തിലെ കണ്ണാടകശാസനങ്ങളിൽ സപ്തകൊങ്കണങ്ങൾ സ്ഥിരരൂപം പ്രാപിക്കുന്നുണ്ട്. അതിലുൾപ്പെട്ട ചില പ്രദേശങ്ങൾ 8_ാംശതകത്തിൽത്തന്നെ സ്മരിക്കപ്പെടുന്നതായും കാണുന്നു.

പരശുരാമനു പുറമെ കദംബരാജാവായ മയൂരശർമ്മൻ, അദ്ദേഹത്തിൻെറ പുത്രൻ ചന്ദ്രാംഗദൻ എന്നിവരെല്ലാം ബ്രാഹ്മണരെ കൊണ്ടുവന്നു താമസിപ്പിച്ചതായി തുളുവരുടെ ഗ്രാമപദ്ധതിയും മററു സ്ഥലമാഹാത്മ്യങ്ങളും പറയുന്നു. വനവാസിയിലെ ഒരു സ്ഥലമാഹാത്മ്യമനുസരിച്ച ചന്ദ്രാംഗദനാണ് കേരളത്തിലും തുളുവത്തിലും ബ്രാഹ്മണരെ കൊണ്ടുവന്നു താമസിപ്പിച്ചത്. പരശുരാമൻ അറുപത്തിനാലു് ബ്രാഹ്മണകുടുംബങ്ങളോടുകൂടി പിന്നീടാണത്രെ വന്നുചേന്നത്. മയൂരശർമ്മൻ ഹിന്ദുവാണെന്നും ജൈനനാണെന്നും വാദമുണ്ട്. ഏ. ഡി. 250_നോടടുത്താണ് അദ്ദേഹം കദംബവംശം സ്ഥാപിച്ചത് എന്നാണ് ഊഹം. 10_ാംശതകം വരെ തുളുവത്തിൽ ബുദ്ധമതം പ്രചാരത്തിലിരുന്നതുകൊണ്ട് അതിലെ പലകഥകളും പില്ക്കാലത്തെ ററിന്തുഐതിഹ്യങ്ങളിൽ കടന്നുകൂടിയിട്ടുള്ളതായി കാണുന്നു. മയൂരശർമ്മ എന്ന പദത്തിലെ ‘മയൂര’

ത്തിൻെറ ഉൽപത്തി കണ്ടുപിടിപ്പാൻ രസാവഹമായ കഥകാം ഉണ്ടായിട്ടുണ്ട്. കേരളീയൈതിഹ്യത്തിൽ ഉള്ളപോലെത്തന്നെ തുളുഐതിഹ്യത്തിലും അഹിച്ഛത്രത്തിൽനിന്നു (ഉത്തരപ്രദേശത്തിലെ ബറേലിജ്ജില്ലയ്ക്കടുത്തുള്ള ഈ സ്ഥലത്തിൻെറ ശരിയ്ക്കുള്ള പേർ അഹിക്ഷേത്രം എന്നാണെന്നു പറയപ്പെടുന്നു) ബ്രാഹ്മണരെക്കൊണ്ടുവന്നതായിക്കാണാം. എന്നാൽ കദംബരുടെ എ. ഡി. 450 നോടടുത്തുള്ള പ്രസിദ്ധമായ താൽഗുണ്ട (സ്ഥാനഗുഡം) ശാസനം ഇതിനെപ്പററി മൌനം ദീക്ഷിയ്ക്കുന്നു. 10–ാംനൂററാണ്ടുവരേയുള്ള രേഖയൊന്നും ഈ കഥ വ്യക്തമാക്കുന്നില്ല. 11–12–ാംശതകമാകുമ്പോഴേയ്ക്കും അഹിച്ഛത്രവും മുപ്പത്തീരായിരം ബ്രാഹ്മണകുടുംബങ്ങളും രേഖകളിൽ ധാരാളം പ്രത്യക്ഷപ്പെടുന്നു. മയൂരവർമ്മൻ പതിനെട്ട് അശ്വമേധയാഗം നടത്തിയതും ബ്രാഹ്മണക്കു ദക്ഷിണയായി ഗ്രാമങ്ങാം കൊടുത്തതും മററും ഇവയിൽ വിവരിയ്ക്കപ്പെടുന്നു. എ. ഡി. 1162–ലെ ഒരു ഗംഗരാജാവിൻെറ ശാസനം, അദ്ദേഹം ഒരു ജൈത്രയാത്ര നടത്തി അഹിച്ഛത്രത്തിൽനിന്നു് 50 ഉത്തമബ്രാഹ്മണരെക്കൊണ്ടുവന്നതായിപ്പറയുന്നു. 12–13 ശതകങ്ങളിലെ രേഖകളിൽ ഈ കഥയ്ക്കു സ്ഥിരപ്രതിഷ്ഠ ലഭിച്ചതായിക്കാണാം. ചില ഗ്രാമക്കാർ അഹിച്ഛത്രപാരമ്പര്യത്തിൽ ധാരാളം അഭിമാനംകൊള്ളുകയും ചെയ്തിരുന്നു. തുളുഗ്രാമപദ്ധതിയിലെ കഥകാം ഏതാണ്ട് 10–ാംശതകത്തോടുകൂടി രൂപപ്പെട്ടതായും, 14–ാംശതകത്തിൻെറ ഉത്തരാർദ്ധത്തിൽ ആ ഗ്രന്ഥം ഇന്നത്തെ നില പ്രാപിച്ചതായും കരുതപ്പെടുന്നു. 16–17 ശതകങ്ങളാണ് കേരളോൽപത്തി, കേരളമാഹാത്മ്യം എന്നിവയുടെ കാലമായി ഗണിച്ചുവരുന്നത്. അതിന്നേതാനും നൂററാണ്ടു മുമ്പുതന്നെ ബ്രാഹ്മണമേധാവിത്വം കേരളത്തിൽ ഉറച്ചിരുന്നുവെന്നതിന്നു സംശയമില്ല. സാംസ്കാരികാധിപത്യത്തിന്ന് അതിലും കൂടുതൽ പഴക്കം കാണും. എ. ഡി. 8–ാംശതകത്തിൽ ശങ്കരനെപ്പോലുള്ള ഒരാചാര്യൻ ഉണ്ടാകണമെങ്കിൽ ഒരു നീണ്ട പാരമ്പര്യവും സുശക്തവുമായ സംസ്കാരം ബ്രാഹ്മണക്ക് ഇവിടെ അപ്പോഴേയ്ക്കും

ലഭിച്ചുകഴിഞ്ഞിരിയ്ക്കണം. ദണ്ഡിയുടെ കാലത്തു കേരളത്തിൽ മികച്ച ബ്രാഹ്മണപണ്ഡിതന്മാരുണ്ടായിരുന്നതായി കാണുന്നുണ്ട്. എ. ഡി. ആദ്യശതകങ്ങളിൽ തന്നെ ആര്യസംസ്കാരത്തിന്നു കേരളത്തിൽ ഉയന്ന സ്ഥാനം ലഭിച്ചിരുന്നുവെന്നതിന്നു സംശയമില്ല. എന്നാൽ നാട്ടിൽ വമ്പും മുമ്പും മററ കാര്യങ്ങളിൽക്കൂടി ബ്രാഹ്മണക്ക വന്നുചേന്നതു് 9-ാംശതകത്തിന്നു ശേഷമാണെന്നും, അതിന്നു ചരിത്രപരമായ കാരണങ്ങാം പ്രത്യേകം സഹായിച്ചിരിയ്ക്കണമെന്നും ഊഹിയ്ക്കാം.

കദംബരാജാവായ മയൂരശമ്മനെപ്പോലെ തുളുഗ്രാമപദ്ധതിയിൽ പ്രധാനപ്പെട്ട ഒരാളാണ് ഭൂതാളപാണ്ഡ്യൻ ഇദ്ദേഹമാണത്രേ അളിയസന്താനക്കട്ട് അഥവാ മരുമക്കത്തായം തുളുനാട്ടിൽ ഏപ്പെടുത്തിയതു്. കേരളമാഹാത്മ്യവും മററും ഒരു ഭൂതപ്പാണ്ഡിയനെ സ്മരിയ്ക്കുന്നുണ്ട് എന്നതു ശ്രദ്ധേയമാണ്. ഒരു ഭൂതരായപ്പെരുമാളും നമുക്കുണ്ട്. മുൻപറഞ്ഞ ഭൂതാളപാണ്ഡ്യനെപ്പററി വ്യക്തമായ വിവരമൊന്നും ഇല്ല. പാണ്ഡ്യപദം എ. ഡി. 500 മുതൽ തുളുനാട്ടിലെ ആളുവരാജാക്കന്മാരോടു പലപ്പോഴും ചേത്തുകാണുന്നു. പാണ്ഡ്യചക്രവത്തി വീരകുലശേഖരആളുവേന്ദ്രൻ, വീരപാണ്ഡ്യദേവ ആളുവേന്ദ്രൻ, വീരപാണ്ഡ്യദേവൻ തുടങ്ങിയ പേരുകാം നോക്കുക. കേരളത്തിലും പാണ്ടിനാട്ടിലും ഉള്ളപോലെ കുലശേഖരന്മാർ തുളുനാട്ടിലുംഉണ്ട്. വീരകുലശേഖരദേവൻ, കുലശേഖര അളുവേന്ദ്രദേവൻ വീരകുലശേഖരൻ നാലാമൻ എന്നിവർ 14-ഉം 15-ഉം ശതകങ്ങളിൽ തുളുനാടു ഭരിച്ചിരുന്നവരാണ്.

തുളുവപ്പദത്തിൻെറ ഉല്പത്തിയെപ്പററി പല വാദപ്രതിവാദങ്ങാം നടന്നിട്ടുണ്ടു്. ഒരു ചന്ദ്രശേഖരരാജാവ് നടത്തിയ തുലാപുരുഷദാനംകൊണ്ടു് അദ്ദേഹത്തിന്നു തുലാഭാരൻ, തുലാരാജൻ ഇങ്ങനെ പേർ വന്നുവത്രേ; അതാണ് 'തുല'യും 'തുളുവ'വും ആകു

ന്നതെന്നാണ് ഒരു പഴയ കഥ. ജയന്തൻെറ മകൻ കേരളൻ ഭരിച്ചതിനാൽ കേരളം എന്ന പേർ കിട്ടി എന്ന കേരളമാഹാത്മ്യം കഥ പോലെയാണിതെന്നു സ്പഷ്ടം. ആക്രമിക്കുക എന്നൎത്ഥമായ പഴംകന്നടത്തിലെ 'തുളു' ധാതുവിൽ നിന്നായിരിക്കണം തുളുവത്തിൻെറ ഉല്പത്തി എന്ന പക്ഷം കുറേക്കൂടി സമഞ്ജസമാണ്. മൈലർ, ഹൊലെയർ, മോഗർ തുടങ്ങിയവരെല്ലാം യുദ്ധവീരന്മാരായിരുന്നുവെന്നു അവരുടെ 'പാട്ദാന'ങ്ങൾ (ഗാനരൂപത്തിലുള്ള ഇതിഹാസങ്ങൾ) തെളിയിക്കുന്നുണ്ട്. അവരുടെ വിനോദങ്ങളും വീരരസപ്രധാനങ്ങളാണ്. നമ്മുടെ വടക്കൻപാട്ടുകളിൽ തുളുനാട്ടിൽപോയി പയററ പഠിച്ചിരുന്നതിനെപ്പററി പറയുന്നുണ്ടല്ലോ. തുളുവത്തിലെ ആളുവരാജാക്കന്മാർ നാഗവൎഗ്ഗക്കാരാണെന്നാണ് ഊഹം. 'ആലുക'ൻ ആദിശേഷൻെറ പൎയ്യായമാണ്. ചില പഴയ ശിലാശാസനങ്ങളിൽ സൎപ്പത്തിൻെറ പടം പ്രത്യക്ഷപ്പെടുന്നുണ്ടെന്നു മാത്രമല്ല രാജക്കന്മാർ മിക്കവാറും ശൈവരുമാണ്. ടോളമി 'അഹിദേശം' എന്ന് ആ നാട്ടിന്നു പേർ കൊടുത്തു കാണുന്നതും ശ്രദ്ധേയമത്രേ. കേരളത്തിലെന്നപോലെ തുളുനാട്ടിലും നാഗാരാധന ഭൂതാരാധനയോടൊപ്പം ഇന്നും പ്രചാരത്തിലിരിക്കുന്നു. ബ്രാഹ്മണരുടെ ഇടയിൽ നാഗാരാധനയാണ് പ്രധാനം. നാഗവനവും നാഗക്കല്ലും മലനാട്ടിലെപ്പോലെ തുളുനാട്ടിലും ധാരാളമാണ്. സുബ്രഹ്മണ്യം, ബള്ളമഞ്ചെ, കടുകക്കെ, കടപ്പ, മഞ്ചേശ്വരം, കാളാവരം, കട്ടിങ്ങ്ഗരെ, വിാലം എന്നീ സ്ഥലങ്ങൾ നാഗാരാധനയ്ക്കു പ്രസിദ്ധി പെററവയത്രേ. ഉടുപ്പി, കുന്താപുരം എന്നീ താലൂക്കുകളിൽ വിഷഹാരികളുടെ ഒരു പ്രത്യേകവൎഗ്ഗംതന്നെ ഉണ്ട്. നാഗപഞ്ചമിയും സ്കന്ദഷഷ്ഠിയും തുളുനാട്ടിലും പ്രധാനങ്ങളാണ്. നായരും നാഗരും തമ്മിലുള്ള ബന്ധം സ്ഥാപിക്കപ്പെട്ടിട്ടില്ലെങ്കിലും, മലനാട്ടിലെ നാഗാരാധനചിന്തകന്മാരുടെ ശ്രദ്ധയെ ആകൎഷിച്ചിട്ടുണ്ട്. പടിഞ്ഞാറൻതീരത്തെല്ലായിടത്തും പരന്നുകിടന്ന ഒരു നാഗാരാധകവൎഗ്ഗം പണ്ടുണ്ടായിരിക്കണമെന്നു തീൎച്ചതന്നെ.

തുളുവരുടെ ഭൂതാരാധന പ്രസിദ്ധമാണ്. അവരുടെ കൽക്കുടൻ ആണ് ചാത്തുകുട്ടിയും കുട്ടിച്ചാത്തനുമായി നമ്മുടെ നാട്ടിലേക്കെത്തിയിട്ടുള്ളതെന്നു പറയുന്നു. കോലംതുള്ളലിൻെറ ഏർപ്പാടും തുളുനാട്ടിലുണ്ട്.

കേരളോല്പത്തിയിലും മററുമുള്ളപോലെ, ബ്രാഹ്മണർക്കു നായന്മാരെ പരിചരണത്തിന്നു കൊടുത്ത കഥ തുളു ഗ്രാമപദ്ധതിയിലും പ്രത്യക്ഷപ്പെടുന്നു. നായർകുടുംബങ്ങൾ തുളുവത്തിൽ താമസിച്ചിരുന്നുവെന്നതിന്നു സംശയമില്ല. ഉടുപ്പിയിലെ കപ്പട്ടുഗ്രാമത്തിൽ നായക്കെര എന്നൊരു വലിയ കുളം ഉണ്ടായിരുന്നതായി കാണുന്നു. നിട്ടൂരിൽ ഒരു നായർമഠം ഉണ്ട്. ബ്രഹ്മാപൂരിൽ പത്തോളം നായർ കുടുംബങ്ങൾ ഉള്ളതും, മംഗലാപുരം താലൂക്കിലെ മൂൽക്കിയിൽ ഒരു നായർ ക്ഷേത്രമുള്ളതും, ബാറക്കൂറിന്നു സമീപം നായർ ഭഗണി എന്ന പേരിൽ ഒരു പ്രത്യേകഭൂവുടമസമ്പ്രദായമുണ്ടായിരുന്നതും ഡോ. സാലത്തോർ രേഖപ്പെടുത്തുന്നു. തുളുവത്തിലെ മുണ്ഡാലഹൊലയരുടെ ഇടയിൽ നായന്മാരെപ്പററിയ ഒരു ഗാനമുള്ളതായും അദ്ദേഹംപറയുന്നുണ്ട്. മരുമക്കത്തായംഅഥവാഅളിയസന്താനകട്ട് ഏർപ്പെടുത്തിയ പഴയ രാജാവായ ഭൂതാളപാണ്ഡ്യനെപ്പററി മുമ്പു പറഞ്ഞുവല്ലോ. എന്നാൽ മരുമക്കത്തായം തുളുനാട്ടിൽ അത്ര പഴക്കമുള്ള സ്ഥാപനമാണെന്നതിന്നു തെളിവില്ല. എ.ഡി. 15-ാംശതകത്തിൽ മാത്രമേ (1444-ൽ) അതിന്നു രാജകീയശാസനം മൂലം നിയമസമ്മതി ലഭിയ്ക്കുന്നുള്ളു. കേരളത്തിലും ഈ ആചാരത്തിൻെറ പഴക്കത്തെപ്പററി വാദപ്രതിവാദങ്ങളുണ്ട്. സാർവ്വത്രികമായി മരുമക്കത്തായമായിരുന്നുവെന്നും ക്രമത്തിൽ മക്കത്തായമായതാണെന്നും ശാസ്ത്രീയദൃഷ്ടിവെച്ചു പൊതുവിൽ പറയാറുണ്ടെങ്കിലും അങ്ങോട്ടുമിങ്ങോട്ടും, വളരെ വിദൂരമല്ലാത്ത കാലത്തുതന്നെ, മാററങ്ങൾ ഉണ്ടായിട്ടുള്ളതിന്നു തെളിവുകൾ ഉണ്ട്. ഈ വിഷയത്തെപ്പററിയ കൂടുതൽ പ്രപഞ്ചനം ഇവിടെ പ്രസക്തമല്ല.

തുളുവത്തിലെ മുപ്പത്തിരണ്ടു ഗ്രാമങ്ങളെപ്പററി മുമ്പ് പറഞ്ഞു വല്ലൊ. കേരളത്തിൽ ഉണ്ടായിരുന്നപോലെ സ്വതന്ത്രമായ ഗ്രാമസഭകളും മററും അവിടേയും ഉണ്ടായിരുന്നു; ഓരോ ഗ്രാമക്കാക്കും പ്രത്യേകമായ ചില ആചാരമര്യാദകളും. തുളുനാട്ടിലെ ഏററവും പ്രശസ്തമായ കോട്ടഗ്രാമത്തിലെ പതിനാറു മര്യാദകളെപ്പററി ഗ്രാമപദ്ധതി ഘോഷിക്കുന്നു.

ഈ 'കട്ടള'കൾ അഥവാ മര്യാദകൾ നമ്മുടെ നാട്ടിലുണ്ടായിരുന്ന പഴയ ദേശവാഴികളുടേയും മററും അവകാശാദികൾപോലെ തോന്നും വായിച്ചാൽ. ചിലതു കേരളീയസമ്പ്രദായംതന്നെ. തുളു മര്യാദകൾ ഗ്രാമപദ്ധതിയുടെ വിഭിന്നപാഠങ്ങളിൽ അല്പാല്പം ഭേദപ്പെട്ടും കാണുന്നു. കോടഗ്രാമത്തിലെ 'കട്ടള'കളാണ് താഴെ ചേക്കുന്നത്. ചിലതിൻെറ താല്പര്യം വ്യക്തമല്ല.

1. പക്ഷകവാടം (ഇരുഭാഗത്തുമുള്ള വാതിൽ?)

2. ഭാവിഗെ ജോഡു കൂപ (കിണററിന്നു ഇരട്ടത്തൂൺ?)

3. നടേമെടി (നടമുടി—തലപ്പാവോ മറേറാ?)

4. നടെവാദ്യം (നടവാദ്യം തന്നെ)

5. ബെളുകൊടെ (വെള്ളക്കൊട)

6. ഐദു മൊലെ ദന (അഞ്ചു മുലയുള്ള പശു—പഴയ കേരളത്തിലെ ദേശവാഴികളുടെ ഒരു വരവിനം. "ഐമ്മുല മുമ്മുല"

7. ഹഗലു ദീവാതിഗെ (പകൽവിളക്ക്)

8. അട്ട മുരിദു ബിദ്ദു അക്കി (അട്ടത്തു നിന്നു വീണ അരി?)

9. ഇളദു ഹോഡു ഹെണ്ണു (ആർത്തവപ്രായം കവിഞ്ഞ പെണ്ണ്?)

10 കത്രി വീല്യ (കത്തിരി പോലെ കൈകൾ പരസ്പരം കോർത്തു പിടിച്ച കൊട്ടുകുന്ന വെററില —വലിയ ബഹുമാനം കാണിയ്ക്കുന്നതാകാം)

11. മനഗെ സുററ പാഗാരു (വീട്ടിന്നു ചുററും മതിൽ)

12. കുഡിഗെ മനെ (?)

13. എട മുഡി (?)

14. മധന കൈ (ഒരു തരം ഊന്നുവടി?)

15. മുഖമണ്ഡപം വ്യക്തം

16. ?

ഗ്രാമപദ്ധതിയുടെ ഒരു പാഠപ്രകാരമുള്ള 'ജെന്നിക'ളുടെ 16 കട്ടകളിൽ ചിലതു് താഴെ ചേർക്കാം.

1. തുലാ (കുലാ?) ശൃംഖല (വീരശൃംഖല?)

2. തപ്പി ബന്ദ ഗോവ് (തെണ്ടിപ്പശു. പഴയ കേരളത്തിലെ ദേശവാഴിയുടെ വരവിനങ്ങളിലൊന്നാണ് 'തപ്പി വന്ന ഗോവ്')

3. മനകാലെ ശൃംഗവാദ്യം (കൊമ്പ്, കാഹളം എന്നീ വാദ്യങ്ങൾ)

4. മകരതോരണം (വ്യക്തം)

5. ദീപമാലാസ്തംഭം (വ്യക്തം)

6. ദോളമഞ്ചി (തോളബന്ദി—തോൾവള?)

7. രത്നകംബളി (വ്യക്തം)

8. ജോഡു മരകൂപം (രണ്ടു തുണുള്ള കിണർ?)

മുകളിൽപറഞ്ഞ ചിലതിനെ എ.ഡി. പതിമൂന്നാംശതകത്തിലുണ്ടായ നമ്മുടെ വീരരാഘവപട്ടയത്തിലെ ചില അവകാശങ്ങളുമായി താരതമ്യപ്പെടുത്തുക. ''വിളാവാടയും, പവനത്താങ്കും, മുഖച്ചോല്ലും, മുൻനടയും, പഞ്ചവാദ്യവും, ശംഖം, പകൽവിളക്കും, പാവാടയും, ഐന്തോളവും, കൊററക്കുടയും, വട്ടകപ്പറയും, ഇടിപടിതോരണവും'' ഇത്യാദി. കേരളത്തിലെ സ്ഥാനികൾക്കുണ്ടായിരുന്ന അവകാശങ്ങളുടെ കൂട്ടത്തിൽ സ്വർണ്ണവും വെള്ളിയും കെട്ടിച്ച വടി, വെള്ളവസ്ത്രം, തലപ്പാവ്, കുട തുടങ്ങിയവ ഉൾപ്പെട്ടിരുന്നു. വീട്, (പ്രത്യേകമട്ടിലുള്ളത്) തൂൺ, കുളിമുറി, മതിൽ മുതലായവ ഉണ്ടാക്കുവാനുള്ള അധികാരവും വിലപിടിച്ചതായിരുന്നു അന്ന്*

ഈ ലേഖനത്തിൽനിന്നു തുളുനാട്ടിലേയും കേരളത്തിലേയും ഗ്രാമസംഘടന, ഐതിഹ്യങ്ങൾ, ആരാധനകൾ ആചാരങ്ങൾ മുതലായവക്കുള്ള സാദൃശ്യം സാമാന്യം വെളിപ്പെട്ടിരിക്കുമല്ലൊ.

★

---

* കൂടുതൽ വിവരങ്ങൾക്കു കെ പി പത്മനാഭമേനോൻെറ കേരളചരിത്രം വാ: II, പേ: 359—363 നോക്കുക.

# പാലിസാഹിത്യം

ബുദ്ധമതത്തിന്നു ഹീനയാനം, മഹായാനം എന്നീ രണ്ടു മുഖ്യ ശാഖകൾ ഉണ്ടല്ലോ. ആദ്യത്തേതിന്നാണ് പഴക്കം കൂടുതൽ. അതിലെ 'ഥേര'ന്മാരിൽ അഥവാ സ്ഥവിരന്മാരിൽ ബുദ്ധൻെറ ഉപദേശാദികൾ ശുദ്ധരൂപത്തിൽ നില്ക്കുന്നുവെന്നാണ് വിശ്വാസം. ഹീനയാനം കൂടുതൽ തത്വചിന്താപരമായിത്തീരുന്നതാണ് മഹായാനത്തിൽ കാണുന്നത്. നമ്മുടെ വേദാന്തശാഖയ്ക്കും മററും മഹായാനശാഖയോടുള്ള കടപ്പാടു വളരെ വലുതാണ്. ഹിന്ദുമതം പുനരുദ്ധാരണകാലത്ത് അതിന്നു മുമ്പുണ്ടായിരുന്ന സകല ചിന്താഗതികളേയും തന്നിൽ ലയിപ്പിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ശങ്കരനെത്തന്നെ പ്രച്ഛന്നബൗദ്ധൻ എന്നു ഹിന്ദുപണ്ഡിതന്മാർ ഒരുകാലത്ത് അപഹസിച്ചിട്ടുള്ളതായിക്കാണുന്നുണ്ട്. ഇതിൽനിന്നു ബൗദ്ധചിന്തയോടുള്ള വേദാന്തത്തിൻെറ കടപ്പാടു വ്യക്തമാണല്ലോ. നാഗാർജ്ജുനൻെറ 'ശൂന്യ'ത്തിന്മേൽ ഉപനിഷത്തുകളിലെ ബ്രഹ്മത്തെ കയററിവെച്ചതാണ് അദ്വൈതവേദാന്തം എന്ന് ഡോ. ദാസ്ഗുപ്ത ചൂണ്ടിക്കാണിച്ചിരിയ്ക്കുന്നു.

ഹീനയാനഗ്രന്ഥങ്ങാ പാലിയിലും മഹായാനഗ്രന്ഥങ്ങാ സംസ്കൃതത്തിലും ആണ് എഴുതപ്പെട്ടിരിയ്ക്കുന്നത്. ജൈനരുടെ മതസാഹിത്യമെല്ലാം അദ്ധമാഗധിയിലാണ്. പാലിയും അദ്ധമാഗധിയും ക്രമത്തിൽ ബുദ്ധനും മഹാവീരനും ജനിച്ച മഗധത്തിലെ ജനകീയഭാഷകളായ പ്രാകൃതങ്ങളോടു ബന്ധമുള്ളവയാണെന്നാണ് സങ്കല്പം. തെക്കെ ഇന്ത്യയിൽ മുകളിൽപറഞ്ഞ രണ്ടു ഭാഷകളും ദുർല്ലഭമായേ പഠിയ്ക്കപ്പെടുന്നുള്ളു. സംസ്കൃതത്തിന്നാണ് മുഖ്യപ്രചാരം. പാശ്ചാത്യപണ്ഡിതന്മാരുടെ ഇടയിലും പാലിയ്ക്കും അദ്ധമാഗധിയ്ക്കും സംസ്കൃതത്തിനുള്ളത്ര പ്രാധാന്യം ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ. എന്നാൽ സംസ്കൃതംപോലെത്തന്നെ വിപുലമായ സാഹിത്യസമ്പത്തുള്ളവയാണ് ഇവ രണ്ടും. ഹിന്ദുക്കളുടെ വേദപുരാണാദികളുടെ വലിപ്പമുള്ളവയാണ് ഹീനയാനക്കാരുടെ 'ത്രിപിടക'ങ്ങാ. അവയ്ക്കു ബുദ്ധഘോഷൻ എഴുതിയ വ്യാഖ്യാനങ്ങാ വെപ്പാൻമാത്രം ഏതാനും അലമാരികാ വേണ്ടിവരും.

## പാലിയും വേദഭാഷയും

യഥാർത്ഥത്തിൽ പാലി എന്ന പദം ഒരു പ്രത്യേകഭാഷയുടെ പേരല്ല 'ഗ്രന്ഥം' അഥവാ 'പരിശുദ്ധഗ്രന്ഥം' എന്നു മാത്രമാണതിൻെറ അത്ഥം. ബുദ്ധമതഗ്രന്ഥങ്ങാ എഴുതുവാൻ ഉപയോഗിച്ച ഭാഷ എന്ന അത്ഥത്തിൽ പിന്നീട് അതു രൂഢമായിത്തീൎന്നു. തന്ത്രിഭാഷ എന്നൊരു പേരും ഇതിന്നു കാണുന്നുണ്ട്. 'തന്ത്രിഭാഷ'യുടെ തത്ഭവമായിരിക്കാം ഇത്. പാലി സംസ്കൃതത്തിൽനിന്നു നേരിട്ടുണ്ടായതല്ല. പഴയ വൈദികസംസ്കൃതത്തിന്നു പല ദേശഭാഷാഭേദങ്ങളും പ്രാകൃതങ്ങാ എന്ന പേരിലുണ്ടായിരുന്നു. മഗധപ്രാന്തങ്ങളിലുള്ള പ്രാകൃതത്തിൻെറ രൂപഭേദമാണ് പാലി എന്നാണ് ഊഹം. ജൈനരുടെ 'ആഷഭാഷ'യാണ് അദ്ധമാഗധി. അതുപോലെ ബുദ്ധൻ പ്രഭാഷണം നടത്തിയിരുന്നത് പാലിയിലാണെ

നു് ഹീനയാനക്കാർ വിശ്വസിക്കുന്നു. വൈദികഭാഷയിലെ പല വിലക്ഷണപ്രയോഗങ്ങളും പാലിയിൽ കാണുന്നുണ്ടു്. 'തൈഃ' 'യൈഃ' എന്നിവയ്ക്കു 'തേഭിഃ' 'യേഭിഃ' എന്നീ രൂപങ്ങൾ വരുന്നതു നോക്കുക. പഴയതും പുതിയതുമായ പല രൂപങ്ങളും പാലിയിൽ കാണുന്നതുകൊണ്ടു കാലത്തിൻെറ പല കാല്പാടുകളും അതിൽ പതിഞ്ഞിട്ടുണ്ടെന്നു സ്പഷ്ടമാണു്. ഭാഷയെ ആസ്പദമാക്കി നാലാക്കി പാലിഗ്രന്ഥങ്ങളെ തിരിയ്ക്കാം.

(1) ഗാഥകൾ. ശിഥിലമായ വൈദികസംസ്കൃതത്തോടു കൂടുതൽ അടുപ്പമുള്ള ഭാഷയാണു് ഇവയിലേതു്. ചിലേടത്തു പഴമയുടെ ചിഹ്നങ്ങൾ കാണും. വൃത്തഗന്ധിയായ ഭാഷയിൽ ഉപദേശാദികൾ അടങ്ങുന്നതാണു്.

(2) പിടകാദിധർമ്മഗ്രന്ഥങ്ങളിൽ കാണുന്ന ഗദ്യം മറെറാരു രൂപത്തിലുള്ളതാണു്. ഇതിൽ പഴയ ശൈലികൾ കാണുന്നില്ല. വ്യാകരണത്തിൻെറ പിരി മുറുകി വരുന്നുണ്ടു് ഈ ഘട്ടത്തിൽ.

(3) അലങ്കാരപ്രചുരമായ ക്ലാസിക്കൽ സംസ്കൃതഗദ്യത്തിൻെറ ഛായ വഹിയ്ക്കുന്നതാണു് മൂന്നാമത്തെ ഭാഷാവിഭാഗം. പഴയ രൂപങ്ങൾ ഈ ഘട്ടത്തിൽ അപ്രത്യക്ഷമാകുന്നു. മിളിന്ദപ്രശ്നം, ബുദ്ധഘോഷാദികളുടെ വിസ്തൃതവ്യാഖ്യാനങ്ങൾ എന്നിവ ഇക്കാലത്തെ ഭാഷയുടെ പ്രതിനിധികളാണു്. രണ്ടാമതു പറഞ്ഞതിൻെറ ഒരു തുടർച്ചയാണിതെന്നു സ്പഷ്ടം.

(4) സംസ്കൃതത്തിൻെറ ആകർഷണത്തിന്നു കൂടുതൽ വിധേയമായഭാഷയാണിതിൽ കാണുന്നതു്. പഴയ രൂപങ്ങളും ദുർല്ലഭമായുണ്ടു്.

പാലി പല ദേശഭാഷകളുടേയും ഒരു സങ്കലനമാണു് എന്ന പക്ഷത്തിന്നാണു് അധികം പണ്ഡിതസമ്മിതി എങ്കിലും മാഗധി

യാണതിലെ പ്രധാനഘടകമെന്നതിന്നു സംശയമില്ല. സിലോണിൽ പാലിയെ മാഗധിഭാഷ എന്നു പറയാറുള്ളതിതിന്നു ഉപോൽബലകമാണ്. എന്നാൽ മാഗധിയുടെ വ്യാകരണസംബന്ധിയായ പ്രത്യേകതകഠം പാലിയിൽ ഇല്ലാത്തതുകൊണ്ടു ബ്യൂഹ്ലർണ്ണാഫ്, ലസ്സൻ മുതലായ പണ്ഡിതന്മാർ ഈ മഗധവാദത്തെ എതിക്കുന്നു. വെസ്റ്റെർഗാർഡ്, ഇ കൂൺ തുടങ്ങിയവർ പാലി ഉജ്ജയിനിയിലെ ഭാഷയാണെന്നു വാദിയ്ക്കുന്നവരാണ്. ഓഠഡെൻബെർഗ്ഗ് കലിംഗപക്ഷപാതിയായിക്കാണുന്നു. വിൻഡ്ഷ്; ഗൈഗെർ തുടങ്ങിയവർ മഗധവാദത്തോടു ചായുന്നു. ജൈനരുടെ ഗ്രന്ഥഭാഷയായ അൎദ്ധമാഗധി മഗധദേശീയമാണെന്നു പേർ തന്നെ കാണിയ്ക്കുന്നുണ്ടല്ലോ. പാലിക്കും അൎദ്ധമാഗധിക്കും മാഗധിയുമായുള്ള വ്യത്യാസം ഏതാണ്ടു സമജാതിയിലുള്ളതാണ്. ബുദ്ധൻ മതപ്രചരണത്തിന്നു പയോഗിച്ച ഭാഷയിൽത്തന്നെ അദ്ദേഹത്തിൻെറ ഉപദേശങ്ങളും ക്രോഡീകരിയ്ക്കപ്പെട്ടുവെന്നു വരുന്നതിൽ യുക്തിയുമുണ്ട്.

## ത്രിപിടകങ്ങഠം

പാലിധമ്മഗ്രന്ഥങ്ങളെ തിപിടകങ്ങഠം (ത്രിപിടകങ്ങഠം) എന്ന പേരിലാണറിയുന്നത്. വിനയം, സൂത്തം, അഭിധമ്മം എന്നീ മൂന്നു പ്രധാനഭാഗങ്ങഠം ഇതിലടങ്ങും. (പിടകം എന്നാൽ കൊട്ട എന്നൎത്ഥമാണെന്നു പറയുന്നു. ബുദ്ധമതാചാര്യന്മാർ കൊട്ടയിലാക്കിയാണത്രെ ഗ്രന്ഥങ്ങഠം കൊണ്ടുനടന്നിരുന്നത്. സമാഹാരം എന്നൎത്ഥം ഇതിൽനിന്നു വന്നതാകാമെന്നാണ് ഊഹം). ഹീനയാനക്കാരായ ഥേരവാദികളുടെ (ഥേരൻ=സ്ഥവിരൻ, വൃദ്ധൻ) മുഖ്യഗ്രന്ഥങ്ങളാണ് ത്രിപിടകങ്ങഠം. 'വിഭജ്ജവാദി'കളുടെ ഒരു ശാഖയാണ് ഥേരവാദികഠം. ത്രിപിടകങ്ങഠം മഹായാനക്കാരുടേയും ബഹുമാനപാത്രങ്ങഠംതന്നെ. പക്ഷേ വേദാന്തികഠം വേദാദികളെയെന്നപോലെ ആസ്തിക്യസത്യജ്ഞാനത്തിന്നുള്ള പരമ്പരോപ

കരണങ്ങൾ എന്ന നിലയ്ക്കുമാത്രമേ അവർ അവയെ സ്വീകരിക്കാവുള്ളു. ജ്ഞാനത്തിന്നുള്ള സാക്ഷാൽ പ്രയോജകത്വം അവയ്ക്കു കുറവാണ്.

ത്രിപിടകങ്ങളുടെ രചന ബുദ്ധൻെറ നിർവ്വാണത്തിന്നടുത്തു ബി. സി. 483-ൽ രാജഗൃഹത്തിൽവെച്ചു നടന്ന ധർമ്മസഭയിൽ വെച്ചാണ് തുടങ്ങിയതെന്നു പറയപ്പെടുന്നു. അഭിപ്രായവ്യത്യാസങ്ങൾ ദ്രുതഗതിയിൽ വർദ്ധിച്ചതുകൊണ്ട് ഒരു നൂറു കൊല്ലം കഴിഞ്ഞപ്പോഴേയ്ക്കുതന്നെ എത്രയോ ബൌദ്ധസംഘങ്ങൾ ഉണ്ടായതായിക്കാണുന്നുണ്ട്. തന്മൂലമാണ് നിയമങ്ങൾ ക്രോഡീകരിപ്പാൻ ക്രി മു. 380നോടടുത്തു രണ്ടാം മതസമ്മേളനം വൈശാലിയിൽവെച്ചു ചേർന്നത്. അശോകൻെറ കാലത്തു (ക്രി. മു 264—227) മൂന്നാം ധർമ്മസമ്മേളനം നടന്നു. പിടകഗ്രന്ഥങ്ങൾ ഇപ്പോഴേയ്ക്കും പൂർണ്ണത പ്രാപിച്ചുകഴിഞ്ഞിരുന്നു. തിസ്സമൊഗ്ഗലിപുത്തൻ എന്ന ഥേരന്ന് ഈ മൂന്നാം ധർമ്മസഭയിൽ വലിയ പങ്കുണ്ടായിരുന്നതായിക്കാണുന്നുണ്ട്. അഭിധർമ്മപിടകത്തിലെ കഥാവത്ഥുപ്പകരണം ഈ ഥേരൻെറ നിർമ്മിതിയാണെന്നു വിശ്വസിയ്ക്കപ്പെടുന്നു. ബുദ്ധോപദേശങ്ങളെ സംബന്ധിച്ച 252 അബദ്ധവിശ്വാസങ്ങളെ ഇതിൽ ഖണ്ഡിച്ചിട്ടുണ്ട്. തിസ്സമൊഗ്ഗലിപുത്തൻെറ നേതൃത്വത്തിലാണ് അശോകൻ ഇതരരാജ്യങ്ങളിലേയ്ക്കു സന്യാസികളെ അയപ്പാൻ ഏർപ്പാടു ചെയ്തത്.

അശോകൻെറ കാലത്തു ത്രിപിടകങ്ങൾ ഏതാണ്ട് ഇന്നത്തെ രൂപം പ്രാപിച്ചുകഴിഞ്ഞിരുന്നുവെന്നൂഹിയ്ക്കാം. രാജകീയശിലാശാസനങ്ങൾ ഇതിൽനിന്നു വരികൾ പകർന്നിട്ടുണ്ട്. ബുദ്ധൻെറ മരണശേഷം ബൌദ്ധവിഹാരങ്ങളിലെല്ലാം ഗുരുവിൻെറ വാക്യങ്ങൾ ഉദ്ധരിച്ചു പ്രസംഗങ്ങൾ നടത്തുക പതിവായിരുന്നു. 'ഏവം മേ ശ്രുതം' (ഇങ്ങിനെ ഞാൻ കേട്ടിരിയ്ക്കുന്നു) എന്ന വാക്യത്തോടു

കൂടിയാണു് ഉപദേശങ്ങൾ തുടങ്ങിയിരുന്നതു്. എഴുതിവെക്കുന്ന ഏർപ്പാടില്ലാത്തതിനാൽ ആചാര്യന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങൾ വേഗത്തിൽ വളൎന്നുവന്നതിൽ അത്ഭുതമില്ല. വൈശാലിയിലെ രണ്ടാം ധമ്മസഭയിൽ ആദ്യബൌദ്ധസംഘം ഥേരവാദികളെന്നും മഹാസാംഘികന്മാർ എന്നും രണ്ടായിത്തിരിഞ്ഞു. (മഹാസാംഘികർ ഉല്പതിഷ്ണുക്കളും ഥേരവാദികൾ യാഥാസ്ഥിതികരുമാണു്. ഗുണ്ടൂർ ജില്ലയിലെ ശ്രീശൈലത്തിൽ മഹാസാംഘികന്മാരുടെ ഒരു വലിയ സംഘമുണ്ടായിരുന്നു. മഹാസാംഘികരുടെ ഒരു ശാഖയാണു് മഹായാനക്കാർ. ഹിന്ദുമതത്തിന്നെന്നപോലെ ജൈനബൌദ്ധമതങ്ങൾക്കും തെക്കേ ഇന്ത്യയിൽനിന്നാണു് വമ്പിച്ച സംഭാവനകൾ ലഭിച്ചിട്ടുള്ളതു്.) ത്രിപിടകങ്ങളും അവയുടെ വ്യാഖ്യാനരൂപത്തിലുള്ള 'അട്ഠകഥ'യും വട്ടഗാമനി എന്ന സിംഹളരാജാവിൻെറ കല്പനപ്രകാരം ക്രിസ്തുവഷാരംഭത്തിന്നല്പം മുമ്പാണു് എഴുതിവെക്കപ്പെട്ടതു് എന്നു് ദീപവംശം, മഹാവംശം എന്നീ സിലോൺഗ്രന്ഥങ്ങളിൽ കാണുന്നുണ്ടു്. ബുദ്ധൻെറ നിർവ്വാണശേഷം അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ജനഹൃദയത്തിൽ പച്ചപിടിച്ചു കിടന്നിരുന്ന കാലത്താണു് മുൻപറഞ്ഞ ഗ്രന്ഥങ്ങളുടെയെല്ലാം ഉല്പത്തി എന്നു കരുതുന്നതിൽ അപാകമില്ല.

പിടകങ്ങൾ എന്ന വിഭാഗത്തിനു പുറമെ ബൌദ്ധഗ്രന്ഥങ്ങൾക്കു് നികായങ്ങൾ, അംഗങ്ങൾ എന്നെല്ലാമുള്ള വിഭാഗങ്ങൾ ഉണ്ടു്. സുത്തം, ഗെയ്യം, ഗാഥ തുടങ്ങിയ ഒമ്പതു് അംഗങ്ങൾ രൂപത്തെ ആസ്പദമാക്കിയതാണു്. പ്രാധാന്യേനബുദ്ധനുമായുള്ള സംഭാഷണമാണു് സുത്തത്തിൽ കാണുക. ഗദ്യപദ്യാത്മകമാണു് ഗെയ്യം. ഗാഥ മുഴുവൻ പദ്യം തന്നെ. ഇതിന്നു പുറമെ പിടകങ്ങൾക്കു് എണ്പത്തിനാലായിരം പ്രസംഗങ്ങൾ അഥവാ 'ധമ്മഖണ്ഡങ്ങൾ' എന്ന ഒരു വിഭജനം കൂടിയുണ്ടു്. ഹിന്ദുക്കളുടെ വൈദികസാഹിത്യത്തെയും മറരം വലിപ്പം കൊണ്ടും ഉള്ളടക്കം കൊണ്ടും അനുക

രിക്കുവാൻ ശ്രമം നടന്നതിൻെറ ഫലം പാലിഗ്രന്ഥസമൃദ്ധിയിൽ കാണാം. പിടകാദികളെപ്പററി ഒരു സംക്ഷിപ്തവിവരം താഴെ ചേക്കുന്നു.

## വിനയപിടകം

ബുദ്ധഭിക്ഷുക്കാം അനുസരിയ്ക്കേണ്ട വിവിധധാമ്മികനിയമങ്ങളെ വിവരിക്കുന്നതാണ് വിനയപിടകം. ഇതിൽ അടങ്ങുന്ന ഭാഗങ്ങാം:

(1) സുത്തവിഭംഗം—എ. പാരാജികം. ബി. പാചിത്തിയം.

(2) ഖന്ധകം—എ. മഹാവഗ്ഗം. ബി. ചുല്ലവഗ്ഗം.

(3) പരിവാരം.

## സുത്തവിഭംഗം

ഹിന്തുക്കാംക്ക് ദർശപൂർണ്ണമാസങ്ങാം (കറുത്തവാവും വെളുത്തവാവും) മതകമ്മപ്രാധാന്യമുള്ളതാണ്. ഇതിന്നെതിരായി ബൌദ്ധക്കുള്ളതാണ് 'ഉപോസഥദിന'ങ്ങാം. അന്ന് ഭിക്ഷുക്കാം ഒത്തുചേന്ന് കുററസമ്മതം നടത്തിയിരുന്നു (ക്രൈസ്തവരുടേയും യഹൂദരുടേയും മററും സംഘടനാപരവും അനുഷ്ഠാനപരവുമായ ഭാഗങ്ങാംക്കു ബുദ്ധമതം മാതൃക നല്കിയതായി കാണുന്നുണ്ട്. കത്തോലിക്കരുടെ ഇടയിൽ കുററസമ്മതം ഇന്നും നടക്കുന്നുണ്ടല്ലോ. അത്തരം അവസരങ്ങളിൽ ഭിക്ഷുക്കാം പാതിമോക്ഖം (പ്രതിമോക്ഷം) എന്ന പേരിൽ ഒരു പ്രസംഗപരമ്പര നടത്തിയിരുന്നു. മോക്ഷത്തിന്നു സഹായിയ്ക്കുന്നത് എന്നാണ് ആ പദത്തിൻെറ അത്ഥം. ആ പ്രസംഗങ്ങളുടെ വ്യാഖ്യാനമാണ് സുത്തവിഭംഗം. അധമ്മസ്വരൂപം കഥകളുടെ സഹായത്തോടുകൂടി ഇതിൽ വിവ

രിയ്ക്കുന്നു. ഗൗരവക്രമത്തിൽ പറഞ്ഞുപോകുന്ന ഓരോ കുററവും വ്യാഖ്യാനിയ്ക്കുമ്പോഠം അതു ചെയ്തവർ സമ്മതം മൂളും. മറേറവർ മൗനംദീക്ഷിയ്ക്കും. 'പാരാജിക'ധമ്മത്തിൽ വൈകല്യം വന്നവർ സംഘത്തിൽനിന്നു ബഹിഷ്കൃതരാവുകയും, 'പാചിത്തിയധമ്മം' തെററിച്ചവർ പ്രായശ്ചിത്തംകൊണ്ടു് ശുദ്ധരായിത്തീരുകയും ചെയ്തിരുന്നു.

മുകളിലെ രണ്ടാം വിഭാഗമായ 'ഖന്ധക'ത്തിൽ ഭിക്ഷുസംഘം നടത്തേണ്ട കാര്യങ്ങളാണ് വിധിയ്ക്കുന്നതു്. ആദ്യത്തെ പത്തു ഖന്ധങ്ങഠം (സ്കന്ധങ്ങഠം) അടങ്ങിയ 'മഹാവഗ്ഗ'ത്തിൽ സംഘത്തിൻെറ ആദ്യചരിത്രംകൂടി അടങ്ങും. ചുല്ലവഗ്ഗത്തിൽ (ക്ഷുല്ലം=ചെറിയതു്) ആദ്യത്തെ രണ്ടു ഭിക്ഷുസഭകളുടെ ചരിത്രം വിവരിയ്ക്കുന്നുണ്ടു്. ബൌദ്ധസംഘത്തിൽ പ്രവേശിയ്ക്കുമ്പോഠം ചെയ്യേണ്ട കമ്മങ്ങളും ഉച്ചരിയ്ക്കേണ്ട വാക്യങ്ങളും മററും ഇതിൽ കാണും. ഇതിന്നു പുറമെ 'പരിവാരം' എന്നൊരു വിഭാഗംകൂടി വിനയപിടകത്തിന്നുണ്ടു്. സിലോണിലാണ് ഇതിൻെറ ഉല്പത്തിയെന്നു തോന്നുന്നു. പ്രസ്തുത പിടകത്തിൻെറ ഉള്ളടക്കത്തെ ഓമ്മയുടെ സൌകര്യത്തിന്നു വേണ്ടി സമാഹരിയ്ക്കുക മാത്രമേ ഇതിൽ ചെയ്യുന്നുള്ളു.

## സുത്തപിടകം

ബുദ്ധൻെറയോ ശിഷ്യന്മാരുടേയോ പ്രസംഗങ്ങളും അവരെ സംബന്ധിച്ച സംഭവങ്ങളും സുത്തം, [സൂത്രം] സുത്താന്തം എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഇവയുടെ സമാഹാരമാണ് 'നികായ'ങ്ങഠം. 1. ദീഘം, 2. മജ്ഝിമം, 3. സംയുത്തം 4. അംഗുത്തരം ഇങ്ങനെ നാലു നികായങ്ങളാണ് സുത്തപിടകത്തിൽ അടങ്ങുന്നതു്. നികായത്തിന്നു പകരം 'നിഗമം' എന്ന പേരും പ്രസിദ്ധമാണ്. 'ധമ്മഞാനം' [ധമ്മജ്ഞാനം] സുത്തത്തിൽ അടങ്ങുന്നു. സുത്തം

ജ്ഞാനത്തെയും വിനയം ആചാരത്തെയും ശരിപ്പെടുത്താൻ ഉള്ളതാണ്.

ദീഘ (ദീഘ) നികായത്തിനാണ് ദൈർഘ്യംപോലെ പഴക്കവും അധികമുള്ളത്. പലരുടേയും കൃതികഠം ഇതിൽ അടങ്ങുന്നുണ്ടെന്നു സ്പഷ്ടം. മജ്ഝിമ (മധ്യമ) നികായവും വലിപ്പംകൊണ്ടു നോക്കിയാൽ മധ്യമമാണെന്നു പറഞ്ഞുകൂടാ. സംയുത്തവും അംഗുത്തരവും പഴക്കം കുറഞ്ഞവയാണ്. ആദ്യത്തേതിൽ വിഭിന്നവിഷയങ്ങളെപ്പററി പ്രതിപാദനം വരുന്നു. ഉദാഹരണമായി ശക്രസംയുത്തത്തിൽ ശക്രനെപ്പററിയുള്ളതെല്ലാം പറയും. സംയുത്തനികായത്തിലെ 'ധമ്മചക്കപ്പവത്തനസുത്തം' ബുദ്ധൻെറ ആദ്യത്തെ പ്രസംഗമടങ്ങിയതാകയാൽ അതിപ്രധാനമാണ്. അംഗുത്തരം എന്നതിന്നു ഒരു കാൽ അധികമുള്ളത് എന്നാണ് ശരിയ്ക്കുത്ഥം. പതിനൊന്നു നിപാതങ്ങഠം അഥവാ ഖണ്ഡങ്ങഠം അടങ്ങുന്നതാണിത്. എകനിപാതം, ദുകനിപാതം — ഇങ്ങനെ ഓരോന്നിലും ഒന്നു്, രണ്ടു് ഇത്യാദി സംഖ്യകളിലുള്ള ഏതെങ്കിലും തത്വശാസ്ത്രതത്വത്തെ എടുത്തുവിവരിയ്ക്കുകയാണിതിൽ ചെയ്യുന്നത്. ഉദാഹരണമായി, ഏകനിപാതത്തിൽ മനുഷ്യമനസ്സിനെ ഏററവും അധികം ദുഷിപ്പിയ്ക്കുന്ന ഒററപ്പദാത്ഥത്തെ — സ്ത്രീയെ — പ്പററി വിവരിയ്ക്കുന്നു. ഈ അക്കമൊപ്പിയ്ക്കൽ ക്രമേണ വളരെ കൃത്രിമമായിത്തീന്നതിൽ അത്ഭുതമില്ല.

സുത്തപിടകത്തിലെ അഞ്ചാം നികായമാണ് ഖുദ്ദക (ക്ഷുദ്രകം) നികായം. പല ചെറുഖണ്ഡങ്ങളും അടങ്ങിയ ഇതിൽ ചിലതെല്ലാം മററു സുത്തങ്ങളിൽ നിന്നെടുത്തതാണ്. സിലോൺ, ബൎമ്മ, സയാം തുടങ്ങിയ രാജ്യങ്ങളിൽ ഖുദ്ദകനികായത്തിൻെറ ഉള്ളടക്കത്തെപ്പററി അഭിപ്രായവ്യത്യാസമുണ്ട്. ഇതിലെ പ്രധാന ഭാഗങ്ങഠം: — 1. ഖുദ്ദകപാഠം. ഇതു സാധാരണോപയോഗത്തിന്നു

ള്ളതാണ്. ഇതിലെ 'തിരോകുഡ്ഡകസുത്തം, പ്രേതസംബന്ധമായതും മാന്ത്രികശക്തി ഉൾക്കൊള്ളുന്നതും ആകയാൽ സിലോണിലും മററും ശവശംസ്കാരവേളയിൽ ഉപയോഗിയ്ക്കാറുണ്ട്. 2. ധമ്മപദം. ഭഗവൽഗീതയെപ്പോലെ പ്രസിദ്ധവും പാവനവുമായ ഈ കൃതിയിൽ 423 ധാർമ്മികപദ്യങ്ങൾ അടങ്ങുന്നു. 3. ഉദാനം. ബുദ്ധവചനങ്ങൾ പദ്യരൂപത്തിലാക്കിയതാണിത്. ആ വചനങ്ങളുടെ സന്ദർഭം സൂചിപ്പിയ്ക്കുന്ന കഥകൾ ഗദ്യത്തിൽ വിവരിയ്ക്കുന്നു. ഇത്തരം 82 കഥകൾ ഇതിലടങ്ങും. 4 ഇതിവുത്തകം. (ഇതിവൃത്തം) ഐതിഹ്യങ്ങൾ ആണ് ഇതിലെ ഉള്ളടക്കം. ബുദ്ധോപദേശങ്ങളെ "ഇങ്ങിനെ പറയപ്പെട്ടു" എന്നൊരവതാരികയോടുകൂടി ഇവയിൽ വിവരിയ്ക്കുന്നു. ബുദ്ധൻെറ സന്മാർഗ്ഗികോപദേശങ്ങൾ ഗദ്യപദ്യാത്മികമായ രീതിയിൽ ഇതിൽ നിബന്ധിച്ചിരിയ്ക്കുന്നു. 5. സുത്തനിപാതം. ഇത് ഖുദ്ദകത്തിൻെറ ഏററവും പഴക്കമുള്ള ഭാഗമാണ്. ബുദ്ധനും ശിഷ്യനായ ബാവരിയും തമ്മിൽ നടക്കുന്ന സംഭാഷണം ഇതിൽ വരുന്നു. സോദാഹരണം തത്ത്വോപദേശം നടത്തുന്ന നാളകസുത്താദികൾ ഇതിൻെറ ഭാഗമാണ്. 6. വിമാനവത്ഥു. സ്വർഗ്ഗലോകത്തിൻെറ വിവരണമാണിതിലെ മുഖ്യപ്രമേയം. 83 കഥകളുമുണ്ട്. 7. പേതവത്ഥു. പ്രേതങ്ങളുടെ ഗതി വിവരിക്കുന്ന ഇതിൽ 51 കഥകളുണ്ട്. 8. ഥേരഗാഥയും ഥേരീഗാഥയും ക്രമത്തിൽ ഭിക്ഷുക്കളും ഭിക്ഷുണികളും ഉപയോഗിച്ചിരുന്ന ലഘുസ്തുതികളുടെ സമാഹാരങ്ങളാണിവ. ഥേരഗാഥയിൽ 1279_ം ഥേരീഗാഥയിൽ 522_ം സ്തോത്രങ്ങളുണ്ട്. 10. ജാതകങ്ങൾ. ബുദ്ധൻെറ പ്രാക്തനജന്മകഥകളാണ് പ്രതിപാദ്യം. പദ്യങ്ങളുടെ പല്ലവിതരൂപമാണ് ഗദ്യഭാഗം. പല കാലത്തും പല ആചാര്യന്മാരും സാധാരണക്കാർക്കുവേണ്ടി രചിച്ചതാണ് ജാതകകഥകൾ. 11. നിദ്ദേശം. സുത്തനിപാതത്തിലെ ഒരുഭാഗത്തിൻെറ വ്യാഖ്യാനമായ ഇതിൻെറ കർത്താവു ശാരിപുത്തനാണെന്നു പറയുന്നു. 12. പതിസംഭിദാമാർഗ്ഗം. ആഹ തൻെറ ജ്ഞാനത്തെപ്പററി വിസ്തരിയ്ക്കുന്നതാണിത്.

13. അപദാനം. ബുദ്ധസന്യാസികളുടെ പഴയ ജന്മത്തിലെ അപദാനങ്ങളാണ് ഇതിലെ വിഷയം. പഴക്കം കുറയും ഇവയ്ക്കും. 14. ബുദ്ധവംശം. പ്രാചീനബുദ്ധന്മാരുടെ കഥ 28 സർഗ്ഗങ്ങളിൽ വിവരിയ്ക്കുന്നു. 15. ചരിയാപിടകം. 15 ജാതകകഥകൾ ഇതിൽ പദ്യത്തിൽ സമാഹരിച്ചിരിയ്ക്കുന്നു. ബുദ്ധപദ പ്രാപ്തിക്കുവേണ്ട പത്തു പാരമിതകൾ (പൂർണ്ണതകൾ) താനെങ്ങനെ നേടിയെന്നു ബുദ്ധദേവൻ തന്നെ വിവരിയ്ക്കുകയാണിതിൽ ചെയ്യുന്നത്. പഴക്കം കുറയും. പാഠഭേദങ്ങൾ ധാരാളം.

## അഭിധമ്മപിടകം

അഭിധമ്മപിടകത്തിനധികം പ്രാധാന്യം ബർമ്മയിലാണ്. സൂത്തപിടകത്തിൽ പ്രതിപാദിച്ചധർമ്മത്തിന്റെ പൂർണ്ണജ്ഞാനമുണ്ടാക്കുകയാണ് ഇതിന്റെ ലക്ഷ്യം. പുതിയ തത്ത്വങ്ങളൊന്നും ഇതിൽ ആവിഷ്കരിയ്ക്കപ്പെടുന്നില്ല. വിഭജനത്തേക്കാൾ വിവരണവും വിശദീകരണവും ആണിതിൽ കാണുക.

അഭിധമ്മപിടകത്തിന്റെ പ്രധാനവിഭാഗങ്ങൾ:— (1) ധമ്മസംഗണിമനശ്ശാസ്ത്രപരമായ ഭാഗമാണിത്. (2) വിഭംഗം ('വ്യത്യാസം') മുകളിലത്തേതിന്റെ തുടച്ച്. (3) കഥാവത്ഥു. മൂന്നാം ധമ്മസഭയിൽവെച്ച് മൊഗ്ഗലിപുത്തഥേരൻ 252 അബദ്ധോപദേശങ്ങളെ നിരൂപണം ചെയ്യുന്നതായി വിവരിയ്ക്കുന്നത്.

(4) പുഗ്ഗലപഞ്ഞത്തി. തത്ത്വശാസ്ത്രദൃഷ്ട്യാ ഉള്ള വ്യക്തിസ്വരൂപനിരൂപണം. (5) ധാതുകഥ ഭൂതാദികളുടെ നിരൂപണം (6) യമകം ('ഇരട്ട') തർക്കശാസ്ത്രപരമായ ഭാഗം. ഭാവങ്ങളെ എതിർഭാവങ്ങളോട് ചേർത്തുകൊണ്ടുള്ള ഒരു മനശ്ശാസ്ത്രപരമായ സമീപനമാണിതിൽ. (7) മഹാപാഠാനം അഥവാ പാഠാനപ്പകരണം. ബൃഹത്തും ദുർഘടവുമായ ഈ ഭാഗത്തിലാണ് കർമ്മവാദത്തെപ്പ

ററിയ സിദ്ധാന്തങ്ങൾ. (8) പരിത്തം. അഭിധമ്മത്തിൻെറ ഒരു പരിശിഷ്ടമെന്ന നിലയിൽ പരിത്തം അല്ലെങ്കിൽ മഹാപരിത്തം സിലോണിലും മററും പ്രചാരത്തിലിരിപ്പുണ്ടു്. രോഗം, മരണം, ഗൃഹപ്രവേശം തുടങ്ങിയ അവസരങ്ങളിൽ ഉപയോഗിയ്ക്കുന്ന മന്ത്രതന്ത്രങ്ങളാണിതിലുള്ളതു്. 28 പദ്യങ്ങളുള്ളതിൽ കാൽ ഭാഗം ഖദ്ദകപാഠത്തിൽനിന്നെടുത്തു ചേർത്തതാണു്. ററിന്ദുക്കളുടെ അഥർവ്വമന്ത്രങ്ങളുടെ സ്ഥാനമാണിവയ്ക്കുള്ളതു്. പരിത്തകർമ്മങ്ങൾ ഇന്നും ബഹുമാനപൂർവ്വം അനുഷ്ഠിയ്ക്കപ്പെടുന്നവയാണു്. മന്ത്രവാദവും ക്ഷുദ്രദേവതാസേവയും മൂത്തു ബുദ്ധമതം പിൽക്കാലത്തു് അധഃപതിച്ച കഥ പ്രസിദ്ധമാണല്ലോ.

മതാചാര്യന്മാരുടെ മരണശേഷം ഏതാനും നൂററാണ്ടുകളോളം അവരുടെ ഉപദേശങ്ങൾ സംഗ്രഹിച്ചും അടുത്ത ശിഷ്യന്മാരുടേയും കുലാചാര്യൻെറയും മാഹാത്മ്യം കീർത്തിച്ചും കഴിയും. മതത്തിലെ സർഗ്ഗാത്മകമായ പ്രയത്നം ഇക്കാലത്താണു് നടക്കുന്നതു് പല തത്വസംഹിതകളും ശാഖകളും ഉണ്ടായിക്കഴിയുന്നതോടുകൂടി മതങ്ങളുടെ ആദ്യചൈതന്യം നഷ്ടപ്പെടുന്നു. പിന്നെ വരുന്നതു് വ്യാഖ്യാനകാലമാണു്. പാണ്ഡിത്യത്തിന്നു ജീവിതശുദ്ധിയേക്കാൾ പ്രാമാണ്യംവരുന്ന ഇക്കാലത്തു് മതം വാദപ്രതിവാദവസ്തുവായിട്ടാണു് മിക്കവാറും തീരുക. ബുദ്ധിവ്യായാമം വർദ്ധിക്കുന്നു. ബുദ്ധമതത്തിലും ഇതേ നിയമം പ്രവർത്തിച്ചുകാണാം.

## പാലിസാഹിത്യം—

## ക്രി. പി. 5-ാം നൂററാണ്ടുവരെ

പ്രധാനപ്പെട്ട പിടകഗ്രന്ഥങ്ങൾക്കുശേഷം അവയുടെ വ്യാഖ്യാനരൂപത്തിലുള്ള അനവധി ഗ്രന്ഥങ്ങൾ ആണു് പാലിസാഹിത്യത്തിൻെറ പ്രധാനസമ്പാദ്യം. സിലോണിൽ ആദ്യംമുതല്ക്കു

തന്നെ ഇത്തരത്തിലുള്ള ഏതാനും 'അത്ഥകഥ'കൾ നിലവിലിരുന്നതായിക്കാണുന്നു. ബുദ്ധഘോഷൻ (ക്രി. പി. 4–ാം നൂററാണ്ട്) 'സമന്തപാസാദിക' എന്ന വിനയപിടകവ്യാഖ്യാനത്തിൽ ഈ അത്ഥകഥകളോടുള്ള കടപ്പാട് സമ്മതിയ്ക്കുന്നുണ്ട്. വേറെയും പല വ്യാഖ്യാനങ്ങളെ നാമനിർദ്ദേശപൂർവ്വം അദ്ദേഹം സ്മരിക്കുന്നു. 'പൌരാണാചാര്യന്മാരു'ടെ കൃതിയെന്നാണ് 'മഹാ അട്ഠകഥ'യെ അദ്ദേഹം പറയുന്നത്. ബുദ്ധസിരി എന്ന ഥേരൻെറ നിർദ്ദേശപ്രകാരമാണ് അദ്ദേഹം സിലോണിൽ ചെന്ന് ആ പാലിവ്യാഖ്യാനങ്ങൾ തർജ്ജമചെയ്തത് എന്നു പറയപ്പെടുന്നു. ഏതായാലും പാലിഗ്രന്ഥങ്ങളുടെ പ്രധാനവ്യാഖ്യാനങ്ങൾ സിലോണിലാണ് ഉണ്ടായിട്ടുള്ളതെന്നൂഹിയ്ക്കാൻ വഴിയുണ്ട്.

മുമ്പറഞ്ഞ പിടകഗ്രന്ഥങ്ങളിൽ പെടാത്തതെങ്കിലും അത്രതന്നെ പ്രാധാന്യമുള്ള മററ പാലിഗ്രന്ഥങ്ങളും സുലഭമാണ്. നേത്തിപ്പകരണം അല്ലെങ്കിൽ നേത്തി, പേടകോപദേശം അല്ലെങ്കിൽ പേടകം ഇവ രണ്ടും ബർമ്മയിൽ പിടകഗ്രന്ഥങ്ങളുടെ വിഭാഗമായി കരുതപ്പെടുന്നു. ബുദ്ധമതപാനത്തിന്നു മാർഗ്ഗദർശനം ചെയ്യുന്നവയാണ് ആ ഗ്രന്ഥങ്ങൾ. ബുദ്ധൻെറ ശിഷ്യന്മാരിൽ ഒരു പ്രമാണിയായ മഹാകച്ചായനനാണ് ഇവയുടെ കർത്താവെന്നു പറയപ്പെടുന്നുണ്ടെങ്കിലും, മറേറതോ കച്ചായനൻ (കാത്യായനൻ) ആയിരിയ്ക്കണം ഇതെന്നു ഊഹിയ്ക്കുന്നവരാണ് അധികവും. ക്രിസ്തുവർഷത്തിൻെറ ആദ്യഘട്ടത്തിലായിരിക്കും ഇവയുടെ ഉല്പത്തി. 'സുത്തസംഗ്രഹം' ഇതരകൃതികളിൽനിന്നുള്ള സംഗ്രഹമാണ്. മിലിന്ദപ്പണ്ഹം (മിലിന്ദപ്രശ്നം) ആണ് മറെറാരു സുപ്രസിദ്ധ കൃതി നാഗസേനഥേരനും മിലിന്ദരാജനും തമ്മിൽ നടന്ന ഒരു ധർമ്മസംഭാഷണമാണിതിലെ വിഷയം. മിലിന്ദൻ ക്രി മു. 2–ാംനൂററാണ്ടിൽ പഞ്ചാബിലെ സിയാൽക്കോട്ടിൽ ഭരണം നടത്തിയിരുന്ന മെനാന്ദർ എന്ന പ്രസിദ്ധയവനരാജാവാണെന്നാണ് ഊഹം.

പാലിയിലെ അലങ്കാരസുന്ദരമായ മുഖ്യകൃതിയാണ് മിളിന്ദപ്രശ്നം. ക്രി. പി. ഒന്നാംനൂററാണ്ടിലോ മറേറാ ഉത്തരേന്ത്യയിൽ സംസ്കൃതത്തിൽ ആദ്യം എഴുതി പാലിയിൽ പല്ലവിതഭാഷയിൽ പരാവർത്തനം ചെയ്യപ്പെട്ട ഒരു കൃതിയായിരിക്കണം ഇതെന്നു വിശ്വസിച്ചുവരുന്നു. ഇതിൻെറ ചൈനീസ് തർജ്ജമ എത്രയോ ചെറുതാണ്. മെനാന്ദർ സകല ഭിക്ഷുക്കളേയും തോല്പിച്ച് ഒടുവിൽ നാഗസേനൻ എന്ന ബുദ്ധഭിക്ഷുവാൽ സ്വയം പരാജിതനായി അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിക്കുന്നതാണിതിലെ വിഷയം. ബുദ്ധമതത്തിൻെറ ആദ്യതത്വശാസ്ത്രം നിറഞ്ഞതാണ് ഈ കൃതി.

"ദീപവംശം" എന്ന പ്രസിദ്ധചരിത്രകൃതിയും ഏതാണ്ട് ക്രിസ്ലവർഷാരംഭത്തിലുണ്ടായതാണ്. ഇതിൽ മഹാസേനൻെറ (ക്രി. പി. 325—352) ഭരണകാലം വരെയുള്ള ചരിത്രമുണ്ട്. പഴയ അത്ഥകഥകളിലുള്ള ചരിത്രതത്വങ്ങളെ ആസ്പദമാക്കിയാണ് ദീപവംശം എഴുതപ്പെട്ടിട്ടുള്ളത്; മറെറാരു സിലോൺചരിത്രഗ്രന്ഥമായ മഹാവംശത്തിൻേറയും നില ഇതുതന്നെ. രണ്ടിൻേറയും ആകരഗ്രന്ഥം ഒന്നുതന്നെയായിരിക്കണം എന്നാണ് ഊഹം.

## ക്രി. പി. 5—11-ാംനൂററാണ്ടുവരെ

ഈ രണ്ടാം കാലഘട്ടത്തിൻെറ ആരംഭകാലത്താണ് ലിപിയിലെ വലിയ വ്യാഖ്യാനഗ്രന്ഥങ്ങളുടെ ഉല്പത്തി. ഈ വിഷയത്തിൽ ഏററവും പ്രശസ്തമായ പ്രവൃത്തി ബുദ്ധഘോഷനാണ് നടത്തിയിട്ടുള്ളത്. ഇദ്ദേഹം ജന്മനാ ബ്രാഹ്മണനായിരുന്നു. സംസ്കൃതത്തിലെ വിപുലശാസ്ത്രങ്ങളിലെല്ലാം അദ്ദേഹം പൂർണ്ണമായ പാണ്ഡിത്യംനേടി. സിലോണിലെ മഹാനാമ (ക്രി. പി. 458—480) രാജാവിൻെറ കാലത്ത് ബുദ്ധഘോഷൻ സിലോണിൽ വന്ന് അനുരാധപുരത്തെ മഹാവിഹാരത്തിൽ കുറെക്കാലം താമ

സിച്ച പിടകങ്ങളും അത്ഥകഥകളും പഠിച്ച് തന്റെ വ്യാഖ്യാന ജോലി ആരംഭിച്ചു. പാലിയിൽ ബുദ്ധഘോഷനുള്ള സ്ഥാനം സംസ്കൃതത്തിൽ ആക്കും കൊടുപ്പാൻ സാധിയ്ക്കുമെന്നു തോന്നുന്നില്ല. ബുദ്ധഘോഷകൃതികൾ ഇന്ത്യൻ തത്വചിന്തയുടെ വലിയൊരു കണ്ണാടിയാണെന്നു മാത്രം പറഞ്ഞാൽ പോരാ. അവ ജ്ഞാനവിജ്ഞാനങ്ങളുടെ ഭാണ്ഡാഗാരങ്ങൾ തന്നെയാണ്. അന്നത്തെ ഇന്ത്യൻ സമുദായത്തിന്റെ സൂക്ഷ്മസ്ഥിതി മനസ്സിലാക്കുവാനുള്ള പല സംഗതികളും അവയിൽ കാണും.

ബുദ്ധഘോഷന്റെ പിടകഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങൾ:

I വിനയപിടകം

(1) സമന്തപസാദിക—വിനയപിടകത്തിന്റെ വിസ്തൃതവ്യാഖ്യാനം.

(2) കംഘാവിതരണി — 'പാതിമോക്ഖ'ത്തിന്റെ വ്യാഖ്യാനം.

II സുത്തപിടകം

(1) സുമംഗലവിലാസിനി — ദീഘനികായത്തിന്റെ വ്യാഖ്യാനം.

(2) പപഞ്ചസൂദനി — മജ്ഝിമനികായത്തിന്റെ വ്യാഖ്യാനം.

(3) മനോരഥപൂരണി—അംഗുത്തരനികായത്തിൻെറ വ്യാഖ്യാനം.

(4) പരമാത്ഥജോതിക — ഖുദ്ദകനികായത്തിൻെറ വ്യാഖ്യാനം.

(5) സാരാത്ഥപകാസനി — സംയുക്തനികായത്തിൻെറ വ്യാഖ്യാനം.

III അഭിധമ്മപിടകം

(1) അത്ഥശാലിനി — ധമ്മസംഗണിയുടെ വ്യാഖ്യാനം.

(2) സമ്മോഹവിനോദനി—വിഭംഗവ്യാഖ്യാനം.

(3) പഞ്ചപ്പകരണാത്ഥകഥ —അഭിധമ്മത്തിൻെറ ഏതാനും ഭാഗത്തിൻെറ വ്യാഖ്യാനം.

അഭിധമ്മവ്യാഖ്യാനത്തിന്നു പൊതുവിൽ പരമാത്ഥകഥ എന്നൊരു പേർ കൂടിയുണ്ടു്.

ജാതകങ്ങൾ, ധമ്മപദം, അപദാനങ്ങൾ ഇവയും ബുദ്ധഘോഷൻെറ വക വ്യാഖ്യാനമുണ്ടെന്നു പറയാറുണ്ടു്. 'ജ്ഞാനോദയം' എന്നൊരു കൃതിയും ഇക്കൂട്ടത്തിൽ പെടുത്തിക്കാണുന്നു. 'വിശുദ്ധി

മാഗ്ഗം' എന്നൊരു സ്വതന്ത്രഗ്രന്ഥവും ഈ പണ്ഡിതന്റേതായി ട്ടുണ്ട്. ശീലം, സമാധി, പഞ്ഞ (പ്രജ്ഞ) ഇങ്ങനെ മൂന്നു അദ്ധ്യായമായിത്തിരിച്ചിട്ടുള്ള ഇതിൽ അടങ്ങാത്ത ബുദ്ധമതതത്വങ്ങൾ ചുരുങ്ങും. ബുദ്ധഘോഷൻ പാലിയിൽ ചെയ്തിട്ടുള്ള ജോലി എത്ര വലുതാണെന്നു മുൻകാണിച്ച പട്ടികയിൽനിന്നറിയാം. ഓരോ വ്യാഖ്യാനവും ഓരോ കൂററൻപുസ്തകമാണെന്നുംകൂടി ഓർമ്മിക്കണം.

പിടകങ്ങൾക്കുശേഷം വലിയ പ്രാധാന്യം കല്പിച്ചിട്ടുള്ള 'ജാതക'ങ്ങൾ മുൻപറഞ്ഞപോലെ ബുദ്ധന്റെ പ്രാക്തനജന്മകഥകളാണ്. 547 കഥകളാണിവയിൽ അടങ്ങുന്നത്. ഇവയുടെ വ്യാഖ്യാതാവ് വല്ല സിലോൺഭിക്ഷുവും ആയിരിക്കാമെന്നു ഗൈഗർ അനുമാനിയ്ക്കുന്നു. അത്ഥകഥകളോട് ഇവയ്ക്കുള്ള കടപ്പാട് വലുതാണ്. പഞ്ചതന്ത്രത്തിലേയും മററും കഥകളുടെ ഉല്പത്തിസ്ഥാനം ജാതകങ്ങളാണെന്ന വസ്തുത പ്രസിദ്ധമത്രേ. മഹാഭാരതത്തിലെ ധാർമ്മികോപദേശങ്ങൾക്കും ഉദാഹരണങ്ങൾക്കും ബുദ്ധമതത്തോടുള്ള വമ്പിച്ച കടപ്പാട് ഡോക്ടർ വിൻറർന്നിററ്സ് ചൂണ്ടിക്കാണിക്കുന്നുണ്ട്. എന്നാൽ ദശരഥജാതകാദികൾ ഹൈന്ദവകഥയെ വിരൂപപ്പെടുത്തിയതു് മാത്രമാണെന്നു തോന്നുന്നു. പാലിയിലെ ധമ്മപദാത്ഥകഥ പഴയ ഏതോ സിംഹളാത്ഥകഥയെ അവലംബിച്ചെഴുതിയതാണ്.

ബുദ്ധഘോഷനൊപ്പോലെ പാലിക്കും ഹീനയാനബുദ്ധമതത്തിനും മറക്കുവാൻവയ്യാത്ത ഉപകാരം ചെയ്തവർ താഴെ ചേർത്തവരാണ്:

1. ബുദ്ധദത്തൻ—ബുദ്ധഘോഷന്റെ സമകാലികനാണെന്നു് പറയുന്നു. 'ബുദ്ധവംശം' എന്ന കൃതിയ്ക്കു് മധുരാത്ഥവിലാസിനി വ്യാഖ്യാനം ഇദ്ദേഹം രചിച്ചിട്ടുണ്ട്. ബുദ്ധദത്തന്റെ വിനയവിനിച്ഛയം, ഉത്തരവിനിച്ഛയം, അഭിധമ്മാവതാരം എന്നീ

ഗ്രന്ഥങ്ങൾ അനുഷ്ഠാനപരവും ജ്ഞാനപരവുമായ ഭാഗങ്ങളെ വിവരിക്കുന്നവയാണ്.

2. ആനന്ദൻ—ഇദ്ദേഹവും ബുദ്ധഘോഷന്റെ സമകാലികനാണെന്നു പറയപ്പെടുന്നു. ബുദ്ധമിത്തൻ എന്ന ഭിക്ഷുവിന്റെ ആജ്ഞപ്രകാരമാണത്രേ അഭിധമ്മമൂലടീക ഇദ്ദേഹം രചിച്ചത്.

3. ധമ്മപാലൻ— 'പരമാത്ഥദീപനി' എന്ന വ്യാഖ്യാനത്തിന്റെ രചയിതാവാണിദ്ദേഹം. ഖുദ്ദക നികായത്തിൽ ബുദ്ധഘോഷൻ വ്യാഖ്യാനിക്കാതെ വിട്ട ഉദാനം, ഇതിവുത്തകം, വിമാനം, പേതവത്ഥു, ഥേരഗാഥ, ഥേരീഗാഥ, ചരിയാപിടകം ഇവയ്ക്കുള്ള വ്യാഖ്യാനമാണ് ഈ ഗ്രന്ഥം. പുറമേ, പരമത്ഥമഞ്ജുഷ (വിശുദ്ധിമാർഗ്ഗവ്യാഖ്യ), അത്ഥസംവണ്ണന (നേത്തിപ്പകരണവ്യാഖ്യ) ലീനാത്ഥവണ്ണന തുടങ്ങിയ പലതും ഇദ്ദേഹത്തിന്റെ വകയായുണ്ട്. എന്നാൽ വളരെയെണ്ണം നഷ്ടപ്പെട്ടിരിക്കുന്നു. ചുല്ലധമ്മപാലൻ, ഉപസേനൻ, മഹാനാമൻ, കസ്സപൻ, ഖേമൻ, വജിരബുദ്ധി, അനിരുദ്ധൻ തുടങ്ങിയവരുടെ പല കൃതികളും പാലിയിൽ പ്രസിദ്ധങ്ങളാണ്. വിനയത്തെ സംബന്ധിച്ചവയാണ് ധമ്മസിരിയുടെ ഖുദ്ദസിഖ, മഹാസാമിയുടെ മൂലശിഖ എന്നിവ.

ബുദ്ധനെ സംബന്ധിച്ച പല കഥകളും പാലിയിൽ ഉണ്ട്. കസ്സപന്റെ അനാഗതവംശം (പദ്യം), ഉപതിസ്സന്റെ മഹാബോധിവംശം (ഗദ്യപദ്യാത്മകം) എന്നിവ ഈ ഘട്ടത്തിൽ സ്മരണീയമാകുന്നു. ദീപവംശത്തെപ്പററി മുമ്പു പറഞ്ഞിട്ടുണ്ട്. ഏതാണ്ട് അതിലടങ്ങിയ വിഷയം തന്നെ മഹാകാവ്യരൂപത്തിൽ വിവരിച്ച മഹാവംശം ക്രി. പി. 6-ാം നൂററാണ്ടിൽ ധാതുസേനരാജാവിന്റെ കാലത്തു നിർമ്മിക്കപ്പെട്ടതായി വിശ്വസിക്കപ്പെടുന്നു.

വ്യാകരണാദി പല ശാഖകളിലും സംസ്കൃതത്തിലെന്നപോലെ പാലിയിലും ഗ്രന്ഥങ്ങളുമുണ്ട്. പാലിയിലെ പ്രധാന വൈയാകരണൻ കച്ചായനനാണ്. ബുദ്ധഘോഷന്റെ ശേഷമാണ് ഇദ്ദേഹത്തിന്റെ കാലമെന്നാണ് അഭിജ്ഞപക്ഷം. ബുദ്ധഘോഷനും

മററം മുമ്പു തന്നെ വ്യാകരണസംസ്കാരം പാലിയ്ക്കുണ്ടായിരുന്നു വെന്നു തീച്ചയാണ്. കച്ചായനൻെറ പദ്ധതി കുറേ നവീനമാകുന്നു. സംസ്കൃതവൈയാകരണനായ കാത്യായനനല്ല ഈ കച്ചായനൻ. സവ്വവമ്മൻെറ കതാന്ത്രം, വാമനൻെറ കാശിക ഇതെല്ലാം സ്മരിച്ചുകാണുന്നതുകൊണ്ട് ഈ കച്ചായനൻ വളരെ പ്രാചീനനല്ല. ബുദ്ധഘോഷൻ ഇദ്ദേഹത്തെ സ്മരിക്കുന്നുമില്ല. മഹാനിരുത്തിഗന്ഥം, ചുല്ലനിരുത്തിഗന്ഥം ഇങ്ങനെ രണ്ടു വ്യാകരണഗ്രന്ഥം കൂടി പാലിയിൽ പ്രസിദ്ധമായിട്ടുണ്ട്. കച്ചായനവ്യാകരണത്തിൻെറ വലിയ വ്യാഖ്യാനം വിമലബുദ്ധിയുടെ വകയായ "മുഖമത്തദീപിനി"യാണ്. സംസ്കൃതത്തിൻെറ വഴി പിടിച്ചാണിതിൻെറയെല്ലാം ഗതി. വ്യാഖ്യാനകോലാഹലംതന്നെ ഇതു തെളിയിക്കുന്നു.

## 2-ാംനൂററാണ്ടിനുശേഷം പാലി

ക്രി. പി. 1153—1186 വരെ സിംഹളാൺ ഭരിച്ച പരാക്കമബാഹു ഒന്നാമൻെറ കാലം പാലിയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു ഘട്ടമാണ്. മഹാകസ്സപൻെറ നേതൃത്വത്തിൽ ഒരു ധമ്മസഭ കൂടുകയും ബുദ്ധഘോഷൻെറയും മററം കൃതികൾക്കു വ്യാഖ്യാനങ്ങൾ എഴുതുവാൻ ശ്രമിക്കുകയും ചെയ്തത് ഇക്കാലത്താണ്. മേൽപ്പറഞ്ഞ ഥേരൻതന്നെയാണ് ബുദ്ധഘോഷൻെറ പപഞ്ചനിസൂദനിയ്ക്കു ലീനാത്ഥപക്കാസനം എന്ന വ്യാഖ്യാനം നിമ്മിച്ചത്. സാരിപുത്തനും ശിഷ്യന്മാരും ഈ വിഷയത്തിൽ വളരെ സഹായിച്ചതായിപ്പറയുന്നു. ഈ സംഘത്തിൽ പ്രധാനികൾ സാഘരക്ഖിതൻ, ബുദ്ധനാഗൻ, വാചിസ്സരൻ, സുമംഗലൻ, ഛപദൻ മുതലായവരാകുന്നു. ഛപദൻ അല്ലെങ്കിൽ സദ്ധമ്മജോതിപാലൻ ബമ്മക്കാരനാണ്. ഇവരിൽ ഓരോരുത്തരും കുറേ സ്വതന്ത്രകൃതികളും എഴുതിയിട്ടുണ്ട്. സാരിപുത്തൻ അഥവാ ധമ്മവിലാസൻ എന്നൊരു ബമ്മീസ് ഭിക്ഷു (ക്രി. പി. 13-ാംനൂററാണ്ട്)

വാണ് ആ നാട്ടിലെ ഏറ്റവും പഴക്കമുള്ള നിയമഗ്രന്ഥത്തിന്റെ കർത്താവ്.

സാരിപുത്തന്റെ ശിഷ്യന്മാർ ബുദ്ധനെസ്സംബന്ധിച്ച പല ഐതിഹ്യങ്ങളും സമാഹരിക്കുകയുണ്ടായി. ബുദ്ധന്റെ ദന്തത്തെ സംബന്ധിച്ച കഥയാണ് ധമ്മകീർത്തിയുടെ ദാഥവംശം. വാസിസ്സരന്റെ ഥൂപവംശം ഗദ്യകൃതിയാണ്. ബുദ്ധരക്ഖിതന്റെ ജിനാലങ്കാരം, മേധങ്കരന്റെ ജിനചരിതം എന്നിവയിൽ സംസ്കൃതമഹാകാവ്യത്തിന്റെ ആഡംബരമെല്ലാം നിഴലിച്ചിരിയ്ക്കുന്നു. മഹാവംശത്തിന്റെ അജ്ഞാതകർത്തൃകമായ ടീകയാണ് വംസത്ഥപകാസിനി. വെദേഹഥേരന്റെ സമന്തകൂടവണ്ണനയിൽ ബുദ്ധന്റെ സിലോൺസന്ദർശനം ചിത്രീകരിക്കുന്നു; അദ്ദേഹത്തിന്റെ 'രസവാഹിനി' ഗദ്യകഥകൾ അടങ്ങുന്നതാണ്. ബുദ്ധപ്പിയന്റെ പജ്ജമധുവിൽ ബുദ്ധന്റെ ജ്ഞാനസൌന്ദര്യങ്ങളെ സ്തുതിക്കുന്ന 104 പദ്യങ്ങളുണ്ട്. സിദ്ധാന്തന്റെ സാരസംഗഹം, ധമ്മകീർത്തി മഹാസാമിയുടെ സദ്ധമ്മസംഗഹം, മേധങ്കരന്റെ ലോകപ്പദീപസാരം, മഹാമംഗലന്റെ ബുദ്ധഘോസുപ്പത്തി തുടങ്ങി വേറെയും പല കൃതികൾ കാണുന്നുണ്ട്. ഇവയെല്ലാം ക്രി. പി. 13-ഉം 14-ഉം നൂററാണ്ടുകളിലുണ്ടായവയാണ്.

15-ാംനൂററാണ്ടിനു ശേഷം പാലി ഗ്രന്ഥനിർമ്മിതിയിൽ ബർമ്മീസ് സന്യാസികൾ മുന്നോട്ടുവരുന്നു. അഭിധമ്മപിടകമാണിവരുടെ പ്രധാനവിഷയം. ആരിയവംശന്റെ മണിസാരമഞ്ജൂഷ, സദ്ധമ്മപാലസിരിയുടെ നേത്തിഭാവനി, ശീലവംശന്റെ ബുദ്ധാലങ്കാരം, സദ്ധമ്മാലങ്കാരന്റെ പഠാനദീപന, മഹാനാമന്റെ മധുസാരാത്ഥദീപനി തുടങ്ങി ഒട്ടേറെ കൃതികൾ ബർമ്മയിൽ ഉണ്ടായവയാണ്. 17, 18, 19 നൂററാണ്ടുകളെല്ലാം ഈ സാഹിത്യവ്യവസായം തുടർന്നതായും കാണുന്നു. 18-ാംനൂററാണ്ടിലെ കൃതി

യായ ഗ്രന്ഥവംശത്തിൽ ബുദ്ധമതചരിത്രത്തിനു പുറമെ ഗ്രന്ഥകാരചരിത്രങ്ങളും അടങ്ങിയിട്ടുണ്ട്. പഞ്ഞസാമിയുടെ ശാസനവംശവും ബുദ്ധമതചരിത്രം ഉൾക്കൊള്ളുന്നതാണ്.

പാലിവ്യാകരണത്തെ മൂന്നു വിഭാഗത്തിൽ പെടുത്താം: 1. കച്ചായനൻെറ ശാഖ:—ബാലാവതാരം, രൂപസിദ്ധി എന്നിവ ഇതിലെ മുഖ്യഗ്രന്ഥങ്ങളാണ്. 2. മൊഗ്ഗല്ലായനശാഖ: പയോഗസിദ്ധി, പദസാധനം തുടങ്ങിയവ ഇതിൽപ്പെടും. 3. സദ്ദനീതി (ചുല്ലസദ്ദനീതി—ശബ്ദനീതിസാരിതം). ഓരോ ശാഖയിലും മൂന്നുതരം ഗണപാഠവുമുണ്ട്. ധാതുമഞ്ജുഷ, ധാതുപാഠം, ധാത്വത്ഥദീപിനി തുടങ്ങിയവ ക്രിയാഭാഗം വിവരിക്കുന്നു. അഭിധാനപ്പദീപിക മുഖ്യമായ ഒരു നിഘണ്ടുവാണ്. അലങ്കാരവിഷയകമായ ഗ്രന്ഥങ്ങളും പാലിയിൽ ഇല്ലായ്കയില്ല. സംഘരക്ഖിതൻെറ സുബോധാലങ്കാരം കാവ്യമീമാംസാപരമാണ്; അദ്ദേഹത്തിൻെറ വുത്തോദയം വൃത്തശാസ്ത്രപരവും.

ഈ വിവരണത്തിൽ നിന്നു പാലിസാഹിത്യം സമുദ്രം പോലെ പരന്നു കിടക്കുന്ന ഒന്നാണെന്നു വ്യക്തമായിരിക്കും; പ്രധാനമായും മതസാഹിത്യമാണത്. മററ വിഷയങ്ങൾ സംസ്കൃതത്തിൻെറ മാതൃകയിൽ പ്രചരിച്ചിട്ടുള്ളതാണ്. പാലിയും ലൌകികസംസ്കൃതവും വളരെക്കാലം ഒപ്പം വളൎന്നുവന്ന ഭാഷകളായിരുന്നു. എങ്കിലും പണ്ഡിതഭാഷ വളരെ മുമ്പു തന്നെ സംസ്കൃതമായിരുന്നുവെന്ന് അശ്വഘോഷൻ, നാഗാൎജ്ജുനൻ തുടങ്ങിയവരുടെ കൃതികൾ സംസ്കൃതത്തിൽ എഴുതപ്പെട്ടുകാണുന്നതിൽനിന്നു തെളിയുന്നുണ്ട്. ബുദ്ധമതവിദ്യാൎത്ഥികൾക്കും ഇന്ത്യൻസമുദായചരിത്രം അറിവാൻ ആഗ്രഹിക്കുന്നവൎക്കും പാലിഗ്രന്ഥങ്ങളുടെ പാരായണം ഒഴിപ്പാൻ വയ്യ. ബുദ്ധഘോഷൻെറ വ്യാഖ്യാനങ്ങളിൽ നിഴലിച്ച ലൌകികവിഷയജ്ഞാനം മറെറാരു സംസ്കൃതഗ്രന്ഥത്തിൽനിന്നു കിട്ടുമോ എന്നും സംശയമാണ്.

*

195563
927
32581
MUL
195563

JUIL 1967